# മനുഷ്യാവകാശ സംരക്ഷണം



KERALA STATE HUMAN RIGHTS COMMISSION

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

# മനുഷ്യാവകാശ
# സംരക്ഷണം

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

**Kerala State Human Rights Commission**

**Mr. Justice J.B. Koshy**
*Hon'ble Chairperson*

**Sri. K.E. Gangadharan**
*Hon'ble Member*

**Sri. R. Natarajan**
*Hon'ble Member*

**Chief Editor**

**C.K. Padmakaran**
*Secretery*

**Editor**

**P.M. Binu Kumar**
*Public Relations Officer*

**Postal Address**

KSHRC
Turbo Plus Tover
PMG Junction
Trivandrum - 33

Printed at : C-apt, Tvm. March 2014
(for private circulations only)

## ആമുഖം

എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. പദവിയിലും അവകാശത്തിലും തുല്യത പുലർത്തുന്നു. അവർ ബുദ്ധിയും മനഃസാക്ഷിയും കൊണ്ട് അനുഗ്രഹീതരും പരസ്പര സാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്. മനുഷ്യ ചരിത്രത്തിലെ പുതുയുഗ പിറവിക്ക് തുടക്കമായ സാർവദേശീയ മുഷ്യാവകാശ പ്രഖ്യാപന ത്തിലെ വാക്കുകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമാണ് ഈ പുസ്തകം. മനുഷ്യാവകാശ സംരക്ഷണ നിയമങ്ങൾ സാധാര ണക്കാർക്ക് പ്രയോജനപ്രദമാകുമെന്ന പ്രതീക്ഷയോടെ പുസ്തകം സമർപ്പിക്കുന്നു.

**ജസ്റ്റിസ് ജെ.ബി. കോശി**
**ചെയർപേഴ്സൺ**
**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ**

# സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനം

ഐക്യരാഷ്ട്രസഭയുടെ പൊതുസഭയുടെ 1948 ഡിസംബർ 10-ാം തീയതിയിലെ 217 എ (iii)-ാം പ്രമേയത്തിലൂടെ സ്വീകരിച്ചു വിളംബരപ്പെടുത്തിയത്.

സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനം ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ സ്വീകരിച്ച് വിളംബരപ്പെടുത്തിയത് 1948 ഡിസംബർ 10-ാം തീയതിയാണ്. ചരിത്രപ്രധാനമായ ഈ പ്രവൃത്തിക്കുശേഷം പൊതുസഭ എല്ലാ അംഗരാജ്യങ്ങളോടും പ്രഖ്യാപനത്തിന്റെ പകർപ്പ് പ്രസിദ്ധപ്പെടുത്താൻ ആവശ്യപ്പെടുകയും അത് രാജ്യങ്ങളുടെയോ പ്രദേശങ്ങളുടെയോ രാഷ്ട്രീയമായ സ്ഥിതിഗതിക്കനുസരിച്ച് ഉള്ള വ്യത്യാസം കൂടാതെ പ്രസാരണം ചെയ്യപ്പെടുന്നതിനും വായിക്കപ്പെടുന്നതിനും വ്യാഖ്യാനിക്കപ്പെടുന്നതിനും, പ്രത്യേകിച്ച് സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും, അവസരം ഉണ്ടാക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുകയുണ്ടായി.

**ആമുഖം** : മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ജന്മസിദ്ധമായ അന്തസ്സിന്റെയും തുല്യവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശങ്ങളുടെയും അംഗീകാരം സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും ലോകസമാധാനത്തിന്റെയും അടിസ്ഥാനമായതിനാലും;

മനുഷ്യാവകാശങ്ങളുടെ നേർക്കുള്ള അനാദരവും അവഗണനയും മനുഷ്യവർഗത്തിന്റെ മനഃസാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള കിരാതപ്രവൃത്തികളിലേക്ക് നയിച്ചിട്ടുള്ളതിനാലും അഭിപ്രായസ്വാതന്ത്ര്യത്തിനും വിശ്വാസത്തിനും ഉള്ള സ്വാതന്ത്ര്യവും ഭീതിയിൽ നിന്നും ഇല്ലായ്മയിൽ നിന്നും മോചനവും ഉള്ള ഒരു ലോകത്തിന്റെ ഉദയം സാധാരണ മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹമായി പ്രഖ്യാപിച്ചിട്ടുള്ളതിനാലും;

സ്വേച്ഛാധിപത്യത്തിനും പീഡനത്തിനുമെതിരെയുള്ള അവസാനശ്രമമെന്ന നിലയിൽ വിപ്ലവത്തിലേക്ക് മനുഷ്യനെ തള്ളിവിടാതെയിരിക്കണമെങ്കിൽ നിയമവാഴ്ചയിലൂടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നതിനാലും;

രാജ്യങ്ങൾ തമ്മിലുള്ള സുഹൃത്ബന്ധ വികസനം പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നതിനാലും;

ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങൾ മൗലിക മനുഷ്യാവകാശങ്ങളിലും മനുഷ്യരിലെ അന്തസ്സിലും മൂല്യത്തിലും പുരുഷന്റെയും സ്ത്രീയുടെയും തുല്യാവകാശങ്ങളിലും ചാർട്ടറിലൂടെ അവരുടെ വിശ്വാസം ആവർത്തിച്ചു സ്ഥിതീകരിച്ചിട്ടുള്ളതിനാലും വിശാലമായ സ്വാതന്ത്ര്യത്തിലൂടെ സാമൂഹ്യ ഉന്നമനവും ഉയർന്ന ജീവിതനിലവാരവും അഭിവൃദ്ധിപ്പെടുത്തുന്നതിനും നിശ്ചയിച്ചിട്ടുള്ളതിനാലും;

മനുഷ്യാവകാശവും മൗലിക സ്വാതന്ത്ര്യവും നിലനിറുത്തുന്നതിന് വേണ്ടി സാർവലൗകികമായ ആദരവ് നേടിയെടുക്കുന്നതിന് ഐക്യരാഷ്ട്രസഭയുമായി സഹകരിച്ച് പ്രവൃത്തിക്കുമെന്ന് അംഗരാഷ്ട്രങ്ങൾ പ്രതിജ്ഞ എടുത്തിട്ടുള്ളതിനാലും;

ഈ പ്രതിജ്ഞ പൂർണമായി നിറവേറ്റുന്നതിന് പൗരാവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും കുറിച്ച് പൊതുവായ ഒരു ധാരണ ഉണ്ടായിരിക്കേണ്ടത് ഏറ്റവും പ്രധാനമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ:-

പൊതുസഭ വിളംബരപ്പെടുത്തുന്നു:

എല്ലാ ജനങ്ങളുടെയും എല്ലാ രാഷ്ട്രങ്ങളുടെയും പൊതുവായി ആർജിച്ച വ്യവസ്ഥയായി ഈ സാർവലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തെ വിളംബരപ്പെടുത്തുന്നു; ഈ പ്രഖ്യാപനത്തെ എപ്പോഴും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് എല്ലാ വ്യക്തികളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും അധ്യാപനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ഈ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും സംബന്ധിച്ച് ആദരവ് നേടിയെടുക്കുന്നതിന് പ്രയത്നിക്കേണ്ടതും ദേശീയവും അന്തർദേശീയവുമായ പുരോഗമന പ്രവൃത്തികളിലൂടെ അംഗരാഷ്ട്രങ്ങളിലെ ജനങ്ങൾക്കിടയിലും അവരുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിലും സാർവലൗകികവും ഫലപ്രദവുമായ അംഗീകാരവും ആചാരവും നേടി എടുക്കുന്നതിനായി പ്രവർത്തിക്കേണ്ടതുമാണ്.

**അനുച്ഛേദം 1**

എല്ലാ മനുഷ്യരും അന്തസ്സിലും അവകാശങ്ങളിലും തുല്യരായാണ് ജനിക്കുന്നത്. അവരിൽ വിവേചനശക്തി, സദ്വിചാര ശക്തി എന്നിവ നൽകപ്പെടുകയും അവർ പരസ്പരം സാഹോദര്യഭാവത്തോടെ പെരുമാറേണ്ടതുമാണ്.

**അനുച്ഛേദം 2**

വർഗം, നിറം, ആണോ പെണ്ണോ എന്നത്, ഭാഷ, മതം, രാഷ്ട്രീയമോ അല്ലാത്തതോ ആയ അഭിപ്രായം, ദേശീയമോ സാമൂഹികമോ ആയ ഉൽപ്പത്തി സ്ഥാനം, സ്വത്ത്, ജനനം അല്ലെങ്കിൽ മറ്റ് പദവി തുടങ്ങിയ യാതൊരുവിധ വ്യത്യാസവും കൂടാതെ എല്ലാവർക്കും ഈ പ്രഖ്യാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, ഒരു വ്യക്തിയോട്, അയാൾ അംഗമായിരിക്കുന്ന രാഷ്ട്രത്തിന്റെയോ പ്രദേശത്തിന്റെയോ, അത് സ്വതന്ത്രമോ, ട്രസ്റ്റോ, സ്വയംഭരണാവകാശം ഇല്ലാത്തതോ, പരമാധികാരം മറ്റേതെങ്കിലും നിയന്ത്രണങ്ങൾക്ക് വിധേയമായതോ ആയിക്കൊള്ളട്ടെ, രാഷ്ട്രീയമോ അധികാരപരിധി സംബന്ധമായതോ അല്ലെങ്കിൽ അന്തർദേശീയ നിലവാരത്തിന്റെയോ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും കാണിക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 3**

എല്ലാവർക്കും ജീവിക്കാനും വ്യക്തിസ്വാതന്ത്ര്യത്തിനും സുരക്ഷയ്ക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 4**

യാതൊരാളെയും അടിമത്തത്തിനും നിർബന്ധിത സേവനത്തിനും വിധേയമാക്കാൻ പാടുള്ളതല്ല; അടിമത്തവും അടിമവ്യാപാരവും അവയുടെ എല്ലാ രൂപത്തിലും നിരോധിക്കേണ്ടതാണ്.

**അനുച്ഛേദം 5**

യാതൊരാളെയും മർദനത്തിനോ അല്ലെങ്കിൽ ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റത്തിനോ ശിക്ഷക്കോ വിധേയനാക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 6**

നിയമത്തിന്റെ മുമ്പാകെ ഒരു വ്യക്തിയായി അംഗീകാരം ലഭിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്.

**അനുച്ഛേദം 7**

നിയമത്തിന്റെ മുമ്പാകെ എല്ലാവരും തുല്യരും യാതൊരു വിവേചനവും കൂടാതെ തുല്യമായ നിയമസംരക്ഷണം ലഭിക്കാൻ അർഹതയുള്ളവരുമായിരിക്കും.

ഈ പ്രഖ്യാപനത്തിനു വിരുദ്ധമായ ഏതെങ്കിലും വിവേചനത്തിനെതിരെയും അപ്ര കാരമുള്ള വിവേചനത്തിനു കാരണമാകാവുന്ന ഉദ്ദീപനത്തിനെതിരെയും എല്ലാവർക്കും തുല്യസംരക്ഷണത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 8**

ഭരണഘടന മുഖേനയോ അല്ലെങ്കിൽ നിയമപ്രകാരമോ ലഭ്യമായിട്ടുള്ള മൗലി കാവകാശങ്ങളുടെ ലംഘനത്തിന്മേൽ ക്ഷമതയുള്ള ദേശീയ ട്രിബ്യൂണലുകൾ മുഖേന യുള്ള ഫലപ്രദമായ പരിഹാരത്തിന് ഏതൊരാൾക്കും അർഹത ഉണ്ടായിരിക്കുന്ന താണ്.

**അനുച്ഛേദം 9**

യാതൊരാളെയും സ്വേച്ഛാപരമായ അറസ്റ്റിനോ തടഞ്ഞുവെക്കലിനോ അല്ലെങ്കിൽ നാടുകടത്തലിനോ വിധേയമാക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 10**

ഏതൊരാൾക്കും അയാളുടെ അവകാശങ്ങളും കടമകളും അല്ലെങ്കിൽ അയാൾക്ക് എതിരെയുള്ള ഏതെങ്കിലും ക്രിമിനൽ കുറ്റപത്രവും തീരുമാനിക്കുന്നതിന് സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു ട്രിബ്യൂണലിന്റെ നീതിപൂർവമായ പൊതു ഹിയറിങ്ങിന് എല്ലാവിധത്തിലും തുല്യമായ അർഹത ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 11**

(1) ശിക്ഷാർഹമായ ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെട്ട ഏതൊരാളും അയാൾക്ക് അയാളുടെ പ്രതിവാദത്തിന് ആവശ്യമായ എല്ലാ ഉറപ്പുകളും നൽകിയിട്ടുള്ള ഒരു പൊതുവായ. വിചാരണയിലൂടെ നിയമാനുസരണം അയാൾ കുറ്റക്കാര നാണെന്ന് തെളിയിക്കപ്പെടുന്നതുവരെ നിർദോഷിയാണെന്ന് കരുതപ്പെടുന്ന തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) യാതൊരാളും ഒരു പ്രവൃത്തി ചെയ്തുകൊണ്ടോ ചെയ്യാതിരുന്നതുകൊണ്ടോ ശിക്ഷാർഹമായ ഒരു കുറ്റം അത് ചെയ്ത സമയത്ത് ദേശീയമോ അന്തർദേ ശീയമോ ആയ നിയമപ്രകാരം ഒരു ശിക്ഷാർഹമായ കുറ്റം അല്ലാതിരിക്കുക യാണെങ്കിൽ കുറ്റക്കാരനായി കണക്കാക്കപ്പെടുന്നതല്ല.

**അനുച്ഛേദം 12**

യാതൊരാളെയും അയാളുടെ സ്വകാര്യതയിലേക്കോ, കുടുംബത്തിലേക്കോ,

ഭവനത്തിലേക്കോ അഥവാ കത്തിടപാടുകളിലേക്കോ സ്വച്ഛാപരമായ ഇടപെടലുകൾക്ക് വിധേയനാക്കാനോ അയാളുടെ സൽപ്പേരിന്മേലോ മതിപ്പിന്മേലോ ആക്രമണം നടത്തുവാനോ പാടുള്ളതല്ല. അപ്രകാരമുള്ള ഇടപെടലുകൾക്കും അക്രമങ്ങൾക്കും എതിരെ നിയമത്തിന്റെ പരിരക്ഷ ലഭിക്കാൻ ഏതൊരാൾക്കും അവകാശമുണ്ട്.

**അനുച്ഛേദം 13**

1. ഏതൊരാൾക്കും അയാളുടെ രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ സഞ്ചരിക്കാനും താമസിക്കാനും അവകാശമുണ്ട്.

2. ഏതൊരാൾക്കും സ്വന്തം രാജ്യത്തു നിന്നുൾപ്പെടെ ഏതൊരു രാജ്യത്തുനിന്നും പുറത്തേക്ക് പോകാനും സ്വന്തം രാജ്യത്തിലേക്ക് മടങ്ങിവരാനും അവകാശമുണ്ട്.

**അനുച്ഛേദം 14**

1. ഏതൊരാൾക്കും പീഡനത്തിൽനിന്നും മറ്റ് രാജ്യങ്ങളിൽ അഭയം അഭ്യർത്ഥിക്കാനും അനുഭവിക്കാനും അവകാശമുണ്ടായിരിക്കും.

2. ഈ അവകാശത്തെ ഐക്യരാഷ്ട്രസംഘടനയുടെ ഉദ്ദേശങ്ങൾക്കും തത്വങ്ങൾക്കും വിപരീതമായ പ്രവൃത്തികളുടെയോ രാഷ്ട്രീയേതരമായ കുറ്റങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന യഥാർത്ഥമായ ശിക്ഷാനടപടികളുടെയോ സംഗതിയിൽ ആശ്രയിക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 15**

1. ഏതൊരാൾക്കും ഒരു ദേശീയതത്വത്തിന് അവകാശമുണ്ട്.

2. യാതൊരാളുടെയും ദേശീയത്വം സ്വേച്ഛാപരമായി നഷ്ടപ്പെടുത്തുകയോ അയാളുടെ ദേശീയത്വം മാറ്റുന്നതിനുള്ള അവകാശം നിഷേധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

**അനുച്ഛേദം 16**

1. പ്രായപൂർത്തിയായ പുരുഷനും സ്ത്രീക്കും അവരുടെ വർഗം, ദേശീയത അല്ലെങ്കിൽ മതം ഇവ മൂലമുള്ള യാതൊരു പരിമിതിയും കൂടാതെ വിവാഹം കഴിക്കാനും കുടുംബം സ്ഥാപിക്കാനും അവകാശമുണ്ടായിരിക്കുന്നതാണ്.

2. വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന ഭർത്താവിന്റെയും ഭാര്യയുടെയും സ്വാതന്ത്ര്യവും പൂർണവുമായ സമ്മതത്തോടുകൂടി മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാൻ പാടുള്ളൂ.

3. കുടുംബം എന്നത് സമൂഹത്തിലെ സ്വാഭാവികവും അടിസ്ഥാനപരവുമായ സംഘം/യൂണിറ്റ് ആയിരിക്കുന്നതും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സംരക്ഷണത്തിന് അർഹമായിരിക്കുന്നതുമാണ്.

**അനുച്ഛേദം 17**

1. ഏതൊരാൾക്കും തനിച്ചോ അതുപോലെതന്നെ മറ്റുള്ളവരുമായി ചേർന്നോ വസ്തുക്കൾ ആർജിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

2. യാതൊരാളുടെയും വസ്തുക്കൾ സ്വേച്ഛാപരമായി ഇല്ലാതാക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 18**

ഏതൊരാൾക്കും ചിന്തായ്ക്കും മനഃസക്ഷിക്കും മതത്തിനുമുള്ള മതസ്വാതന്ത്ര്യത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്; ഈ അവകാശത്തിൽ അയാളുടെ മതമോ വിശ്വാസമോ മാറുന്നതിനും, അയാളുടെ മതമോ വിശ്വാസസിദ്ധാന്തമോ അധ്യാപനത്തിലൂടെയോ പ്രവൃത്തിയിലൂടെയോ ആരാധനയിലൂടെയോ പാലനത്തിലൂടെയോ ഏകനായോ മറ്റുള്ളവരുമായി ചേർന്നുള്ള സംഘമായോ പ്രദർശിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നതാണ്.

**അനുച്ഛേദം 19**

ഏതൊരാൾക്കും അഭിപ്രായത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്; ഈ അവകാശത്തിൽ ബാഹ്യ ഇടപെടൽ കൂടാതെ അഭിപ്രായം വച്ചു പുലർത്താനും അതിർത്തികളെ അവഗണിച്ചുകൊണ്ട് ഏതൊരു മാധ്യമത്തിലൂടെയും അറിവും ആശയവും തേടാനും ആർജിക്കാനും നൽകാനും ഉള്ള സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നതാണ്.

**അനുച്ഛേദം 20**

1. ഏതൊരാൾക്കും സമാധാനപരമായി സമ്മേളിക്കുവാനും സംഘം ചേരാനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

2. യാതൊരാളെയും ഒരു സമാജത്തിന്റെ ഭാഗമാകാൻ നിർബന്ധിക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 21**

1. ഏതൊരാൾക്കും നേരിട്ടോ അല്ലെങ്കിൽ സ്വതന്ത്രമായി തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾവഴിയോ അയാളുടെ രാഷ്ട്രത്തിന്റെ ഭരണത്തിൽ പങ്കാളിയാകാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

2. ഏതൊരാൾക്കും അയാളുടെ രാഷ്ട്രത്തിന്റെ പബ്ലിക് സർവീസിൽ പ്രവേശന തുല്യതയ്ക്കുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. സർക്കാരിന്റെ അധികാരികതയുടെ അടിസ്ഥാനം ജനങ്ങളുടെ ഇച്ഛ ആയിരിക്കേണ്ടതാണ്; ഈ ഇച്ഛ സാർവത്രികമായ തുല്യ വോട്ടവകാശത്തോടുകൂടി നടത്തുന്ന രഹസ്യ വോട്ടെടുപ്പിലൂടെയോ അല്ലെങ്കിൽ തത്തുല്യമായ സ്വതന്ത്രമായ വോട്ടിങ് നടപടിക്രമങ്ങളിലൂടെയോ കാലാകാലങ്ങളിൽ നടത്തുന്ന യഥാർത്ഥ തെരഞ്ഞെടുപ്പുകളിലൂടെ പ്രകടമാക്കേണ്ടതാണ്.

**അനുച്ഛേദം 22**

ഏതൊരാൾക്കും സമൂഹത്തിലെ ഒരു അംഗമെന്നനിലയിൽ സാമൂഹികസുരക്ഷയ്ക്ക് അവകാശമുണ്ടായിരിക്കുന്നതും അയാളുടെ അന്തസ്സിനും സ്വതന്ത്രമായ വ്യക്തിത്വ വികസനത്തിനും ഒഴിച്ചു കൂടാനാവാത്ത സാമ്പത്തികവും, സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ ദേശീയ ശ്രമത്തിലൂടെയും അന്തർദേശീയ സഹകരണത്തിലൂടെയും രാഷ്ട്രത്തിന്റെ സംഘടനത്തിലൂടെയും വിഭവങ്ങളിലൂടെയും നേടിയെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതുമാണ്.

**അനുച്ഛേദം 23**

1. ഏതൊരാൾക്കും തൊഴിൽ ചെയ്യുന്നതിനും, തൊഴിൽ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും ജോലിചെയ്യുന്നതിനാവശ്യമായ നീതിയുക്തവും അനുകൂലവുമായ അവസരങ്ങൾക്കും തൊഴിലില്ലായ്മയ്ക്കെതിരെയുള്ള സംരക്ഷണത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

2. ഏതൊരാൾക്കും യാതൊരു വിധമായ വിവേചനവും കൂടാതെ തുല്യജോലിക്ക് തുല്യവേതനത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

3. തൊഴിലെടുക്കുന്ന ഏതൊരാളിനും അയാൾക്കും അയാളുടെ കുടുംബത്തിനും മനുഷ്യന്റെ അന്തസ്സിന് യോജിച്ച രീതിയിൽ കഴിഞ്ഞുകൂടാനാവശ്യമായ നീതി യുക്തവും അനുകൂലവുമായ വേതനത്തിനും ആവശ്യമെങ്കിൽ മറ്റ് വിധത്തി ലുള്ള സാമൂഹിക സുരക്ഷിത നടപടികൾ അനുബന്ധം ചെയ്യപ്പെടാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. ഏതൊരാൾക്കും തൊഴിലാളി യൂണിയനുകൾ രൂപീകരിക്കുവാനും അതിൽ അംഗമാകുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 24**

ഏതൊരാൾക്കും ന്യായയുക്തമായ പരിമിതിയോടുകൂടിയ ജോലിസമയത്തിനും വേതനത്തോടുകൂടിയുള്ള കാലാകാലങ്ങളിലെ അവധിയും ഉൾപ്പെടെ വിശ്രമത്തിനും ഒഴിവിനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 25**

1. ഏതൊരാൾക്കും ആഹാരം, വസ്ത്രം, വാസസ്ഥലം, വൈദ്യസഹായം, ആവശ്യമായ സാമൂഹികസേവനം എന്നിവ ഉൾപ്പെടെ അയാളുടെയും അയാളുടെ കുടുംബത്തിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനും ആവ ശ്യമായ ജീവിതനിലവാരത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്; തൊഴി ലില്ലായ്മ, രോഗം, അവശത, വൈധവ്യം, വാർധക്യകാല അല്ലെങ്കിൽ അയാ ളുടെ നിയന്ത്രണത്തിന് അതീതമായ സാഹചര്യങ്ങളിൽ ഉപജീവനമാർഗം ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ സുരക്ഷിതത്വത്തിനും അവ കാശമുണ്ടായിരിക്കുന്നതാണ്.

2. മാതൃത്വവും ശൈശവവും പ്രത്യേക ശ്രദ്ധക്കും സഹായത്തിനും അർഹത പ്പെട്ടിരിക്കുന്നു. എല്ലാ ശിശുക്കൾക്കും അവർ ജനിച്ചത് ദാമ്പത്യത്തിലൂടെ ആയാലും അല്ലെങ്കിലും ഒരേ തരത്തിലുള്ള സാമൂഹിക സംരക്ഷണം അനുഭ വിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 26**

1. ഏതൊരാൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. വിദ്യാഭ്യാസം കുറഞ്ഞത് പ്രാഥമികവും അടിസ്ഥാനപരവുമായ ഘട്ടങ്ങളി ലെങ്കിലും സൗജന്യമായിരിക്കേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസം നിർബ ന്ധിതമായിരിക്കേണ്ടതാണ്. സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസം

എല്ലാവർക്കും പൊതുവായി ലഭ്യമാക്കേണ്ടതും ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരേപോലെ പ്രാപ്യമാക്കേണ്ടതുമാണ്.

2. മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണ വികസനത്തിനും മനുഷ്യാവകാശങ്ങളോടും മൗലികസ്വാതന്ത്ര്യങ്ങളോടും ആദരം ശക്തിപ്പെടുത്തുന്നതിനും വേണ്ടി വിദ്യാഭ്യാസത്തെ നയിക്കേണ്ടതാണ്. അത് പരസ്പരധാരണയും എല്ലാ രാഷ്ട്രങ്ങളോടും വർഗപരവും മതപരവുമായ സംഘങ്ങളോടും സഹിഷ്ണുതയും സൗഹൃദവും അഭിവൃദ്ധിപ്പെടുത്തേണ്ടതും സമാധാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

3. മാതാപിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് നൽകേണ്ട വിദ്യാഭ്യാസത്തിന്റെ രീതി തെരഞ്ഞെടുക്കുന്നതിന് പ്രഥമമായ അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 27**

1. ഏതൊരാൾക്കും സമുദായത്തിന്റെ സാംസ്കാരികജീവിതത്തിൽ സ്വതന്ത്രമായി പങ്കെടുക്കാനും കല ആസ്വദിക്കുന്നതിനും ശാസ്ത്രീയമായ ഉന്നമനത്തിലും അതിന്റെ ഗുണങ്ങളിലും പങ്കാളിയാകുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

2. ഏതൊരാൾക്കും അയാൾ കർത്താവായ ശാസ്ത്രീയമോ സാഹിത്യമോ കലാപരമോ ആയ സൃഷ്ടിയുടെ ഫലമായി ഉണ്ടാകാവുന്ന ഗുണപരവും ഭൗതികവുമായ അവകാശത്തിന്റെ സംരക്ഷണത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 28**

ഈ പ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും പൂർണമായും അനുഭവവേദ്യമാക്കുന്ന ഒരു സാമൂഹികവും അന്തർദേശീയവുമായ വ്യവസ്ഥയ്ക്ക് ഏതൊരാളും അർഹനായിരിക്കുന്നതാണ്.

**അനുച്ഛേദം 29**

1. ഏതൊരാൾക്കും അയാളുടെ വ്യക്തിത്വം സ്വതന്ത്രമായും പൂർണമായും വികസനം സാധ്യമാക്കുന്ന സമൂഹത്തിനോട് കർത്തവ്യങ്ങളുണ്ട്.

2. ഏതൊരാളും അയാളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിനിയോഗിക്കുമ്പോൾ, മറ്റുള്ളവരുടെ അവകാശങ്ങളോടും സ്വാതന്ത്ര്യങ്ങളോടും മതിയായ അംഗീകാരവും ബഹുമാനവും ഉറപ്പുവരുത്തുന്നതിനും ഒരു ജനാധിപത്യസമൂഹത്തിൽ അനുവർത്തിക്കേണ്ട സാന്മാർഗികതക്കും ക്രമസമാധാനത്തിനും പൊതുനന്മയ്ക്കും ആവശ്യമായതും ആയ നിയമപ്രകാരം നിർണയിച്ചിട്ടുള്ള നിയന്ത്രണങ്ങൾക്ക് മാത്രം വിധേയനായിരിക്കുന്നതാണ്.

3. ഈ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഐക്യരാഷ്ട്രസഭയുടെ ഉദ്ദേശങ്ങൾക്കും തത്വങ്ങൾക്കും വിരുദ്ധമായി യാതൊരു കാരണവശാലും വിനിയോഗിക്കുവാൻ പാടുള്ളതല്ല.

**അനുച്ഛേദം 30**

ഈ പ്രഖ്യാപനത്തിലെ യാതൊന്നും തന്നെ ഏതെങ്കിലും രാഷ്ട്രത്തിനോ സംഘത്തിനോ അഥവാ വ്യക്തിക്കോ ഇതിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും അവകാശത്തിനെയോ സ്വാതന്ത്ര്യത്തെയോ ഹനിക്കുന്ന തരത്തിൽ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതരത്തിൽ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

# മനുഷ്യാവകാശ സംരക്ഷണ ആക്റ്റ്, 1993

(1994-ലെ 10-ാം നമ്പർ ആക്റ്റ്)

മെച്ചപ്പെട്ട മനുഷ്യാവകാശ സംരക്ഷണത്തിന് വേണ്ടി ഒരു ദേശീയ മനുഷ്യാവകാശകമ്മീഷനും സംസ്ഥാനങ്ങളിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും മനുഷ്യാവകാശ കോടതികളും രൂപീകരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗിക മായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:-

## അദ്ധ്യായം I

## പ്രാരംഭികം

**1.** (1) ഈ ആക്റ്റിന് മനുഷ്യാവകാശസംരക്ഷണ ആക്റ്റ്, 1993 എന്ന് പേര് പറയാവുന്നതാണ്. ചുരുക്ക പേരും വ്യാപ്തിയും പ്രാരംഭവും

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

എന്നാൽ ഇത് ജമ്മു-കാശ്മീർ സംസ്ഥാനത്ത് ആ സംസ്ഥാന ത്തിന് ബാധകമായ പ്രകാരമുള്ള ഭരണഘടനയുടെ ഏഴാം പട്ടികയിലെ 1-ാം ലിസ്റ്റിലോ 111-ാം ലിസ്റ്റിലോ എണ്ണിപ്പറ ഞ്ഞിട്ടുള്ള ഏതെങ്കിലും ഉൾക്കുറിപ്പുകളുമായി ബന്ധപ്പെടു ത്താവുന്ന വിഷയങ്ങളെ സംബന്ധിക്കുന്നിടത്തോളം മാത്രം ബാധകമായിരിക്കുന്നതാണ്.

(3) ഇത്, 1993 സെപ്റ്റംബർ 28-ാം തീയതി പ്രാബല്യത്തിൽ വന്ന തായി കരുതപ്പെടേണ്ടതാണ്.

2. (1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം – നിർവ്വചനങ്ങ

(ക) "സായുധസേനകൾ" എന്നാൽ നാവിക-കര-വ്യോമസേനകൾ എന്നർത്ഥമാകുന്നതും അതിൽ യൂണിയന്റെ മറ്റേതെങ്കിലും സായുധസേനകളും ഉൾപ്പെടുന്നതുമാകുന്നു;

(ഖ) "ചെയർപേഴ്സൺ" എന്നാൽ കമ്മീഷന്റേയോ അതതു സംഗതിപോലെ, സംസ്ഥാന കമ്മീഷന്റെയോ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഘ) "മനുഷ്യാവകാശങ്ങൾ" എന്നാൽ ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ളതോ അന്താരാഷ്ട്ര ഉടമ്പടികളിൽ ചേർത്തിട്ടുള്ളതോ ആയതും ഭാരതത്തിലെ കോടതികൾക്ക് നടപ്പാക്കാവുന്നതുമായ വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യവും സമത്വവും അന്തസ്സും സംബന്ധിച്ച അവകാശങ്ങൾ എന്നർത്ഥമാകുന്നു;

(ങ) "മനുഷ്യാവകാശകോടതി" എന്നാൽ 30-ാം വകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള മനുഷ്യാവകാശകോടതി എന്നർത്ഥമാകുന്നു;

[1][(ച) "അന്താരാഷ്ട്ര ഉടമ്പടികൾ" എന്നാൽ 1966 ഡിസംബർ 16-ാം തീയതി ഐക്യരാഷ്ട്ര പൊതുസഭ സ്വീകരിച്ച പൗരാവകാശത്തിൻമേലും രാഷ്ട്രീയാവകാശങ്ങളിന്മേലുമുള്ള അന്താരാഷ്ട്ര ഉടമ്പടിയും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങളിന്മേലുള്ള അന്താരാഷ്ട്ര ഉടമ്പടിയും കേന്ദ്രസർക്കാർ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന, ഐക്യരാഷ്ട്ര പൊതുസഭ സ്വീകരിച്ച അങ്ങനെയുള്ള മറ്റ് ഉടമ്പടിയും അല്ലെങ്കിൽ കൺവെൻഷനും എന്നർത്ഥമാകുന്നു;]

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം) നമ്പർ പ്രകാരം പകരം ചേർത്തത്.

[1][(ഛ)"അംഗം" എന്നാൽ കമ്മീഷന്റെയോ, അതതു സംഗതിപോലെ, സംസ്ഥാന കമ്മീഷന്റെയോ ഒരു അംഗം എന്നർത്ഥമാകുന്നു;]

(ജ) "ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷൻ" എന്നാൽ ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1992-ന്റെ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു. 1992-ലെ 19

[2][(ഝ)"പട്ടികജാതികൾക്കു വേണ്ടിയുള്ള ദേശീയകമ്മീഷൻ" എന്നാൽ ഭരണഘടനയുടെ 338-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള പട്ടികജാതികൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു;]

[3][(ഝക)"പട്ടികഗോത്രവർഗ്ഗങ്ങൾക്കു വേണ്ടിയുള്ള ദേശീയകമ്മീഷൻ" എന്നാൽ ഭരണഘടനയുടെ 338-ാം ക അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള പട്ടികഗോത്രവർഗ്ഗങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു;]

(ഞ) "ദേശീയ വനിത കമ്മീഷൻ എന്നാൽ ദേശീയ വനിതാ കമ്മീഷൻ ആക്റ്റ്, 1990-ന്റെ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട വനിതകൾക്കു വേണ്ടിയുള്ള ദേശീയ വനിതാ കമ്മീഷൻ എന്നർത്ഥമാകുന്നു; 1990-ലെ 20

(ട) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഠ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡ) "പബ്ലിക്സർവന്റ്" എന്നതിന് ഇൻഡ്യൻ ശിക്ഷാനിയമസംഹിതയുടെ 21-ാം വകുപ്പിൻ കീഴിൽ അതിന് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്. 1860-ലെ 45

---

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്
2. മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരം പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരം പകരം ചേർത്തത്

(ഢ) "സംസ്ഥാന കമ്മീഷൻ" എന്നാൽ 21-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നർത്ഥമാകുന്നു;

(2) ജമ്മു-കാശ്മീർ സംസ്ഥാനത്ത് പ്രാബല്യത്തിലില്ലാത്ത ഒരു നിയമം സംബന്ധിച്ചുള്ള ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശം, ആ സംസ്ഥാനത്തെ സംബന്ധിച്ച് ആ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള ഒരു തൽസ്ഥാനീയനിയമം ഏതെങ്കിലുമുണ്ടെങ്കിൽ അതിന്റെ പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

## അദ്ധ്യായം II

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

**3.** (1) കേന്ദ്രസർക്കാർ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു സമിതി , ഈ ആക്റ്റിൻ കീഴിൽ അതിനു നൽകിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, രൂപീകരിക്കേണ്ടതാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം

(2) കമ്മീഷൻ-

(ക) സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റിസ് ആയിരുന്ന ഒരാൾ ചെയർപേഴ്സൺ;

(ഖ) സുപ്രീംകോടതിയിൽ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാൾ ഒരു അംഗം;

(ഗ) ഒരു ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാൾ ഒരു അംഗം.

(ഘ) മനുഷ്യാവകാശങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ അറിവോ പ്രയോഗിക പരിജ്ഞാനമോ ഉള്ള ആളുകളിൽ നിന്നും നിയമിക്കപ്പെടുന്ന രണ്ട് അംഗങ്ങൾ എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.

(3) 12-ാം വകുപ്പ് (ഖ) മുതൽ (ഞ) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്ക് ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷന്റെയും [1][പട്ടികജാതികൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെയും പട്ടികഗ്രോത്രവർഗ്ഗങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെയും] ദേശീയ വനിതാകമ്മീഷന്റെയും ചെയർപേഴ്സൺമാർ കമ്മീഷന്റെ അംഗങ്ങളായി കരുതപ്പെടുന്നതാണ്

(4) കമ്മീഷന് ഒരു സെക്രട്ടറി ജനറൽ ഉണ്ടായിരിക്കുന്നതും അദ്ദേഹം കമ്മീഷന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതും [2][കമ്മീഷനോ, അതതുസംഗതിപോലെ, ചെയർപേഴ്സണോ, അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കാവുന്ന (നീതിന്യായ ചുമതലകളും 40ഖ വകുപ്പു പ്രകാരം റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരവും ഒഴികെ)] കമ്മീഷന്റെ അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(5) കമ്മീഷന്റെ ആസ്ഥാനം ഡൽഹിയായിരിക്കേണ്ടതും കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ, ഭാരതത്തിലെ മറ്റ് സ്ഥലങ്ങളിൽ കമ്മീഷൻ ആഫീസുകൾ സ്ഥാപിക്കാവുന്നതുമാണ്.

**ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും നിയമനം**

**4.** (1)ചെയർപേഴ്സണെയും [3][അംഗങ്ങളെയും] രാഷ്ട്രപതി അദ്ദേഹത്തിന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി നിയമിക്കേണ്ടതാണ്.

എന്നാൽ ഈ ഉപവകുപ്പിൻ കീഴിലുള്ള ഓരോ നിയമനവും,—

(ക) പ്രധാനമന്ത്രി-ചെയർപേഴ്സൺ;

(ഖ) ലോകസഭ സ്പീക്കർ - അംഗം;

(ഗ) ഭാരതസർക്കാരിന്റെ ആഭ്യന്തരമന്ത്രാലയത്തിന്റെ ചുമതല വഹിക്കുന്ന മന്ത്രി-അംഗം;

---

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.
2, 3 മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(ഘ) ലോകസഭയിലെ പ്രതിപക്ഷ നേതാവ് – അംഗം;

(ങ) രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് – അംഗം;

(ച) രാജ്യസഭയുടെ ഉപാദ്ധ്യക്ഷൻ അംഗം,

എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചതിനുശേഷം നടത്തേണ്ടതാണ്;

എന്നുമാത്രമല്ല സുപ്രീം കോടതിയിലെ യാതൊരു ഉപവേശിക്കുന്ന ജഡ്ജിയെയോ ഒരു ഹൈക്കോടതിയിലെ ഉപവേശിക്കുന്ന ചീഫ് ജസ്റ്റിസിനെയോ ഭാരതത്തിലെ ചീഫ് ജസ്റ്റിസിനോട് കൂടിയാലോചിച്ചശേഷമല്ലാതെ നിയമിക്കുവാൻ പാടുള്ളതല്ല.

(2) ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ യാതൊരു നിയമനവും [1][(1)-ാം ഉപവകുപ്പിന്റെ ഒന്നാം പരിമിതിവ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ള കമ്മിറ്റിയിൽ ഏതെങ്കിലും അംഗത്തിന്റെ ഒഴിവ് ഉണ്ടെന്ന] കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും രാജിയും നീക്കം ചെയ്യലും

[2][5.(1) ചെയർപേഴ്സണ് അല്ലെങ്കിൽ ഏതെങ്കിലും അംഗത്തിന്, ഭാരതത്തിന്റെ രാഷ്ട്രപതിയെ അഭിസംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിലുള്ള ലിഖിതമായ നോട്ടീസ് മുഖേന തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ചെയർപേഴ്സണെയോ അല്ലെങ്കിൽ ഏതെങ്കിലും അംഗത്തെയോ തെളിയിക്കപ്പെട്ട പെരുമാറ്റദൂഷ്യത്തിന്റെയോ കഴിവില്ലായ്മയുടെയോ കാരണത്തിന്മേൽ രാഷ്ട്രപതി സുപ്രീം കോടതിക്ക് റഫർ ചെയ്തതിൻമേൽ, അതിലേയ്ക്കായി നിർണ്ണയിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് സുപ്രീകോടതി അന്വേഷണവിചാരണ നടത്തി, ചെയർപേഴ്സണെയോ, അതതുസംഗതിപോലെ, അംഗത്തെയോ, അങ്ങനെയുള്ള ഏതെങ്കിലും കാരണത്താൽ നീക്കം ചെയ്യേണ്ടതാണെന്ന്

---

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

റിപ്പോർട്ട് ചെയ്തതിനുശേഷം ഭാരതത്തിന്റെ രാഷ്ട്രപതിയുടെ ഉത്തരവു വഴി മാത്രമേ, ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാൻ പാടുള്ളു.

(3) (2) -ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,

(ക) ഒരു നിർദ്ധനനെന്ന് വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഖ) തന്റെ ഉദ്യോഗകാലാവധിക്കുള്ളിൽ തന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾക്ക് പുറമേ വേതനം ലഭിക്കുന്ന ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുകയോ; അല്ലെങ്കിൽ

(ഗ) മാനസികമോ ശാരീരികമോ ആയ ദൗർബല്യം നിമിത്തം ഉദ്യോഗത്തിൽ തുടരുവാൻ അയോഗ്യനാവുകയോ; അല്ലെങ്കിൽ

(ഘ) ചിത്തഭ്രമം ഉള്ളവനായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതിയിൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ങ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ചെയർപേഴ്സണെയോ, അതതു സംഗതിപോലെ ഏതെങ്കിലും അംഗത്തെയോ രാഷ്ട്രപതിക്ക് ഉത്തരവുവഴി ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.]

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധി

[1][6.(1) ചെയർപേഴ്സണായി നിയമിക്കപ്പെട്ട ഒരാൾ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലത്തേയ്ക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് തികയുന്നതുവരെയോ, ഇവയിൽ ഏത് ആദ്യം സംഭവിക്കുന്നുവോ അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

1 മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

(2) ഒരു അംഗമായി നിയമിക്കപ്പെട്ട ഒരാൾ താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതും മറ്റൊരു അഞ്ചുവർഷക്കാലത്തേയ്ക്ക് പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്;

എന്നാൽ യാതൊരംഗവും തനിക്ക് എഴുപത് വയസ്സ് തികഞ്ഞതിനു ശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(3) ഉദ്യോഗം വഹിച്ചുകഴിഞ്ഞതിനുശേഷം ഒരു ചെയർപേഴ്സണോ അല്ലെങ്കിൽ ഒരു അംഗമോ ഭാരത സർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കീഴിൽ വീണ്ടും നിയോജനത്തിന് അർഹനായിരിക്കുന്നതല്ല.]

ചില സാഹചര്യങ്ങളിൽ അംഗം ചെയർപേഴ്സണായി പ്രവർത്തിക്കുകയോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യണമെന്ന്

**7.** (1) ചെയർപേഴ്സന്റെ ഉദ്യോഗത്തിൽ അദ്ദേഹത്തിന്റെ മരണമോ രാജിയോ കാരണമായോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഏതെങ്കിലും ഒഴിവ് സംഭവിക്കുന്ന പക്ഷം അങ്ങനെയുള്ള ഒഴിവ് നികത്തുവാൻ, രാഷ്ട്രപതിക്ക് വിജ്ഞാപനം വഴി ഒരു പുതിയ ചെയർപേഴ്സണെ നിയമിക്കുന്നതുവരെ, അംഗങ്ങളിൽ ഒരാളെ ചെയർപേഴ്സണായി പ്രവർത്തിക്കുവാൻ അധികാരപ്പെടുത്താവുന്നതാണ്.

(2) ചെയർപേഴ്സണ്, അവധിയാലുള്ള അസാന്നിദ്ധ്യത്താലോ മറ്റേതെങ്കിലും കാരണത്താലോ തന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാതെ വരുമ്പോൾ രാഷ്ട്രപതി വിജ്ഞാപനം വഴി ഇതിലേയ്ക്കായി അധീകാരപ്പെടുത്താവുന്ന അങ്ങനെയുള്ള അംഗങ്ങളിൽ ഒരാൾ ചെയ്ർപേഴ്സൺ തന്റെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ ചെയർപേഴ്സന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും സേവന നിബന്ധനകളും ഉപാധികളും

[1][8. ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റു സേവനനിബന്ധനകളും ഉപാധി

1 മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

കളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായി രിക്കേണ്ടതാണ്.

എന്നാൽ ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഒരു അംഗത്തി ന്റെയോ ശമ്പളമോ ബത്തകളോ മറ്റു സേവന നിബന്ധന കളോ ഉപാധികളോ അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടു ള്ളതല്ല].

**ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്**

9. കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം കമ്മീഷന്റെ യാതൊരു പ്രവർത്തിയോ നടപടികളോ ചോദ്യം ചെയ്യുകയോ അസാ ധുവാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

**കമ്മീഷന്റെ നടപടി ക്രമം ക്രമപ്പെടുത്തണമെന്ന്**

**10.** (1) ചെയർപേഴ്സൺ ഉചിതമെന്ന് കരുതുന്ന പ്രകാരം അങ്ങനെ യുള്ള സമയത്തും സ്ഥലത്തും കമ്മീഷൻ യോഗം ചേരേണ്ട താണ്.

[1][(2) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങ ളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, കമ്മീഷന് അതിന്റെ സ്വന്തം നടപടിക്രമം റെഗുലേഷനുകളാൽ പ്രതിപാദിക്കുന്ന തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.]

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും സെക്ര ട്ടറി ജനറലോ ചെയർപേഴ്സൺ ഇതിലേക്കായി യഥാവിധി അധികാരപ്പെടുത്തിയ കമ്മീഷനിലെ മറ്റേതെങ്കിലും ഉദ്യോ ഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

**കമ്മീഷന്റെ ഉദ്യോഗസ്ഥൻമാരും മറ്റു ജീവനക്കാരും**

11. (1) കേന്ദ്രസർക്കാർ—

(ക) ഭാരതസർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോ ഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറി ജനറലായും;

(ഖ) ഒരു പോലീസ് ഡയറക്ടർ ജനറലിന്റെ പദവിയിൽ താഴെയ ല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ അങ്ങനെയുള്ള പോലീ

---

1 മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

സിനെയും അന്വേഷണ ഉദ്യോഗസ്ഥൻമാരെയും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും സ്റ്റാഫിനെയും, കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(2) കേന്ദ്ര സർക്കാർ ഇതിലേയ്ക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, കമ്മീഷന് അത് ആവശ്യമെന്ന് കരുതാവുന്ന, അങ്ങനെയുള്ള മറ്റ് ഭരണപരവും സാങ്കേതികവും ശാസ്ത്രീയവുമായ സ്റ്റാഫിനെ നിയമിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടേയും മറ്റ് സ്റ്റാഫിന്റെയും ശമ്പളവും ബത്തകളും സേവനോപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

കമ്മീഷന്റെ ചുമതലകൾ

12. കമ്മീഷൻ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്. അതായത്:-

(ക) (i) മനുഷ്യാവകാശങ്ങളുടെ ലംഘനമോ അതിനുള്ള പ്രേരണയോ നടന്നുവെന്നോ; അഥവാ

(ii)അങ്ങനെയുള്ള ലംഘനം തടയുന്നതിൽ ഒരു പബ്ലിക്ക് സർവന്റ് ഉപേക്ഷകാണിച്ചുവെന്നോ,

ഉള്ള പരാതിയിൽ, സ്വമേധയായോ ഒരു പീഡിതനാലോ അയാൾക്കു വേണ്ടി ഏതെങ്കിലും വ്യക്തിയാലോ അതിനു സമർപ്പിച്ച ഒരു ഹർജിയിൻ മേലോ [1][ഏതെങ്കിലും കോടതിയുടെ നിർദ്ദേശത്തിൻമേലോ ഉത്തരവിൻമേലോ] അന്വേഷണ വിചാരണ നടത്തുക;

(ഖ) ഒരു കോടതി മുമ്പാകെ തീർപ്പാകാതെയിരിക്കുന്ന മനുഷ്യാവകാശങ്ങളുടെ ലംഘനത്തിന്റെ ഏതെങ്കിലും ആരോപണം

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം കൂട്ടിച്ചേർത്തത്.

ഉൾക്കൊള്ളുന്ന ഏതെങ്കിലും നടപടിയിൽ അങ്ങനെയുള്ള കോടതിയുടെ അനുമതിയോടെ ഇടപെടുക;

[1][(ഗ) തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ജയിലോ അല്ലെങ്കിൽ ചികിത്സ, ദുർഗുണപരിവർത്തനം അല്ലെങ്കിൽ സംരക്ഷണം എന്നീ ആവശ്യങ്ങൾക്കു വേണ്ടി വ്യക്തികളെ തടഞ്ഞുവച്ചിട്ടുള്ളതോ പാർപ്പിച്ചിട്ടുള്ളതോ ആയ സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനമോ അവിടുത്തെ അന്തേവാസികളുടെ ജീവിതാവസ്ഥകൾ പഠിക്കുന്നതിനുവേണ്ടി സന്ദർശിക്കുകയും അതിന്മേൽ സർക്കാരിന് ശിപാർശകൾ നൽകുകയും ചെയ്യുക;]

(ഘ) ഭരണഘടനയാലോ ഭരണഘടനയിൻകീഴിലോ മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിലോ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാവ്യവസ്ഥകൾ പുനരവലോകനം ചെയ്യുകയും അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടി നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ങ) മനുഷ്യാവകാശങ്ങളുടെ അനുഭവാവകാശം തടസ്സപ്പെടുത്തുന്ന ഭീകരപ്രവർത്തനം ഉൾപ്പെടെയുള്ള ഘടകങ്ങൾ പുനരവലോകനം ചെയ്യുകയും ഉചിതമായ പരിഹാരനടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ച) മനുഷ്യാവകാശങ്ങളിൻമേലുള്ള ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര പ്രമാണങ്ങളും പഠിക്കുകയും അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടി ശിപാർശകൾ ചെയ്യുകയും ചെയ്യുക;

(ഛ) മനുഷ്യാവകാശങ്ങളുടെ മേഖലയിൽ ഗവേഷണം ഏറ്റെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ജ) സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശസാക്ഷരത വ്യാപിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യ

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

മങ്ങൾ, സെമിനാറുകൾ മറ്റു ലഭ്യമായ മാർഗ്ഗങ്ങൾ എന്നിവ മുഖേന, ഈ അവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാവ്യവസ്ഥകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ഝ) മനുഷ്യാവകാശങ്ങളുടെ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടേയും സ്ഥാപനങ്ങളുടെയും പ്രയത്നങ്ങൾ പ്രോത്സാഹിപ്പിക്കുക;

(ഞ) മനുഷ്യാവകാശങ്ങളുടെ പ്രോൽസാഹനത്തിനുവേണ്ടി ആവശ്യമെന്ന് അത് കരുതാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ.

അന്വേഷണ വിചാരണകൾ സംബന്ധിച്ച അധികാരങ്ങൾ

1908-ലെ 5

**13.** (1) കമ്മീഷന്, ഈ ആക്റ്റിൻ കീഴിലുള്ള പരാതികൾ അന്വേഷണ വിചാരണ ചെയ്യുമ്പോൾ, സിവിൽ നടപടി നിയമസംഹിത, 1908 ന്റെ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(ക) സാക്ഷികളെ സമൺ ചെയ്യുകയും നിർബന്ധപൂർവ്വം ഹാജരാക്കിക്കുകയും ശപഥത്തിൻമേൽ അവരെ വിസ്തരിക്കുകയും ചെയ്യുക;

(ഖ) ഏതെങ്കിലും പ്രമാണം കണ്ടെത്തുകയും ഹാജരാക്കുകയും ശപഥത്തിൽ മേൽ അവരെ വിസ്തരിക്കുകയും ചെയ്യുക;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുക;

(ഘ) ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ങ) സാക്ഷികളെ വിസ്തരിക്കുവാനും പ്രമാണങ്ങൾ പരിശോധിക്കുവാനും കമ്മീഷനുകൾ പുറപ്പെടുവിക്കുക;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതി.

(2) കമ്മീഷന്, ഏതെങ്കിലും ആളോട്, അയാൾ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും വിശേഷാവകാശത്തിന് വിധേയമായി, അന്വേഷണ വിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമായതോ പ്രസക്തമായതോ ആണെന്ന് കമ്മീഷന് അഭിപ്രായമുള്ള അങ്ങനെയുള്ള സംഗതികളെയോ കാര്യങ്ങളെയോ കുറിച്ച് വിവരം നൽകുവാൻ ആവശ്യപ്പെടുന്നതിന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെ ആവശ്യപ്പെടുന്നതായ ഏതെങ്കിലും ആൾ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ 176-ഉം 177 ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിൽ അങ്ങനെയുള്ള വിവരം നൽകുന്നതിന് നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടുന്നതും ആകുന്നു. 1860-ലെ 45

(3) കമ്മീഷനോ, കമ്മീഷൻ ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഗസറ്റഡ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, അന്വേഷണ വിചാരണയുടെ വിഷയം സംബന്ധിച്ച ഏതെങ്കിലും പ്രമാണം കണ്ടെത്തിയേക്കാമെന്ന് കമ്മീഷന് വിശ്വസിക്കുവാൻ കാരണമുള്ള ഏതെങ്കിലും കെട്ടിടത്തിലോ സ്ഥലത്തോ പ്രവേശിക്കാവുന്നതും, ക്രിമിനൽ നടപടി നിയമസംഹിത, 1973-ന്റെ 100-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നിടത്തോളം അവയ്ക്ക് വിധേയമായി അങ്ങനെയുള്ള ഏതെങ്കിലും പ്രമാണങ്ങൾ പിടിച്ചെടുക്കുകയോ അവയിൽ നിന്ന് പ്രസക്തഭാഗങ്ങളോ പകർപ്പുകളോ എടുക്കുകയോ ചെയ്യാവുന്നതാണ്. 1974-ലെ 2

(4) കമ്മീഷൻ ഒരു സിവിൽ കോടതിയായി കരുതപ്പെടുന്നതും, ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ 175-ാം വകുപ്പിലോ 178-ാം വകുപ്പിലോ 179-ാം വകുപ്പിലോ 180-ാം വകുപ്പിലോ 228-ാം വകുപ്പിലോ വിവരിച്ച തരത്തിലുള്ള ഏതെങ്കിലും കുറ്റം കമ്മീഷന്റെ ദൃഷ്ടിപഥത്തിലോ സാന്നിദ്ധ്യത്തിലോ ചെയ്തിട്ടുള്ളപ്പോൾ കമ്മീഷന് ക്രിമിനൽ നടപടി നിയമസംഹിത, 1973-ൽ വ്യവസ്ഥ ചെയ്ത പ്രകാരം, കുറ്റത്തിന്റെ 1860-ലെ 45 1974-ലെ 2

ഘടകമായ വസ്തുതകളും, കുറ്റാരോപണം ചെയ്യപ്പെട്ട ആളുടെ പ്രസ്താവനയും രേഖപ്പെടുത്തിയതിനുശേഷം, കേസ് അത് വിചാരണ ചെയ്യാൻ, അധികാരമുള്ള ഒരു മജിസ്ട്രേട്ടിന് അയച്ചുകൊടുക്കാവുന്നതും ഏത് മജിസ്ട്രേട്ടിനാണോ അങ്ങനെയുള്ള ഏതെങ്കിലും കേസ് അയച്ചുകൊടുത്തിട്ടുള്ളത്, അദ്ദേഹം കുറ്റാരോപണം ചെയ്യപ്പെട്ട ആൾക്കെതിരെയുള്ള പരാതി, ആ കേസ്, ക്രിമിനൽ നടപടി നിയമസംഹിത, 1973- ന്റെ 346-ാം വകുപ്പിൻ കീഴിൽ തനിക്ക് അയച്ചിട്ടുള്ളതായിരുന്നാലെന്നപോലെ വാദം കേൾക്കുന്നത് തുടരേണ്ടതുമാകുന്നു.

(5) കമ്മീഷന്റെ മുമ്പാകെയുള്ള ഏതു നടപടിയും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിലും 196-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കും ഒരു നീതിന്യായ നടപടിയായി കരുതപ്പെടാവുന്നതും ക്രിമിനൽ നടപടി നിയമസംഹിത, 1973 ലെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും എല്ലാ ആവശ്യങ്ങൾക്കു വേണ്ടിയും കമ്മീഷൻ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാകുന്നു.

1860-ലെ 45

1974-ലെ 2

[1][(6) കമ്മീഷൻ ആവശ്യമാണെന്നോ അല്ലെങ്കിൽ അങ്ങനെ ചെയ്യുന്നത് സമീചീനിമാണെന്നോ കരുതുന്നിടത്ത് അതിന് ഉത്തരവുവഴി, അതിന് മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ തീർപ്പാകാതെ ഇരിക്കുന്നതോ ആയ ഏതെങ്കിലും പരാതി, ഏത് സംസ്ഥാനത്ത് നിന്നാണോ പരാതി ഉൽഭവിച്ചിട്ടുള്ളത്, ആ സംസ്ഥാന കമ്മീഷന് ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് തീർപ്പാക്കുന്നതിന് കൈമാറ്റം ചെയ്യാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള യാതൊരു പരാതിയും ആയത് പരിഗണനയ്ക്കെടുക്കുവാൻ സംസ്ഥാന കമ്മീഷന് അധികാരികത ഉണ്ടെങ്കിലല്ലാതെ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം കൂട്ടി ചേർത്തത്.

(7)(6)-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട ഏതൊരു പരാതിയും അതിന് മുമ്പാകെ ആരംഭത്തിൽ ഫയൽ ചെയ്യപ്പെട്ട ഒരു പരാതിയെന്നപോലെ ആ സംസ്ഥാന കമ്മീഷൻ കൈകാര്യം ചെയ്യേണ്ടതും തീർപ്പാക്കേണ്ടതുമാണ്.]

14.(1) അന്വേഷണ വിചാരണ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണം നടത്തുന്ന ആവശ്യത്തിലേയ്ക്കായി കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റെയോ യോജിപ്പോടുകൂടി, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടേയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അന്വേഷണം

(2) അന്വേഷണ വിചാരണ സംബന്ധിച്ചുള്ള ഏതെങ്കിലും സംഗതിയിൽ അന്വേഷണം നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി (1)-ാം ഉപവകുപ്പിൻ കീഴിൽ ആരുടെ സേവനങ്ങളാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത്, ആ ഉദ്യോഗസ്ഥനോ ഏജൻസിയോ കമ്മീഷന്റെ നിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി;-

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുകയും ഹാജരാക്കിക്കുകയും അയാളെ വിസ്തരിക്കുകയും;

(ഖ) ഏതെങ്കിലും പ്രമാണം കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുകയും;

(ഗ) ഏതെങ്കിലും ആഫീസിൽ നിന്ന് ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്.

(3) 15-ാം വകുപ്പിലെ വ്യവസ്ഥകൾ, അവ കമ്മീഷന്റെ മുമ്പാകെ തെളിവ് നൽകുന്നതിനിടയിൽ ഒരാൾ ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന സംബന്ധിച്ച് ബാധകമാകുന്നതുപോലെ, (1)-ാം ഉപവകുപ്പിൽ കീഴിൽ, ആരുടെ സേവനമാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത്, ആ ഉദ്യോഗസ്ഥന്റെയോ ഏജൻസിയു

ടെയോ മുമ്പാകെ ഒരാൾ ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന സംബന്ധിച്ചും ബാധകമാകുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ ആരുടെ സേവനമാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത്, ആ ഉദ്യോഗസ്ഥനോ ഏജൻസിയോ അന്വേഷണ വിചാരണ സംബന്ധിക്കുന്ന ഏത് സംഗതിയെക്കുറിച്ചും അന്വേഷണം നടത്തുകയും, കമ്മീഷൻ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ഒരു റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിൻ കീഴിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെയും ഏതെങ്കിലും തീരുമാനത്തിൽ എത്തിയിട്ടുണ്ടെങ്കിൽ അതിന്റെയും കൃത്യത കമ്മീഷൻ സ്വയം ബോദ്ധ്യപ്പെടേണ്ടതും ഈ ആവശ്യത്തിലേയ്ക്കായി കമ്മീഷന് അതിന് യുക്തമെന്ന് തോന്നുന്ന അന്വേഷണ വിചാരണ (അന്വേഷണം നടത്തിയതോ നടത്തുന്നതിൽ സഹായിച്ചതോ ആയ ആളെയോ ആളുകളെയോ വിസ്തരിക്കുന്നത് ഉൾപ്പെടെ) നടത്താവുന്നതുമാണ്.

**15.** കമ്മീഷൻ മുമ്പാകെ തെളിവ് നൽകുന്നതിനിടയിൽ ഒരാൾ ചെയ്യുന്ന യാതൊരു പ്രസ്താവനയും, അങ്ങനെയുള്ള പ്രസ്താവന വഴി വ്യാജമായ തെളിവ് നൽകിയതിനുള്ള ഒരു പ്രോസിക്യൂഷനല്ലാതെ ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടിക്ക് അയാളെ വിധേയനാക്കാനോ അങ്ങനെയുള്ള നടപടിയിൽ അയാൾക്കെതിരായി ഉപയോഗിക്കുവാനോ പാടുള്ളതല്ല: ആളുകൾ കമ്മീഷനു നൽകുന്ന പ്രസ്താവനകൾ

എന്നാൽ പ്രസ്താവന,—

(ക) കമ്മീഷന് അയാളോട് ഉത്തരം പറയുവൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിന് മറുപടിയായി നൽകപ്പെട്ടതോ; അല്ലെങ്കിൽ

(ഖ) അന്വേഷണ വിചാരണയുടെ വിഷയത്തിന് പ്രസക്തമായതോ,

ആയിരിക്കണം.

16. അന്വേഷണവിചാരണയുടെ ഏതെങ്കിലും ഘട്ടത്തിൽ കമ്മീഷന്,——  പ്രതികൂലമായി ബാധിക്കപ്പെടുവാൻ ഇടയുള്ള ആളുകളെ കേൾക്കണമെന്ന്

(ക) ഏതെങ്കിലും ആളുടെ സ്വഭാവത്തെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുന്നത് ആവശ്യമാണെന്ന് കരുതുകയോ; അല്ലെങ്കിൽ

(ഖ) അന്വേഷണവിചാരണ ഏതെങ്കിലും ആളുടെ ഖ്യാതിയെ പ്രതികൂലമായി ബാധിക്കുവാൻ ഇടയുണ്ടെന്ന് കമ്മീഷന് അഭിപ്രായമുണ്ടായിരിക്കുകയോ,

ചെയ്യുന്നുവെങ്കിൽ, അന്വേഷണവിചാരണയിൽ കേൾക്കപ്പെടുവാനും തന്റെ പ്രതിവാദത്തിനുള്ള തെളിവ് ഹാജരാക്കുവാനും അയാൾക്ക് ന്യായമായ ഒരു അവസരം അത് നൽകേണ്ടതാണ്.

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും ഒരു സാക്ഷിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നിടത്ത് ബാധകമാകുന്നതല്ല.

## അദ്ധ്യായം IV

## നടപടി ക്രമം

17. മനുഷ്യാവകാശ ലംഘനങ്ങളുടെ പരാതികളിൽ അന്വേഷണ വിചാരണ നടത്തുമ്പോൾ കമ്മീഷന്,—  പരാതികളിൽ അന്വേഷണ വിചാരണ

(i) കേന്ദ്രസർക്കാരിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നോ അവയുടെ കീഴിലുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിൽ നിന്നോ സംഘടനയിൽ നിന്നോ അത് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ വിവരമോ റിപ്പോർട്ടോ ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ,——

(ക) കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുള്ള സമയത്തിനുള്ളിൽ വിവരമോ റിപ്പോർട്ടോ ലഭിച്ചില്ലെങ്കിൽ അതിന് സ്വമേധയാ പരാതി

യിൽ അന്വേഷണവിചാരണ തുടരാവുന്നതാണ്.

(ഖ) വിവരമോ റിപ്പോർട്ടോ ലഭിച്ചശേഷം, വീണ്ടും അന്വേഷണ വിചാരണ ആവശ്യമില്ലെന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാരോ അധികാരസ്ഥാനമോ ആവശ്യമായ നടപടി ആരംഭിക്കുകയോ എടുക്കുകയോ ചെയ്തിട്ടുണ്ടെന്നോ കമ്മീഷന് ബോദ്ധ്യമാകുന്നുവെങ്കിൽ, അതിന് പരാതിയിൽ നടപടി തുടരാതിരിക്കുകയും പരാതിക്കാരനെ അപ്രകാരം അറിയിക്കുകയും ചെയ്യാവുന്നതാണ്.

(ii) (i)-ാം ഖണ്ഡത്തിൽ അടങ്ങിയിട്ടുള്ള യാതൊന്നിനും ഭംഗം വരാതെ, പരാതിയുടെ സ്വഭാവം പരിഗണിച്ചുകൊണ്ട്, ആവശ്യമാണെന്ന് അത് കരുതുകയാണെങ്കിൽ, ഒരു അന്വേഷണവിചാരണ ആരംഭിക്കാവുന്നതാണ്.

[1][18. കമ്മീഷന് ഈ ആക്റ്റ് പ്രകാരം നടത്തിയ ഒരു അന്വേഷണവിചാരണയുടെ വേളയിലോ ഒരു അന്വേഷണ വിചാരണ പൂർത്തിയായതിൻമേലോ താഴെപ്പറയുന്ന ഏതെങ്കിലും നടപടികൾ എടുക്കാവുന്നതാണ്;

അന്വേഷണ വിചാരണ വേളയിലോ ശേഷമോ ഉള്ള നടപടികൾ

അതായത്:-

(ക) മനുഷ്യാവകാശ ലംഘനം നടന്നതായോ അല്ലെങ്കിൽ ഒരു പബ്ലിക് സർവന്റ് മനുഷ്യാവകാശ ലംഘനം തടയുന്നതിൽ ഉപേക്ഷ കാണിച്ചതായോ അല്ലെങ്കിൽ അതിന് പ്രേരണ നൽകിയതായോ അന്വേഷണ വിചാരണ വെളിപ്പെടുത്തുന്നിടത്ത് അതിന് ബന്ധപ്പെട്ട സർക്കാരിനോടോ അധികാരസ്ഥാനത്തിനോടോ,—

(i) പരാതിക്കാരനോ പീഡിതനോ അയാളുടെ കുടുംബാംഗങ്ങൾക്കോ കമ്മീഷൻ ആവശ്യമാണെന്ന് കരുതാവുന്ന നഷ്ടപരിഹാരത്തുകയോ നഷ്ടപരിഹാരമോ നൽകുന്നതിന്;

(ii) ബന്ധപ്പെട്ട ആളിനോ അല്ലെങ്കിൽ ആളുകൾക്കോ എതിരെ

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

പ്രോസിക്യൂഷൻ നടപടികളോ അല്ലെങ്കിൽ കമ്മീഷന് യുക്ത മെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് ഉചിതമായി നടപ ടിയോ ആരംഭിക്കുന്നതിന്;

(iii) അതിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള അന ന്തര നടപടി സ്വീകരിക്കുന്നതിന്,

ശിപാർശ ചെയ്യാവുന്നതാണ്;

(ഖ) ആ കോടതി ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോവേണ്ടി സുപ്രീംകോടതിയെയോ ബന്ധപ്പെട്ട ഹൈക്കോടതിയെയോ സമീപിക്കാവുന്നതാണ്;

(ഗ) അന്വേഷണ വിചാരണയുടെ ഏതു ഘട്ടത്തിലും പീഡി തനോ അല്ലെങ്കിൽ അയാളുടെ കുടുംബാംഗങ്ങൾക്കോ കമ്മീ ഷൻ ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള സത്വര ഇടക്കാലാശ്വാസം നൽകുന്നതിനായി ബന്ധപ്പെട്ട സർക്കാ രിനോടോ അല്ലെങ്കിൽ അധികാരസ്ഥാനത്തോടൊ ശിപാർശ ചെയ്യാവുന്നതാണ്;

(ഘ) (ങ) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഹർജി ക്കാരനോ അല്ലെങ്കിൽ അയാളുടെ പ്രതിനിധിക്കോ അന്വേ ഷണ വിചാരണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകാവുന്ന താണ്;

(ങ) കമ്മീഷൻ അതിന്റെ അന്വേഷണവിചാരണയുടെ ഒരു പകർപ്പ്, അതിന്റെ ശിപാർശകൾ സഹിതം ബന്ധപ്പെട്ട സർക്കാരിനോ അല്ലെങ്കിൽ അധികാരസ്ഥാനത്തിനോ അയ യ്ക്കേണ്ടതും ബന്ധപ്പെട്ട സർക്കാരോ അധികാര സ്ഥാനമോ ഒരു മാസത്തെ ഒരു കാലയളവിനുള്ളിലോ, അല്ലെങ്കിൽ കമ്മീഷൻ അനുവദിക്കാവുന്ന അങ്ങനെയുള്ള കൂടുതൽ സമ യത്തിനുള്ളിലോ റിപ്പോർട്ടിൻമേലുള്ള അതിന്റെ അഭിപ്രാ യങ്ങൾ അതിൽമേൽ എടുത്തിട്ടുള്ളതും എടുക്കാനുദ്ദേശി ക്കുന്നതുമായ നടപടികൾ ഉൾപ്പെടെ, കമ്മീഷന്

അയച്ചുകൊടുക്കേണ്ടതുമാണ്.

(ച) കമ്മീഷൻ ബന്ധപ്പെട്ട സർക്കാരിന്റെയോ അധികാരസ്ഥാനത്തിന്റെയോ, അഭിപ്രായങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതും കമ്മീഷന്റെ ശിപാർശകളിൻമേൽ ബന്ധപ്പെട്ട സർക്കാരോ അധികാരസ്ഥാനമോ എടുത്തിട്ടുള്ളതും എടുക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടിയും സഹിതം അതിന്റെ അന്വേഷണവിചാരണ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതാണ്.]

19.(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സായുധസേനാംഗങ്ങൾ മനുഷ്യാവകാശങ്ങൾ ലംഘിച്ചുവെന്ന പരാതികൾ കൈകാര്യം ചെയ്യുമ്പോൾ കമ്മീഷൻ താഴെപ്പറയുന്ന നടപടിക്രമം സ്വീകരിക്കേണ്ടതാണ്, അതായത്:- സായുധസേനകളെ സംബന്ധിച്ച നടപടിക്രമം

(ക) അതിന് സ്വമേധയായോ ഒരു ഹർജി ലഭിച്ചതിൻമേലോ കേന്ദ്ര സർക്കാരിൽ നിന്നും ഒരു റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്;

(ഖ) റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്, അതതു സംഗതി പോലെ, പരാതിയിൽ നടപടി തുടരാതിരിക്കുകയോ, ആ സർക്കാരിന് അതിന്റെ ശിപാർശകൾ നൽകുകയോ ചെയ്യാവുന്നതാണ്.

(2) കേന്ദ്രസർക്കാർ, മൂന്നു മാസത്തിനുള്ളിലോ കമ്മീഷൻ അനുവദിക്കുന്ന അങ്ങനെയുള്ള കൂടുതൽ സമയത്തിനുള്ളിലോ ശിപാർശകളിൻമേൽ എടുത്ത നടപടി കമ്മീഷനെ അറിയിക്കേണ്ടതാണ്.

(3) കമ്മീഷൻ, കേന്ദ്രസർക്കാരിന്, അത് നൽകിയ ശിപാർശകളും അങ്ങനെയുള്ള ശിപാർശകളിൻമേൽ ആ സർക്കാർ എടുത്ത നടപടികളും സഹിതം അതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഹർജിക്കാരനോ അയാളുടെ പ്രതിനിധിക്കോ കമ്മീഷൻ നൽകേണ്ടതാണ്.

**20.** (1) കമ്മീഷൻ, കേന്ദ്രസർക്കാരിനും ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനും ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായത്തിൽ, വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ നീട്ടിവയ്ക്കാൻ പാടില്ലാത്തവിധം അങ്ങനെയുള്ള അത്യാവശ്യമോ പ്രാധാന്യമോ ഉള്ള ഏതെങ്കിലും സംഗതിയിൽ എതുസമയത്തും പ്രത്യേക റിപ്പോർട്ടുകളും സമർപ്പിക്കാവുന്നതുമാണ്. കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ

(2) കമ്മീഷന്റെ ശിപാർശകളിൻമേൽ എടുത്ത നടപടികളുടെയും എടുക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടേയും ശിപാർശകൾ സ്വീകരിക്കാത്തത് ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന്റെ കാരണങ്ങളുടെയും ഒരു വിവരക്കുറിപ്പോടുകൂടി കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ, പാർലമെന്റിന്റെ ഓരോ സഭയുടെയും അല്ലെങ്കിൽ അതതുസംഗതിപോലെ, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ മുമ്പാകെ യഥാക്രമം കേന്ദ്രസർക്കാരും, അതതുസംഗതിപോലെ, സംസ്ഥാന സർക്കാരും വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ

**21.** (1) ഒരു സംസ്ഥാന സർക്കാരിന് ഈ അദ്ധ്യായത്തിൻ കീഴിൽ ഒരു സംസ്ഥാന കമ്മീഷന് നൽകിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിനും ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി.................................. (സംസ്ഥാനത്തിന്റെ പേര്) മനുഷ്യാവകാശ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു നികായം രൂപീകരിക്കാവുന്നതാണ്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളുടെ രൂപീകരണം

[1][(2) സംസ്ഥാന സർക്കാർ വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ, സംസ്ഥാന കമ്മീഷൻ,—

---

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

(ക) ഒരു ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസ് ആയിരുന്ന ഒരാൾ, ചെയർപേഴ്സൺ;

(ഖ) ഒരു ഹൈക്കോടതിയിൽ ഒരു ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ അഥവാ കുറഞ്ഞത് ഏഴു വർഷം ആ സംസ്ഥാനത്തെ ജില്ലാ ജഡ്ജി എന്ന നിലയിൽ പരിചയമുള്ള ജില്ലാ ജഡ്ജി ആയ ഒരു അംഗം;

(ഗ) മനുഷ്യാവകാശങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ അറിവോ പ്രായോഗിക പരിചയമോ ഉള്ള ആളുകളിൽ നിന്നും നിയമിക്കപ്പെടുന്ന ഒരു അംഗം;

എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.]

(3) സംസ്ഥാന കമ്മീഷന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറായ ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും സംസ്ഥാന കമ്മീഷൻ അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ അദ്ദേഹം പ്രയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

(4) സംസ്ഥാന കമ്മീഷന്റെ ആസ്ഥാനം സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തായിരിക്കേണ്ടതാണ്.

(5) ഭരണഘടനയുടെ ഏഴാം പട്ടികയിലെ II-ാം ലിസ്റ്റിലും III-ാം ലിസ്റ്റിലും എണ്ണിപ്പറഞ്ഞിട്ടുള്ള ഏതങ്കിലും ഉൾക്കുറിപ്പുകളുമായി ബന്ധപ്പെടുത്താവുന്ന സംഗതികളെ സംബന്ധിച്ച മനുഷ്യാവകാശ ലംഘനങ്ങളിൽമാത്രം ഒരു സംസ്ഥാന കമ്മീഷൻ അന്വേഷണ വിചാരണ നടത്താവുന്നതാണ്.

എന്നാൽ, കമ്മീഷനോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ യഥാവിധി രൂപീകരിക്കപ്പെട്ട മറ്റേതെങ്കിലും കമ്മീഷനോ അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ അന്വേഷണ വിചാരണ നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ, സംസ്ഥാന കമ്മീഷൻ, പ്രസ്തുത

സംഗതിയിൽ അന്വേഷണ വിചാരണ നടത്തുവാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, ജമ്മു-കാശ്മീർ മനുഷ്യാവകാശ കമ്മീഷനെ സംബന്ധിച്ച് ഭരണഘടനയുടെ ഏഴാം പട്ടികയിലെ II-ാം ലിസ്റ്റിലും III-ാം ലിസ്റ്റിലും എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഭരണഘടനയുടെ ഏഴാം പട്ടികയിലെ III-ാം ലിസ്റ്റിൽ ജമ്മു-കാശ്മീർ സംസ്ഥാനത്തിന് ബാധകമായ പ്രകാരവും ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന് നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമുള്ള സംഗതികൾ സംബന്ധിച്ചും" എന്ന വാക്കുകളും അക്കങ്ങളും ചേർത്തിരുന്നാലെന്നപോലെ, ഈ ഉപവകുപ്പിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

[1][(6) രണ്ടോ അതിലധികമോ സംസ്ഥാന സർക്കാരുകൾക്ക് ഒരു സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ സമ്മതത്തോടുകൂടി, ഒരേ സമയം മറ്റൊരു സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണോ, അതതുസംഗതിപോലെ, അംഗമോ ആയി അങ്ങനെയുള്ള ചെയർപേഴ്സണോ അങ്ങനെയുള്ള അംഗമോ അങ്ങനെയുള്ള നിയമത്തിന് സമ്മതിക്കുന്നുവെങ്കിൽ നിയമിക്കാവുന്നതാണ്:

എന്നാൽ ഒരു പൊതുവായ ചെയർപേഴ്സണെയോ അംഗത്തെയോ അല്ലെങ്കിൽ രണ്ടും കൂടിയോ, അതതുസംഗതിപോലെ, നിയമിക്കേണ്ടതായ ഒരു സംസ്ഥാനത്തെ സംബന്ധിച്ച് ഈ ഉപവകുപ്പിൻ കീഴിലുള്ള ഒരോ നിയമനവും 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചതിനുശേഷം നടത്തേണ്ടതാണ്.]

22. (1) ചെയർപേഴ്സണെയും [2][അംഗങ്ങളെയും] ഗവർണ്ണർ അദ്ദേഹത്തിന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി നിയമിക്കേണ്ടതാണ്: സംസ്ഥാന കമ്മീഷന്റെ ചെയർ പേഴ്സന്റെയും [3][അംഗങ്ങളുടെയും] നിയമനം.

എന്നാൽ ഈ ഉപവകുപ്പിൻ കീഴിലുള്ള ഓരോ നിയമനവും,—

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം കൂട്ടി ചേർത്തത്,

2,3. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്,

(ക) മുഖ്യമന്ത്രി-ചെയർപേഴ്സൺ;

(ഖ) നിയമസഭ സ്പീക്കർ-അംഗം;

(ഗ) ആ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി-അംഗം;

(ഘ) നിയമസഭയിലെ പ്രതിപക്ഷ നേതാവ് - അംഗം;

എന്നിവർ അടങ്ങിയ കമ്മിറ്റിയുടെ ശിപാർശ ലഭിച്ചതിനു ശേഷം നടത്തേണ്ടതാണ്.

എന്നുമാത്രമല്ല, ഒരു സംസ്ഥാനത്തിൽ ഒരു നിയമസമിതി ഉണ്ടെങ്കിൽ ആ സമിതിയുടെ ചെയർമാനും ആ സമിതിയുടെ പ്രതിപക്ഷനേതാവും കൂടി കമ്മിറ്റിയുടെ അംഗങ്ങളായിരിക്കേണ്ടതാണ്.

എന്നിരുന്നാൽതന്നെയും ഒരു ഹൈക്കോടതിയിലെ യാതൊരു ഉപവേശിക്കുന്ന ജഡ്ജിയെയോ യാതൊരു ഉപവേശിക്കുന്ന ജില്ലാ ജഡ്ജിയെയോ ബന്ധപ്പെട്ട സംസ്ഥാന ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് കൂടിയാലോചിച്ചശേഷമല്ലാതെ നിയമിക്കുവാൻ പാടുള്ളതല്ല.

(2) [1][(1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കമ്മിറ്റിയിലെ ഏതെങ്കിലും അംഗത്തിന്റെ ഏതെങ്കിലും ഒഴിവ്] ഉണ്ടെന്ന കാരണത്താൽ മാത്രം സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ യാതൊരു നിയമനവും അസാധുവാകുന്നതല്ല.

[2][ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും രാജിയും നീക്കം ചെയ്യലും]

[3][23.(1)സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണോ അല്ലെങ്കിൽ ഒരു അംഗത്തിനോ ഗവർണ്ണറെ അഭിസംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ ലിഖിതമായ നോട്ടീസ് മുഖേന, തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ക) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന കമ്മീഷനിലെ ചെയർപേഴ്സണെയോ

1,2,3 മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

അല്ലെങ്കിൽ ഏതെങ്കിലും അംഗത്തെയോ തെളിയിക്കപ്പെട്ട പെരുമാറ്റ ദൂഷ്യത്തിന്റെയോ അല്ലെങ്കിൽ കഴിവില്ലായ്മയുടെയോ കാരണത്തിൻമേൽ, രാഷ്ട്രപതി സുപ്രീംകോടതിയ്ക്ക് റഫർ ചെയ്തതിൻമേൽ സുപ്രീംകോടതി അതിലേയ്ക്കായി നിർണ്ണയിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് അന്വേഷണ വിചാരണ നടത്തി ചെയർപേഴ്സണെയോ അങ്ങനെയുള്ള അംഗത്തെയോ, അതതുസംഗതിപോലെ, അങ്ങനെയുള്ള ഏതെങ്കിലും കാരണത്തിൻമേൽ നീക്കം ചെയ്യേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്തതിനുശേഷം രാഷ്ട്രപതിയുടെ ഉത്തരവു വഴി മാത്രമേ, ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാൻ പാടുള്ളു.]

(2) [1][(1ക)ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,

(ക) നിർദ്ധനനെന്നു വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഖ) തന്റെ ഉദ്യോഗ കാലാവധിക്കുള്ളിൽ തന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾക്ക് പുറമേ വേതനം ലഭിക്കുന്ന ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുകയോ; അല്ലെങ്കിൽ

(ഗ) മാനസികമോ ശാരീരികമോ ആയ ദൗർബല്യം നിമിത്തം ഉദ്യോഗത്തിൽ തുടരുവാൻ അയോഗ്യനാവുകയോ; അല്ലെങ്കിൽ

(ഘ) ചിത്തഭ്രമം ഉള്ളവനായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ങ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവിന് ശിക്ഷിയ്ക്കപ്പെടുകയും ചെയ്യുകയോ, ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ചെയർപേഴ്സണെയോ, അതതുസംഗതിപോലെ [2](അംഗത്തെയോ) രാഷ്ട്രപതിക്ക് ഉത്തരവു വഴി ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

[3][24]. (1) ചെയർപേഴ്സണായി നിയമിക്കപ്പെട്ട ഒരാൾ, താൻ ഉദ്യോ — സംസ്ഥാന കമ്മീഷന്റെ

---

1,2,3 മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

ഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് തികയുന്നതുവരെയോ; ഇവയിൽ ഏത് ആദ്യം സംഭവിക്കുന്നുവോ അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധി

(2) ഒരു അംഗമായി നിയമിക്കപ്പെട്ട ഒരാൾ താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതും മറ്റൊരു അഞ്ചു വർഷക്കാലത്തേയ്ക്ക് പുനർ നിയമനത്തിന് അർഹനായിരിക്കുന്നതുമാണ് :

എന്നാൽ യാതൊരംഗവും തനിക്ക് എഴുപത് വയസ്സ് തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(3) ഉദ്യോഗം വഹിക്കുന്നത് അവസാനിച്ചതിനുശേഷം ഒരു ചെയർപേഴ്സനോ അല്ലെങ്കിൽ ഒരു അംഗമോ ഒരു സംസ്ഥാന സർക്കാരിന്റെയോ ഭാരതസർക്കാരിന്റെയോ കീഴിൽ വീണ്ടും നിയോജനത്തിന് അർഹനായിരിക്കുന്നതല്ല.]

25(1) ചെയർപേഴ്സന്റെ ഉദ്യോഗത്തിൽ അദ്ദേഹത്തിന്റെ മരണമോ രാജിയോ കാരണമായോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഏതെങ്കിലും ഒഴിവ് സംഭവിക്കുന്ന പക്ഷം അങ്ങനെയുള്ള ഒഴിവ് നികത്തുവാൻ, ഗവർണ്ണർ വിജ്ഞാപനം വഴി ഒരു പുതിയ ചെയർപേഴ്സണെ നിയമിക്കുന്നതുവരെ, അംഗങ്ങളിൽ ഒരാളെ ചെയർപേഴ്സണായി പ്രവർത്തിക്കുവാൻ അധികാരപ്പെടുത്താവുന്നതാണ്. ചില സാഹചര്യങ്ങളിൽ അംഗം ചെയർപേഴ്സണായി പ്രവർത്തിക്കുകയോ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യണമെന്ന്

(2) ചെയർപേഴ്സണ്, അവധിയാലുള്ള അസാന്നിദ്ധ്യത്താലോ മറ്റേതെങ്കിലും കാരണത്താലോ തന്റെ ചുമതലകൾ നിർവഹിക്കുവാൻ കഴിയാതെ വരുമ്പോൾ ഗവർണ്ണർ വിജ്ഞാപനം വഴി ഇതിലേയ്ക്കായി അധികാരപ്പെടുത്താവുന്ന അങ്ങനെയുള്ള അംഗങ്ങളിൽ ഒരാൾ, ചെയർപേഴ്സൺ തന്റെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, ചെയർപേഴ്സന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

[1][26. ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്: സംസ്ഥാന കമ്മീഷന്റെ ചെയർ പേഴ്സന്റെയും അംഗങ്ങളുടെയും സേവന നിബന്ധനകളും ഉപാധികളും

എന്നാൽ, ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഒരു അംഗത്തിന്റെയോ ശമ്പളമോ ബത്തകളോ, മറ്റ് സേവന നിബന്ധനകളോ ഉപാധികളോ അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.]

27. (1) സംസ്ഥാന സർക്കാർ,- സംസ്ഥാന കമ്മീഷന്റെ ആഫീസർമാരും മറ്റ് ജീവനക്കാരും

(ക) സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന കമ്മീഷന്റെ സെക്രട്ടറിയായും;

(ഖ) ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ, അങ്ങനെയുള്ള പോലീസിനെയും അന്വേഷണ ഉദ്യോഗസ്ഥൻമാരെയും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റു ഉദ്യോഗസ്ഥരെയും സ്റ്റാഫിനെയും,

കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ ഇതിലേയ്ക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി സംസ്ഥാന കമ്മീഷന് അത് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള ഭരണപരവും സാങ്കേതികവും ശാസ്ത്രീയവുമായ സ്റ്റാഫിനെ നിയമിക്കാവുന്നതാണ്.

(3) 2-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെയും മറ്റ് സ്റ്റാഫിന്റെയും ശമ്പളവും സേവനോപാധികളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം) നമ്പർ പ്രകാരം പകരം ചേർത്തത്.

28.(1) സംസ്ഥാന കമ്മീഷൻ സംസ്ഥാന സർക്കാരിന് ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായത്തിൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ നീട്ടി വയ്ക്കാൻ പാടില്ലാത്തവിധം അങ്ങനെയുള്ള അത്യാവശ്യമോ പ്രാധാന്യമോ ഉള്ള ഏതെങ്കിലും സംഗതിയിൽ ഏതു സമയത്തും പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കാവുന്നതുമാണ്.

സംസ്ഥാന കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായ റിപ്പോർട്ടുകൾ

(2) സംസ്ഥാന സർക്കാർ സംസ്ഥാന കമ്മീഷന്റെ ശിപാർശകളിൻമേൽ എടുത്ത നടപടികളുടേയും എടുക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെയും ശിപാർശകൾ സ്വീകരിക്കാത്തത് ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന്റെ കാരണങ്ങളുടെയും ഒരു വിവരക്കുറിപ്പോടുകൂടി സംസ്ഥാന കമ്മീഷന്റെ വാർഷികവും പ്രത്യേകവുമായി റിപ്പോർട്ടുകൾ, സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിൽ രണ്ട് സഭകൾ ഉള്ളിടത്ത് ഓരോ സഭകളുടെയും മുമ്പാകെ അഥവാ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലത്തിൽ ഒരു സഭയുള്ളിടത്ത് ആ സഭയുടെ മുമ്പാകെ വയ്പിക്കേണ്ടതാണ്.

29. 9, 10, 12, 13, 14, 15, 16, 17, 18 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ സംസ്ഥാന കമ്മീഷന് ബാധകമായിരിക്കുന്നതും താഴെ പറയുന്ന രൂപഭേദങ്ങൾക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

ദേശീയ മനുഷ്യാവകാശ കമ്മീഷനെ സംബന്ധിച്ച ചില വ്യവസ്ഥകൾ സംസ്ഥാന കമ്മീഷനുകൾക്ക് ബാധകമാകുമെന്ന്

(ക) ''കമ്മീഷൻ'' എന്ന പരാമർശങ്ങൾക്ക് ''സംസ്ഥാന കമ്മീഷൻ'' എന്ന പരാമർശങ്ങളായി അർത്ഥം കൽപിക്കേണ്ടതാണ്;

(ഖ) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ ''സെക്രട്ടറി ജനറൽ'' എന്ന വാക്കിന് പകരം ''സെക്രട്ടറി'' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ഗ) 12-ാം വകുപ്പിൽ (ച) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ഘ) 17-ാം വകുപ്പിന്റെ (i)-ാം ഖണ്ഡത്തിൽ ''കേന്ദ്രസർക്കാരിൽ നിന്നോ ഏതെങ്കിലും''എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

## അദ്ധ്യായം VI

## മനുഷ്യാവകാശകോടതികൾ

30. മനുഷ്യാവകാശലംഘനങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന കുറ്റങ്ങൾക്ക് ദ്രുതഗതിയിലുള്ള വിചാരണ ഏർപ്പെടുത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാന സർക്കാരിന് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ യോജിപ്പോടുകൂടി ഓരോ ജില്ലയ്ക്കും ഒരു സെഷൻസ് കോടതിയെ പ്രസ്തുത കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള ഒരു മനുഷ്യാവകാശകോടതിയായി വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്നതാണ്: മനുഷ്യാവകാശ കോടതികൾ

എന്നാൽ ഈ വകുപ്പിലെ യാതൊന്നും, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകിഴിൽ അങ്ങനെയുള്ള കുറ്റങ്ങൾക്കുവേണ്ടി,-

(ക) ഒരു സെഷൻസ് കോടതിയെ ഒരു പ്രത്യേക കോടതിയായി മുമ്പു തന്നെ വിനിർദ്ദേശിക്കുകയോ;

(ഖ) ഒരു പ്രത്യേക കോടതി മുമ്പു തന്നെ രൂപീകരിക്കപ്പെടുകയോ,

ചെയ്തിട്ടുണ്ടെങ്കിൽ ബാധകമാകുന്നതല്ല.

31. ഓരോ മനുഷ്യാവകാശകോടതിക്കും, സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി, ഒരു പബ്ലിക് പ്രോസിക്യൂട്ടറെ വിനിർദ്ദേശിക്കുകയോ ഏഴു വർഷത്തിൽ കുറയാതെ അഭിഭാഷകനായി പ്രാക്റ്റീസുള്ള ഒരു അഭിഭാഷകനെ ആ കോടതിയിൽ കേസുകൾ നടത്തുന്ന ആവശ്യത്തിന് ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കുകയോ ചെയ്യേണ്ടതാണ്. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ

## അദ്ധ്യായം VII

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

**32.** (1) പാർലമെന്റ് ഇതിലേയ്ക്കായി നിയമം മുഖേന ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഉചിതമെന്ന് കേന്ദ്ര സർക്കാർ കരുതാവുന്ന അങ്ങനെയുള്ള പണം സഹായധനങ്ങളായി കേന്ദ്രസർക്കാർ കമ്മീഷന് നൽകേണ്ടതാണ്. കേന്ദ്രസർക്കാരിനാലുള്ള സഹായ ധനങ്ങൾ

(2) ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് കമ്മീഷന് യുക്തമെന്ന് അത് കരുതുന്ന തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സഹായ ധനങ്ങളിൽ നിന്നും കൊടുക്കാവുന്ന വ്യയമായി കരുതപ്പെടേണ്ടതുമാണ്.

**33.** (1) നിയമനിർമ്മാണ മണ്ഡലം ഇതിലേയ്ക്കായി നിയമം മുഖേന ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഉചിതമെന്ന് സംസ്ഥാന സർക്കാർ കരുതാവുന്ന അങ്ങനെയുള്ള പണം സഹായധനങ്ങളായി സംസ്ഥാന സർക്കാർ സംസ്ഥാന കമ്മീഷന് നൽകേണ്ടതാണ്. സംസ്ഥാന സർക്കാരിനാലുള്ള സഹായ ധനങ്ങൾ

(2) V-ാം അദ്ധ്യായത്തിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സംസ്ഥാന കമ്മീഷന് യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സഹായധനങ്ങളിൽ നിന്നും കൊടുക്കാവുന്ന വ്യയമായി കരുതപ്പെടേണ്ടതുമാണ്.

**34.** (1) കമ്മീഷൻ ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റ് റിക്കാർഡുകളും വച്ചുപോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി ആലോചിച്ച്, കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അക്കൗണ്ടുകളും ആഡിറ്റും

ഫാറത്തിൽ, അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റുമെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ അക്കൗണ്ടുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ, അദ്ദേഹം വിനിർദ്ദേശിക്കുന്ന ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ് കമ്മീഷൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് നൽകേണ്ടതുമാണ്.

(3) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനും ഈ ആക്റ്റിന് കീഴിൽ കമ്മീഷന്റെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് സർക്കാരിന്റെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് സാമാന്യമായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ച് ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു പ്രമാണങ്ങളും രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും കമ്മീഷന്റെ ആഫീസുകളിൽ ഏതെങ്കിലും പരിശോധിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(4) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലോ അദ്ദേഹം ഇതിലേയ്ക്കായി നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ അക്കൗണ്ടുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി കമ്മീഷൻ വർഷംതോറും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും കേന്ദ്രസർക്കാർ, അതു ലഭിച്ചശേഷം കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ ആഡിറ്റ് റിപ്പോർട്ട് വയ്പിക്കേണ്ടതുമാണ്.

**35.** (1) സംസ്ഥാന കമ്മീഷൻ ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റ് രേഖകളും വച്ചു പോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി ആലോചിച്ച്, സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന

സംസംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകളും ആഡിറ്റും

അങ്ങനെയുള്ള ഫാറത്തിൽ, അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ, അദ്ദേഹം വിനിർദ്ദേശിക്കുന്ന ഇടവേളക ളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റ് സംബ ന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ് സംസ്ഥാന കമ്മീ ഷൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് നൽകേണ്ട തുമാണ്.

(3) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനും ഈ ആക്റ്റിൻ കീഴിൽ സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച്, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് സർക്കാരിന്റെ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് സാമാന്യമായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാ രവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ച് ബുക്കുകളും അക്കൗ ണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു പ്രമാണങ്ങളും ഹാജരാക്കുവാൻ ആവശ്യപ്പെടുന്നതിനും സംസ്ഥാന കമ്മീഷന്റെ ആഫീസുകളിൽ ഏതെങ്കിലും പരിശോധിക്കു ന്നതിനും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(4) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലോ അദ്ദേഹം ഇതിലേ ക്കായി നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള സംസ്ഥാന കമ്മീഷന്റെ അക്കൗണ്ടുകൾ അതി ന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി സംസ്ഥാന കമ്മീഷൻ വർഷംതോറും സംസ്ഥാന സർക്കാരിന് അയച്ചു കൊടുക്കേ ണ്ടതും സംസ്ഥാന സർക്കാർ, അതു ലഭിച്ചശേഷം, കഴിയു ന്നത്രവേഗം സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ മുമ്പാകെ ആഡിറ്റ് റിപ്പോർട്ട് വയ്പിക്കേണ്ടതുമാണ്.

# അദ്ധ്യായം VIII

## പലവക

36.(1) സംസ്ഥാന കമ്മീഷനിലോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ യഥാവിധി രൂപീകരിക്കപ്പെട്ട മറ്റേതെങ്കിലും കമ്മീഷനിലോ നിലവിലിരിക്കുന്ന ഏതെങ്കിലും സംഗതിയിൽ കമ്മീഷൻ അന്വേഷണ വിചാരണ നടത്തുവാൻ പാടുള്ളതല്ല.

കമ്മീഷന്റെ അധികാര പരിധിക്ക് വിധേയമല്ലാത്ത സംഗതികൾ

(2) മനുഷ്യാവകാശ ലംഘനമാകുന്നതായി ആരോപിക്കപ്പെടുന്ന പ്രവർത്തി ചെയ്ത തീയതി മുതൽ ഒരു വർഷം കഴിഞ്ഞശേഷം ഏതൊരു സംഗതിയിലും കമ്മീഷനോ സംസ്ഥാന കമ്മീഷനോ അന്വേഷണ വിചാരണ നടത്തുവാൻ പാടുള്ളതല്ല.

37. തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നിടത്ത് മനുഷ്യാവകാശ ലംഘനങ്ങളിൽ നിന്നും ഉൽഭവിക്കുന്ന കുറ്റങ്ങൾ അന്വേഷിക്കുന്നതിന്റെയും പ്രോസിക്യൂട്ട് ചെയ്യുന്നതിന്റെയും ആവശ്യങ്ങൾക്കായി അത് ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒന്നോ അതിൽ കൂടുതലോ പ്രത്യേക അന്വേഷണ സംഘങ്ങൾ അതിന് രൂപീകരിക്കാവുന്നതാണ്.

പ്രത്യേക അന്വേഷണ സംഘങ്ങളുടെ രൂപീകരണം

38. കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ കമ്മീഷനോ സംസ്ഥാന കമ്മീഷനോ അതിന്റെ ഏതെങ്കിലും അംഗത്തിനോ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കമ്മീഷന്റെയോ സംസ്ഥാന കമ്മീഷന്റെയോ നിർദ്ദേശത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ എതിരായി, ഈ ആക്റ്റിനോ, അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ ഏതെ

ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.

ങ്കിലും ഉത്തരവിനോ അനുസൃതമായ, അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കമ്മീഷന്റെയോ സംസ്ഥാന കമ്മീഷന്റെയോ അധികാരത്താലോ അധികാരത്തിൻ കീഴിലോ, ഏതെങ്കിലും റിപ്പോർട്ടോ രേഖയോ നടപടികളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചോ, ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽകുന്നതല്ല.

39. കമ്മീഷനിലെയും സംസ്ഥാന കമ്മീഷനിലെയും ഓരോ അംഗവും ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ കമ്മീഷനോ സംസ്ഥാന കമ്മീഷനോ നിയമിക്കുന്നതോ അധികാരപ്പെടുത്തുന്നതോ ആയ ഓരോ ഉദ്യോഗസ്ഥനും ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക്ക് സർവ്വന്റായി കരുതപ്പെടേണ്ടതാണ്.

അംഗങ്ങളും ഉദ്യോഗസ്ഥരും പബ്ലിക സർവ്വന്റുമാരാണെന്ന്

1860 -ലെ 45,

40. (1) കേന്ദ്ര സർക്കാരിന് വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം

2. പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്. അതായത്:-

(ക) 8-ാം വകുപ്പിൻ കീഴിലുള്ള [1][ചെയർപേഴ്സന്റെയും അംഗങ്ങളുടെയും] ശമ്പളവും മറ്റു സേവന നിബന്ധനകളും ഉപാധികളും;

(ഖ) ഏത് വ്യവസ്ഥകൾക്ക് വിധേയമായാണ് കമ്മീഷൻ മറ്റ് ഭരണപരവും സാങ്കേതികവും ശാസ്ത്രീയവുമായ ജീവനക്കാരെ നിയമിക്കേണ്ടതെന്നും 11-ാം വകുപ്പ് (3) ഉപവകുപ്പിൻ കീഴിലുള്ള ഉദ്യോസ്ഥൻമാരുടേയും മറ്റു ജീവനക്കാരുടേയും

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

ശമ്പളവും ബത്തകളും;

(ഗ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ച) ഖണ്ഡത്തിൻ കീഴിൽ നിർണ്ണയിക്കപ്പെടുവാൻ ആവശ്യപ്പെട്ടിട്ടുള്ള ഒരുസിവിൽ കോടതിയുടെ മറ്റേതെങ്കിലും അധികാരം;

(ഘ) കമ്മീഷൻ 34-ാം വകുപ്പ് 1-ാം ഉപവകുപ്പിൻ കീഴിൽ അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് ഏത് ഫാറത്തിൽ തയ്യാറാക്കണമെന്നും;

(ങ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൽ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

[1][40ക.40-ാം വകുപ്പ് 2-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരത്തിൽ ഈ ആക്റ്റിന് രാഷ്ട്രപതി അനുമതി നൽകിയ തീയതിയ്ക്ക് മുൻപല്ലാത്ത ഒരു തീയതി മുതൽ അങ്ങനെയുള്ള ചട്ടങ്ങളോ അവയിൽ ഏതെങ്കിലുമോ മുൻകാലപ്രാബല്യത്തോടെ ഉണ്ടാക്കുവാനുള്ള അധികാരം ഉൾപ്പെടുന്നതും എന്നാൽ അങ്ങനെയുള്ള ചട്ടം ബാധകമാകാവുന്ന ഏതെങ്കിലും ആളുടെ താൽപര്യങ്ങളെ ദേഷകരമായി ബാധിക്കുന്ന വിധത്തിൽ അങ്ങനെയുള്ള ഏതെങ്കിലും ചട്ടത്തിന് യാതൊരു മുൻകാല പ്രാബല്യവും നൽകുവാൻ പാടില്ലാത്തതുമാകുന്നു.] മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം

[2][40ഖ. (1) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, കമ്മീഷന്, കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള കമ്മീഷന്റെ അധികാരം

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള റെഗുലേഷനുകൾ, താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(ക) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ പാലിക്കേണ്ട നടപടിക്രമം;

(ഖ) സംസ്ഥാന കമ്മീഷനുകൾ സമർപ്പിക്കേണ്ട റിട്ടേണുകളും സ്ഥിതി വിവരക്കണക്കും;

(ഗ) റെഗുലേഷനുകളാൽ വിനിർദ്ദേശിക്കപ്പെടേണ്ടതോ വിനിർദ്ദേശിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

1,2 മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ) പ്രകാരം പകരം ചേർത്തത്.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ റെഗുലേഷനും അത് ഉണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ പാർല മെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ച യായുള്ള സമ്മേളനങ്ങൾക്കോ രണ്ടോ അതിലധികമോ സമ്മേളനത്തിലോ ആയി ആകെ മുപ്പത് ദിവസ ക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളന ത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരുസഭ കളും ആ റെഗുലേഷനിൽ എന്തെങ്കിലും രൂപഭേദം വരു ത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ റെഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്നതിൽ യോജിക്കു കയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ റെഗുലേ ഷന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടു ത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നി രുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടു ത്തലോ പ്രഭാവശൂന്യമാക്കലോ ആ റെഗുലേഷനു കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.]

**ചട്ടങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം**

41.(1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യ തയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതി കൾക്ക് വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്:-

(ക) 26-ാം വകുപ്പിൻ കീഴിൽ [1][ചെയർപേഴ്സന്റെയും അംഗങ്ങ ളുടെയും]ശമ്പളവും ബത്തകളും മറ്റും സേവന നിബന്ധ നകളും ഉപാധികളും;

---

1. മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ആക്റ്റ്, 2006 (2006-ലെ 43-ാം നമ്പർ പ്രകാരം പകരം ചേർത്തത്.

(ഖ) ഏത് വ്യവസ്ഥകൾക്ക് വിധേയമായാണ് സംസ്ഥാന കമ്മീഷൻ മറ്റ് ഭരണപരവും സാങ്കേതികവും ശാസ്ത്രീയവുമായി ജീവനക്കാരെ നിയമിക്കേണ്ടതെന്നും 27-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ ഉദ്യോഗസ്ഥർക്കും മറ്റു സ്റ്റാഫിനും ഉള്ള ശമ്പളവും ബത്തകളും;

(ഗ) 35-ാം വകുപ്പ് 1-ാം ഉപവകുപ്പിൻകീഴൽ അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് ഏത് ഫാറത്തിൽ തയ്യാറാക്കണമെന്ന്.

(3) ഈ വകുപ്പിൻ കീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗത്തിൽ, സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിൽ രണ്ടു സഭകൾ ഉള്ളിടത്ത് ഓരോ സഭയുടേയും മുമ്പാകെ, അഥവാ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലത്തിൽ ഒരു സഭ ഉള്ളിടത്ത്, ആ സഭയുടെ മുമ്പാകെ, വയ്ക്കേണ്ടതാണ്.

**42.** (1)ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവു വഴി, ആ വിഷമത നീക്കുന്നതിന് ആവശ്യമെന്നോ സമീചീനമെന്നോ അതിന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകളോട് അസംഗതമല്ലാത്ത, അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

43. (1) മനുഷ്യാവകാശ സംരക്ഷണ ഓർഡിനൻസ്, 1993 ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു. റദ്ദാക്കലും ഒഴിവാക്കലും (1993-ലെ 30-ാം ഓർഡിനൻസ്)

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും മുൻപറഞ്ഞ ഓർഡിനൻസിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്ക് കീഴിൽ എടുത്തതോ ചെയ്തതോ ആയി കരുതപ്പെടേണ്ടതാണ്.

# 1998 –ലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചട്ടങ്ങൾ

**I. ചുരുക്കപ്പേരും പ്രാരംഭവും** - (1) ഈ ചട്ടങ്ങൾക്ക് 1998-ലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.*

**2. നിർവചനങ്ങൾ.** - (1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:-

(എ) "ആക്റ്റ്" എന്നാൽ 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റ് (1994-ലെ 10-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) "ചെയർപേഴ്സൺ" എന്നാൽ ആക്റ്റിലെ 22-ാം വകുപ്പ് പ്രകാരം നിയമിതനായ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) "കമ്മീഷൻ" എന്നാൽ ആക്റ്റിലെ 21-ാം വകുപ്പ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഡി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

**3. ആസ്ഥാനം.** - സംസ്ഥാന മനുഷ്യാവകാശകമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കുന്നതാണ്.

**4. ശമ്പളം.** - (1) (എ) ചെയർപേഴ്സന് ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസിന്റെ ശമ്പളത്തിനും ബത്തകൾക്കും തുല്യമായ ശമ്പളവും ബത്തകളും;

(ബി) അംഗത്തിന്, ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ ശമ്പളത്തിനും ബത്തകൾക്കും തുല്യമായ ശമ്പളവും ബത്തകളും; നൽകേണ്ടതാണ്:

---

* എസ്സ്.ആർ.ഒ. നമ്പർ 649/98 ആയി 1998 ആഗസ്റ്റ് 3-ാം തീയതിയിലെ 1263-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി.

എന്നാൽ ചെയർപേഴ്സനോ ഒരംഗമോ അദ്ദേഹത്തിന്റെ നിയമന സമയത്ത് അദ്ദേഹം ഏതെങ്കിലും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ വാങ്ങാൻ അർഹനായിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ അദ്ദേഹം; കേന്ദ്രസർക്കാരിനോ ഒരു സംസ്ഥാന സർക്കാരിനോ കീഴിലെ ഏതെങ്കിലും മുൻകാല സേവനം സംബന്ധമായ ഒരു പെൻഷൻ (അവശത അല്ലെങ്കിൽ ക്ഷത പെൻഷൻ അല്ലാതെയുള്ളത്) ഡ്രാ ചെയ്യാനോ സ്വീകരിക്കാനോ തിരഞ്ഞെടുക്കുമ്പോൾ ചെയർപേഴ്സനായോ അല്ലെങ്കിൽ ഒരംഗമായോ, അതതു സംഗതിപോലെയുള്ള, അദ്ദേഹത്തിന്റെ സേവനം സംബന്ധിച്ച ശമ്പളത്തിൽ നിന്നും,-

(i) അപ്രകാരമുള്ള പെൻഷൻ തുകയും;

(ii) ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് അദ്ദേഹം അപ്രകാരമുള്ള മുൻകാല സേവനം സംബന്ധിച്ച അർഹമായ പെൻഷന്റെ ഒരു ഭാഗത്തിന് പകരമായി സംരാശീകൃതമൂല്യം സ്വീകരിച്ചിരുന്നുവെങ്കിൽ പെൻഷന്റെ അപ്രകാരമുള്ള ഭാഗത്തിന്റെ തുകയും;

(iii)ഡ്രാ ചെയ്യപ്പെട്ടിട്ടുള്ളതോ, സ്വീകരിക്കപ്പെട്ടിട്ടുള്ളതോ അഥവാ അദ്ദേഹത്താൽ ഡ്രാ ചെയ്യപ്പെടാവുന്നതോ സ്വീകരിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും രൂപത്തിലുള്ള സേവന വിരാമ ആനുകൂല്യവും,

കുറവ് വരുത്തേണ്ടതാണ്.

(2) ഒരാൾ, അദ്ദേഹത്തെ കമ്മീഷനിലെ ഒരംഗമായി നിയമിക്കുന്ന തീയതി ഇൻഡ്യാ സർക്കാരിന്റെയോ കേരള സംസ്ഥാന സർക്കാരിന്റെയോ സർവ്വീസിൽ ഒരു ജില്ലാ ജഡ്ജിയായോ ഒരു ഉദ്യോഗസ്ഥനായോ സേവനമനുഷ്ഠിച്ചിരുന്നുവെങ്കിൽ അദ്ദേഹം കമ്മീഷനിലെ ഒരംഗമായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ സേവനത്തിൽ നിന്നും വിരമിച്ചതായി കരുതപ്പെടുന്നതാണ്.

5. <u>അവധി</u> - (1) ചെയർപേഴ്സനായോ അംഗമായോ നിയമിക്കപ്പെടുന്ന ഒരാളിന് താഴെപ്പറയും പ്രകാരം അവധിക്കു അവകാശമുണ്ടായിരിക്കുന്നതാണ്:-

(i) സേവനത്തിന്റെ ഓരോ പൂർത്തിയായ കലണ്ടർ വർഷത്തിനോ അഥവാ അതിന്റെ ഭാഗത്തിനോ പതിനഞ്ച് ദിവസമെന്ന നിരക്കിൽ ആർജിത അവധി;

(ii) സേവനത്തിന്റെ ഓരോ പൂർത്തിയായ വർഷത്തിനും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ സ്വകാര്യ ആവശ്യത്തിനോ ഇരുപതു ദിവ

സമെന്ന നിരക്കിൽ അർദ്ധവേതന അവധിയും അർദ്ധവേതന അവധിക്കുള്ള അവധി വേതനം ആർജിത അവധിക്കു അനുവദിക്കപ്പെടാവുന്ന വേതനത്തിന്റെ പകുതിക്കു തുല്യമായിരിക്കുന്നതാണ്.

(iii) അർദ്ധവേതന അവധി പൂർണ്ണ ശമ്പളത്തോടുകൂടിയ അവധിയായി ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ സ്വനിർണ്ണയത്തിൻമേൽ അത് ചികിത്സാ ആവശ്യത്തിനുവേണ്ടിയും ക്ഷമതയുള്ള അധികാരസ്ഥാനത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെയുമാണ് എടുത്തിട്ടുള്ളതെങ്കിൽ കൈമാറ്റം ചെയ്യാവുന്നതാണ്.

(iv) ഒരു ഉദ്യോഗകാലാവധിക്കകം പരമാവധി നൂറ്റി എൺപത് ദിവസംവരെ ശമ്പളവും ബത്തകളും കൂടാതെയുള്ള അസാധാരണ അവധി.

(2) കമ്മിഷനിലെ സേവന കാലാവധി പൂർത്തിയാകുമ്പോൾ ചെയർപേഴ്സനും അംഗങ്ങൾക്കും ഈ ഉപചട്ടപ്രകാരമോ അഥവാ മുൻ സർവീസിൽനിന്നും വിരമിച്ച സമയത്തോ പണമാക്കി മാറ്റിയ പരമാവധി അവധി, അതതു സംഗതിപോലെ, യാതൊരു സംഗതിയിലും 240 ദിവസത്തിൽ കവിയാൻ പാടില്ലാ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവരുടെ വരവു കണക്കിൽ കാണുന്ന ആർജിത അവധി സംബന്ധിച്ച് അവധി ശമ്പളത്തിന് തുല്യമായ തുക ലഭിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ചെയർപേഴ്സനും അംഗത്തിനും ഉപചട്ടം (2) പ്രകാരമുള്ള അവധി ശമ്പളത്തിന്മേൽ അനുവദനീയമായ ക്ഷാമബത്ത അവർ കമ്മീഷനിലെ ഉദ്യോഗം വിട്ടൊഴിയുന്ന ദിവസം നിലവിലുള്ള നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ അയാൾ അപ്രകാരമുള്ള അവധിയിന്മേൽ നഗരപ്രതികര ബത്തക്കോ മറ്റേതെങ്കിലും ബത്തക്കോ അർഹനായിരിക്കുന്നതല്ലാത്തതുമാകുന്നു.

(4) ഒരു ഹൈക്കോടതിയിലെ ഒരു ഉപവേശിക്കുന്ന ജഡ്ജിയെ അംഗമായി നിയമിക്കുമ്പോൾ, ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നിരുന്നാലും, 1954-ലെ ഹൈക്കോടതി ജഡ്ജിമാർ (സേവന നിബന്ധനകൾ) ആക്റ്റിലെ II-ാം അദ്ധ്യായം അദ്ദേഹത്തിനു, ഹൈക്കോടതിയിലെ ഉപവേശിക്കുന്ന ജഡ്ജിയായി അദ്ദേഹത്തിന്റെ അധിവർഷത ദിവസംവരെ ബാധകമായിരിക്കുന്നതും അതിനുശേഷം ഈ ചട്ടങ്ങളിലെ (1) മുതൽ (3) വരെ ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അവധിക്ക് അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

**6. അവധിയാത്രാ ആനുകൂല്യം.** - ചെയർപേഴ്സനും അംഗങ്ങൾക്കും ഒരു ഹൈക്കോടതി ജഡ്ജിക്കു ബാധകമായ അതേ നിരക്കിലും, അതേ തോതിലും, അതേ നിബന്ധനകളിന്മേലും അവധി യാത്രാ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**7. അവധി അനുവദിക്കാൻ ക്ഷമതയുള്ള അധികാരസ്ഥാനം.** - ചെയർപേഴ്സനും ഒരു അംഗത്തിനും അവധി അനുവദിക്കാനും നിരസിക്കാനും അഥവാ അനുവദിച്ച അവധി പിൻവലിക്കാനും വെട്ടിക്കുറക്കാനുമുള്ള അധികാരം ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

**8. യാത്രാബത്തകൾ.** - ചെയർപേഴ്സനും അംഗത്തിനും യാത്രാ വേളകളിൽ (കമ്മീഷനിൽ ചേരുന്നതിനു വേണ്ടി അഥവാ അദ്ദേഹത്തിന്റെ കമ്മീഷനിലെ കാലാവധി അവസാനിച്ചതിനുശേഷം തന്റെ താമസസ്ഥലത്തേക്ക് പോകുന്നതിന് നടത്തിയ യാത്ര ഉൾപ്പെടെ) കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് അനുവദനീയമായ അതേ നിരക്കിൽ യാത്രാബത്തകൾക്കും സ്വന്തം സാധനങ്ങൾ കൊണ്ടുപോകുന്നതിനും അതുപോലുള്ള മറ്റു സംഗതികൾക്കുമുള്ള ബത്തകൾക്കും ദിനബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

**9. മറ്റു സേവന നിബന്ധനകൾ.** - 1954-ലെ ഹൈക്കോടതി ജഡ്ജിമാർ (സേവന നിബന്ധനകൾ) ആക്റ്റിലെ IV-ാം അദ്ധ്യായ പ്രകാരവും അതിൻ പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് തത്സമയം ബാധകമായിടത്തോളം വാടക സൗജന്യ താമസസൗകര്യം, വാഹനസൗകര്യം, ചികിത്സാസൗകര്യം, മറ്റു സേവന നിബന്ധനകളുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ചെയർപേഴ്സനും അംഗങ്ങൾക്കും ബാധകമാവുന്നതാണ്.

**10. സേവനത്തിലിരിക്കുമ്പോൾ വരിക്കാരനാകാനുള്ള അവകാശം.** - ചെയർപേഴ്സനായോ അംഗമായോ ഉദ്യോഗം വഹിക്കുന്ന ഏതൊരാളും പൊതു പ്രോവിഡന്റ് ഫണ്ടി (കേരള)ലെ വരിക്കാരനാകാൻ അർഹനായിരിക്കുന്നതാണ്.

**11. ശിഷ്ടവ്യവസ്ഥകൾ.** - ചെയർപേഴ്സന്റേയും അംഗങ്ങളുടേയും ഏതെങ്കിലും സേവന വ്യവസ്ഥകൾ സംബന്ധിച്ച് പ്രകടമായ വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടില്ലെങ്കിൽ അവ ഒരു ചീഫ് ജസ്റ്റിസിനോ അഥവാ ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജിക്കോ തത്സമയം ബാധകമായ ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ചു അതതു സംഗതിപോലെ തീരുമാനിക്കേണ്ടതാണ്.

**12. <u>രാജി.</u>** - ഒരു ചെയർപേഴ്സനോ അംഗത്തിനോ ഗവർണ്ണറെ അഭിസംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിയ ലിഖിതംമുഖേന തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും ഗവർണ്ണർ രാജി സ്വീകരിക്കുന്ന ദിവസം മുതൽ അത് പ്രാബല്യത്തിൽ വരുന്നതുമാണ്.

**13. <u>സംസ്ഥാന കമ്മീഷനിലെ ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും.</u>** - (1) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ചേർന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർവീസ്സ് രൂപവൽക്കരിക്കപ്പെടുന്നതാണ്.

(2) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാരുടെ എണ്ണം, നിയമനരീതി, ശമ്പളസ്കെയിൽ എന്നിവ ഈ ചട്ടങ്ങളിലെ I-ാം പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരവും അഥവാ കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ തീരുമാനിക്കപ്പെടുന്നതു പ്രകാരവും ആയിരിക്കുന്നതാണ്.

(3) നേരിട്ടുള്ള നിയമനത്തിന്റെ എല്ലാ സംഗതികളിലും 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ II-ാം ഭാഗത്തിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.

(4) സർവ്വീസിലെ സെലക്ഷൻ കാറ്റാഗറിയിലേക്കോ ഗ്രേഡുകളിലേക്കോ നിയമനത്തിനുവേണ്ടി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രൂപീകരിയ്ക്കുന്ന ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി ആയിരിക്കേണ്ടതാണ്.

(5) സംസ്ഥാന മനുഷ്യാവകാശകമ്മീഷനിലെ ഉദ്യോഗസ്ഥന്മാർക്കും മറ്റ് ജീവനക്കാർക്കും സമാന ശമ്പളസ്കെയിലിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ എല്ലാ ബത്തകൾക്കും ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

(6) നിയമനത്തിനുള്ള പ്രായപരിധി, പ്രൊബേഷൻ, ശമ്പളവും ബത്തകളും, അച്ചടക്കനടപടി, ആനുകൂല്യങ്ങളും, അവകാശങ്ങളും, ഉദ്യോഗത്തിൽ നിന്നും വിരമിക്കുന്നതിനുള്ള പ്രായം എന്നിവ സംബന്ധിച്ച സംഗതികളിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ഉദ്യോഗസ്ഥന്മാരെയും മറ്റു ജീവനക്കാരെയും സംസ്ഥാന സർക്കാരിന്റെ സർവ്വീസിലെ തുല്യതസ്തികകൾ വഹിക്കുന്ന ആളുകൾക്ക് ബാധമായ ചട്ടങ്ങൾ നിയന്ത്രിക്കുന്നതാണ്.

**14. ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അന്വേഷണോദ്യോഗസ്ഥന്മാരുടെയും ഭരണവും ശിക്ഷണ നിയന്ത്രണവും.** - ആക്റ്റിലെ 27-ാം വകുപ്പിൽ പരാമർശിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ആക്റ്റിൻ കീഴിലെ അവരുടെ കർത്തവ്യങ്ങൾ നിർവഹിക്കുമ്പോൾ അവർ കമ്മീഷനിലെ സേവനത്തിൽ ആയിരിക്കുന്നിടത്തോളം കമ്മീഷന്റെ അനന്യമായ ഭരണപരവും ശിക്ഷണപരവുമായ നിയന്ത്രണത്തിന് വിധേയരായിരിക്കുന്നതാണ്.

**15. അന്വേഷണസംഘം.** - കമ്മീഷന് അത് നിയമിക്കുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരാളുടെ നേതൃത്വത്തിൽ അതിന്റെ സ്വന്തം അന്വേഷണ സംഘം ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള സംഘത്തിൽ കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ അതത് സമയം വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള പോലീസ് കാറ്റഗറികളും മറ്റ് ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്നതും ആണ്.

(ചട്ടം 13 കാണുക)

| ക്രമ നമ്പർ | കാറ്റഗറി | ശമ്പള സ്കെയിൽ | തസ്തികക ളുടെ എണ്ണം | യോഗ്യത കൾ | നിയമനരീതി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | രജിസ്ട്രാർ | – | 1 | – | സെക്രട്ടേറിയറ്റ് നിയമവകുപ്പി ലെ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറികാറ്റഗറിയിൽ നിന്നും ഡെപ്യൂട്ടേഷൻ പ്രകാരം |
| 2. | അഡ്മിനിസ്ട്രേ റ്റീവ് ഓഫീസർ | – | 1 | – | സെക്രട്ടറിയേറ്റിലെ പൊതുഭര ണ വകുപ്പിലെ ഗവൺമെന്റ് ജോയിന്റ്സെക്രട്ടറി കാറ്റഗറി നിന്നും ഡെപ്യൂട്ടേഷൻ പ്രകാരം |
| 3. | ഫൈനാൻസ് ഓഫീസർ | – | 1 | – | സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിലെ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി കാറ്റഗറിയിൽ നിന്നും ഡെപ്യൂട്ടേഷൻപ്രകാരം |
| 4. | സെക്ഷൻ ഓഫീസർ | – | 2 | – | നിയമ വകുപ്പിലെ സെക്ഷൻ ഓഫീസർ കാറ്റഗറിയിൽ നിന്നും ഡെപ്യൂട്ടേഷൻപ്രകാരം |
| 5. | കോർട്ട് ഓഫീസർ | – | 1 | – | നീതിന്യായ വകുപ്പിലെ കോർട്ട് ഓഫീസർ കാറ്റഗറിയിൽ നിന്നോ തതുല്യമായ തസ്തി കയിൽ നിന്നോ ഡെപ്യൂട്ടേ ഷൻ പ്രകാരം |
| 6. | അസിസ്റ്റന്റ ഗ്രേഡ് I | – | 6 | – | നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II കാറ്റഗ റിയിൽ നിന്നോ നീതിന്യായ മിനിസ്റ്റീരിയൽ സർവീസിലെ സമാന കാറ്റഗറിയിൽ നിന്നോ അഥവാ സർക്കാരിന്റെ കീഴി ലെ മറ്റേതെങ്കിലും സബോർ |

| | | | | |
|---|---|---|---|---|
| | | | | ഡിനേറ്റ് സർവീസിൽനിന്നോ ഡെപ്യൂട്ടേഷൻ പ്രകാരം |
| 7. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 | – | 2 | – | നിയമവകുപ്പിലെ കോൺഫി ഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II കാറ്റഗറിയിൽ നിന്നോ മറ്റേ തെങ്കിലും സബോർഡിനേറ്റ് സർവീസിലെ സമാന കാറ്റഗ റിയിൽപ്പെട്ട ഉദ്യോഗസ്ഥന്മാ രിൽ നിന്നോ ഡെപ്യൂട്ടേഷൻ പ്രകാരം |
| 8. ടൈപ്പിസ്റ്റ് ഗ്രേഡ് 2 | – | 2 | – | നിയമവകുപ്പിലെ ടൈപ്പിസ്റ്റ് ഗ്രേഡ് II കാറ്റഗറിയിൽനിന്നോ മറ്റേതെങ്കിലും സബോർഡിനേറ്റ് സർവ്വീസിലെ സമാന കാറ്റഗ റിയിൽപ്പെട്ട ഉദ്യോഗസ്ഥരിൽ സമാനവിഭാഗത്തിൽ നിന്നോ ഡെപ്യൂട്ടേഷൻ പ്രകാരം |
| 9. ഡ്രൈവർ | – | 2 | – | സബോർഡിനേറ്റ് സർവീ സിലെയോ നിയമ വകുപ്പിലെ യോ ഡ്രൈവർ കാറ്റഗറിയിൽ നിന്നും ഡെപ്യൂട്ടേഷൻ പ്രകാരം |
| 10. ശിപായി | – | 5 | – | സബോർഡിനേറ്റ് സർവീ സിലെയോ നിയമ വകു പ്പിലെയോ ശിപായികാറ്റഗറി യിൽനിന്നും ഡെപ്യൂട്ടേഷൻ പ്രകാരം |
| 11. പാർട്ട്ടൈം തൂപ്പുകാരൻ | – | 1 | – | കേരള പാർട്ട്ടൈം കണ്ടിജന്റ് സർവീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ |

# 2001 –ലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (നടപടിക്രമം) റഗുലേഷനുകൾ

## അധ്യായം I

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u> - (എ) ഈ റഗുലേഷനുകൾക്ക് 2001-ലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (നടപടിക്രമം) റഗുലേഷനുകൾ എന്ന് പേര് പറയാം.

(ബി) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.*

2. <u>നിർവചനങ്ങൾ</u> - (1) ഈ റഗുലേഷനുകളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) "ആക്റ്റ്" എന്നാൽ മനുഷ്യാവകാശ സംരക്ഷണ ആക്റ്റ്, 1993(1994-ലെ 10-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) "ചെയർപേഴ്സൻ" എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൻ എന്ന് അർത്ഥമാകുന്നു;

(സി) "നിയമസംഹിത" എന്നാൽ 1908-ലെ സിവിൽ നടപടി നിയമസംഹിത എന്നർത്ഥമാകുന്നു;

(ഡി) "കമ്മീഷൻ" എന്നാൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇ) "പരാതി" എന്നാൽ ആക്റ്റിലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തോട്, 21-ാം വകുപ്പ് (5)-ാം ഉപവകുപ്പ് കൂട്ടിവായിച്ച പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള എല്ലാമോ, ഏതെങ്കിലുമോ മനുഷ്യാവകാശ ലംഘനമോ അതിന്റെ പ്രേരണയോ അപ്രകാരമുള്ള ലംഘനം തടയുന്നതിൽ ഒരു പബ്ലിക് സർവ്വന്റ് കാണിച്ച ഉപേക്ഷയോ ആരോപിച്ചുകൊണ്ട് ഒരു ഇരയിൽ നിന്നോ അഥവാ അയാൾക്കുവേണ്ടിയോ നേരിട്ടോ തപാലിലൂടെയോ, ടെലിഗ്രാമിലൂടെയോ ഫാക്സിലൂടെയോ അല്ലെങ്കിൽ മറ്റേന്തു മാർഗ്ഗത്തിലൂടെയായാലും കമ്മീഷന് ലഭിച്ച എല്ലാ ഹർജികളും അല്ലെങ്കിൽ സന്ദേശങ്ങളും എന്നർത്ഥമാകുന്നു.

(എഫ്)"ക്രിമിനൽ നടപടി നിയമസംഹിത" എന്നാൽ 1973-ലെ ക്രിമിനൽ

---

*2001 നവംബർ 6-ാം തീയതിയിലെ 1705-ാം നമ്പർ കേരള ഗസറ്റ് അസാധാരണം വാല്യം 46-ൽ പ്രസിദ്ധപ്പെടുത്തി.

നടപടി നിയമസംഹിത എന്നർത്ഥമാകുന്നു;

(ജി) "പ്രധാന അന്വേഷണോദ്യോഗസ്ഥൻ" എന്നാൽ കമ്മീഷന്റെ അന്വേഷണ സംഘത്തിലെ പ്രധാന അന്വേഷണോദ്യോഗസ്ഥനായി എന്ന് സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ആൾ എന്നർത്ഥമാകുന്നു;

(എച്ച്)"ഡിവിഷൻ" എന്നതിൽ ചെയർ പേഴ്സൻ രൂപീകരിക്കുന്ന കമ്മീഷനിലെ ഭരണ ഡിവിഷനും നിയമ ഡിവിഷനും അന്വേഷണ ഡിവിഷനിലെയും ഗവേഷണ ഡിവിഷനും മറ്റേതെങ്കിലും ഡിവിഷനുകളിലെ വ്യത്യസ്ത വിഭാഗങ്ങളും എന്ന് അർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാണ്;

(ഐ) "ഡിവിഷൻ ബഞ്ച്" എന്നാൽ ചെയർപേഴ്സൻ രൂപീകരിക്കുന്ന കമ്മീഷനിലെ രണ്ട് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബഞ്ച് എന്നോ ചെയർപേഴ്സനും ഒരംഗവും ഉൾക്കൊള്ളുന്ന ഒരു ബഞ്ച് എന്നോ അർത്ഥമാകുന്നു;

(ജെ) "ഫോറം" എന്നാൽ ഈ റഗുലേഷനുകളോട് അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫോറം എന്നർത്ഥമാകുന്നു;

(കെ) "ഫുൾബഞ്ച്" എന്നാൽ ചെയർപേഴ്സൻ രൂപീകരിക്കുന്ന കമ്മീഷന്റെ ചെയർപേഴ്സനും രണ്ട് അംഗങ്ങളും ഉൾക്കൊള്ളുന്ന ഒരു ബഞ്ച് എന്നർത്ഥമാകുന്നു;

(എൽ)"സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "ഇൻഡ്യൻ ശിക്ഷാ നിയമം" എന്നാൽ 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമം എന്നർത്ഥമാകുന്നു;

(എൻ)"അംഗം" എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൻ ഉൾപ്പെടുന്നതുമാണ്;

(ഒ) "രജിസ്ട്രാർ" എന്നാൽ കമ്മീഷന്റെ രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(പി) "റഗുലേഷനുകൾ" എന്നാൽ കമ്മീഷൻ ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ക്യു) "ചട്ടങ്ങൾ" എന്നാൽ 1998-ലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ആർ)സെക്രട്ടറി എന്നാൽ കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(എസ്)"സിംഗിൾബഞ്ച്" എന്നാൽ ചെയർപഴ്സനോ അഥവാ ചെയർപേഴ്സൻ രൂപീകരിച്ചേക്കാവുന്ന കമ്മീഷനിലെ ഒരംഗം ഉൾക്കൊള്ളുന്നതോ ആയ ഒരു ബഞ്ച് എന്നർത്ഥമാകുന്നു;

(റ്റി)"മേഖല" എന്നതിൽ, സംസ്ഥാനത്ത് ഭരണപരവും പ്രവൃത്തിപരവുമായ സൗകര്യത്തിനുവേണ്ടി കമ്മീഷൻ ഉണ്ടാക്കുന്ന ഒരു ഭാഗം എന്നർത്ഥമാകുന്നതും ഉൾക്കൊള്ളുന്നതുമാണ്.

(2) ഈ റഗുലേഷനുകളിൽ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ററിലോ ചട്ടങ്ങളിലോ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിലോ ചട്ടങ്ങളിലോ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## കമ്മീഷന്റെ സിറ്റിംഗുകൾ

3. **യോഗം ചേരുന്ന സ്ഥലം** – കമ്മീഷൻ സാധാരണയായി അതിന്റെ യോഗങ്ങളും സിറ്റിംഗുകളും ആസ്ഥാനത്ത് എല്ലാ മാസത്തിന്റെയും ആദ്യത്തെയും അവസാനത്തെയും ആഴ്ചകളിൽ കൂടേണ്ടതാണ്. എന്നിരുന്നാലും ചെയർപേഴ്സന്റെ വിവേചനാധികാരത്തിൽ കമ്മീഷന് അതിന്റെ യോഗങ്ങളും സിറ്റിംഗുകളും സംസ്ഥാനത്തെ മറ്റേതൊരു സ്ഥലത്തും ചേരാവുന്നതാണ്.

4. **ക്യാമ്പ് സിറ്റിംഗ്** – വ്യക്തിഗതമായ കേസുകളുടെ ആവശ്യകത കണക്കിലെടുത്തുകൊണ്ടും പൊതുജനതാൽപര്യം മുൻനിർത്തിയും ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലും കമ്മീഷന് ക്യാമ്പ് സിറ്റിംഗുകൾ നടത്താവുന്നതാണ്.

5. **അസാധാരണ യോഗങ്ങൾ** – ചെയർപേഴ്സന് അദ്ദേഹത്തിന്റെ സ്വമനസ്സാലെയോ കമ്മീഷനിലെ ഏതെങ്കിലും അംഗം ആവശ്യപ്പെടുന്ന പ്രകാരമോ അടിയന്തിരമായ ഏതെങ്കിലും പ്രത്യേക കാര്യം പരിഹരിക്കുന്നതിനായി കമ്മീഷന്റെ

പ്രത്യേക യോഗങ്ങൾ സൗകര്യമുള്ള ഏതൊരു സ്ഥലത്തും വിളിച്ചുകൂട്ടാൻ ഉത്തരവിടാവുന്നതാണ്.

6. മേഖലകൾ - കമ്മീഷന്റെ ചുമതലകൾ സൗകര്യപ്രദമായി നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് താഴെ കാണിച്ചിട്ടുള്ളതുപോലെ മൂന്നു മേഖലകൾ ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| ഉത്തരമേഖല | - | കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട് ജില്ലകൾ |
| മധ്യമേഖല | - | തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾ |
| ദക്ഷിണമേഖല | - | ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകൾ |

7. മേഖലകളുടെ ചുമതല - ഒരു മേഖലയുടെ ചുമതല കമ്മീഷൻ അധികാരപ്പെടുത്തിയ ഒരു അംഗത്തിനായിരിക്കുന്നതാണ്. എന്നാൽത്തന്നെയും ചെയർപേഴ്സന് ഭരണപരവും പ്രവൃത്തിപരവുമായ സൗകര്യം പരിഗണിച്ചുകൊണ്ട് ഒരംഗത്തിന്റെ കീഴിൽ പെടുത്തിയ ഒരു പ്രത്യേക ജില്ലയോ ജില്ലകളോ മറ്റൊരു അംഗത്തിന് മാറ്റി നൽകാവുന്നതാണ്.

8. ഉദ്യോഗസ്ഥന്മാർ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് - ചെയർപേഴ്സൻ ആവശ്യപ്പെടുന്ന പക്ഷം കമ്മീഷന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥന്മാരോ കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

9. ആഫീസ് സമയം - ആഫീസിന്റെ പ്രവൃത്തിസമയം ഉച്ചയ്ക്കുമുമ്പ് രാവിലെ 10 മണി മുതൽ 1 മണിവരെയും ഉച്ചയ്ക്കുശേഷം 2 മണിമുതൽ 5 മണിവരെയുമോ അഥവാ കമ്മീഷൻ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള മറ്റു സമയങ്ങളോ ആയിരിക്കേണ്ടതാണ്.

10. സിറ്റിംഗിന്റെ സമയം - കമ്മീഷൻ സാധാരണയായി രാവിലെ 11 മണി മുതൽ വൈകുന്നേരം 5 മണിവരെ ഒരു മണിക്കൂറിൽ കൂടാതെയുള്ള ഒരു ഇടവേളയോടുകൂടി സിറ്റിംഗ് നടത്തേണ്ടതാണ്.

11. യോഗത്തിന്റെ കാര്യപരിപാടി - സെക്രട്ടറി ചെയർപേഴ്സനുമായി കൂടിയാലോചിച്ചുകൊണ്ടോ അഥവാ ചെയർപേഴ്സന്റെ അസാന്നിദ്ധ്യത്തിൽ ഈ ആവശ്യത്തിനുവേണ്ടി ചെയർപേഴ്സൻ സ്ഥാനനിർദ്ദേശം ചെയ്യുന്ന അംഗവുമായി കൂടിയാ

ലോചിച്ചുകൊണ്ടോ കമ്മീഷന്റെ ഓരോ യോഗത്തിനുമുള്ള കാര്യപരിപാടി തയ്യാറാക്കേണ്ടതും കാര്യപരിപാടിയിലുള്ള ഓരോ ഇനത്തിനും സമഗ്രമായ കുറിപ്പുകൾ തയ്യാറാക്കിക്കേണ്ടതുമാണ്. കാര്യപരിപാടിയും അതിന്മേലുള്ള കുറിപ്പുകളും ചെയർപേഴ്സനും അംഗങ്ങൾക്കും വേണ്ടത്ര മുൻകൂറായി, ഏതൊരു സംഗതിയിലും നിർദ്ദിഷ്ടയോഗത്തിന്റെ തീയതിക്ക് മൂന്ന് വ്യക്തമായ ദിവസങ്ങൾക്ക് മുൻപ്, ലഭ്യമാക്കിയിരിക്കേണ്ടതാണ്.

12. <u>യോഗനടപടിക്കുറിപ്പുകൾ</u> - (എ) കമ്മീഷന്റെ ഓരോ യോഗത്തിന്റെയും നടപടിക്കുറിപ്പുകൾ യോഗസമയത്തുതന്നെയോ അഥവാ അതിനുശേഷം ഉടൻ തന്നെയോ സെക്രട്ടറിയോ നിർദ്ദേശിക്കപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ രേഖപ്പെടുത്തേണ്ടതാണ്. അങ്ങനെയുള്ള നടപടിക്കുറിപ്പുകൾ കഴിയുന്നത്ര വേഗത്തിലും ഏതൊരു സംഗതിയിലും അടുത്തയോഗം തുടങ്ങുന്നതിന് മൂന്ന് വ്യക്തമായ ദിവസങ്ങൾക്ക് മുമ്പായും ചെയർപേഴ്സനും അംഗങ്ങൾക്കും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി താമസംകൂടാതെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) യോഗത്തിൽ പരിഗണിച്ച സംഗതികളിൽ കമ്മീഷന്റെ തീരുമാനങ്ങൾ നടപടിക്കുറിപ്പുകളിൽ ഉൾക്കൊണ്ടിരിക്കേണ്ടതാണ്. വിയോജന അഭിപ്രായങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയും നടപടികുറിപ്പുകളിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(സി) പരിഗണനയിലുള്ള ഏതെങ്കിലും സംഗതിയിന്മേൽ വിയോജന അഭിപ്രായം പ്രകടിപ്പിക്കപ്പെടുന്ന അവസരങ്ങളിൽ ഭൂരിപക്ഷത്തിന്റെ തീരുമാനത്തിന് അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്.

13. <u>നടപടികുറിപ്പുകളുടെ രേഖപ്പെടുത്തൽ</u> - കമ്മീഷന്റെ ഏതൊരു യോഗത്തിന്റെയും, ചെയർപേഴ്സൻ യഥാവിധി അംഗീകരിച്ച നടപടിക്കുറിപ്പുകളുടെ ഒരു പകർപ്പ് സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നടപടിക്കുറിപ്പുകളിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് എടുത്ത് ഓഫീസ് തുടർനടപടികൾ എടുക്കേണ്ടതാണ്.

14. <u>എടുത്ത നടപടികളുടെ റിപ്പോർട്ട്</u> - മുൻയോഗങ്ങളിലെ തീരുമാനങ്ങളിൽ തുടർനടപടികൾ ആവശ്യമില്ലാത്തവ ഒഴിച്ചുള്ള ഓരോ ഇനത്തിലെയും എടുത്ത നടപടികളുടെ നിലവിലെ നടപടിഘട്ടം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് സെക്രട്ടറി വയ്ക്കേണ്ടതാണ്.

15. <u>പരാതികളിലെ ഭാഷ</u> - കമ്മീഷന് മലയാളത്തിലോ ഇംഗ്ലീഷിലോ ഇന്ത്യൻ ഭരണഘടനയിലെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഭാഷയിലോ

പരാതികൾ നൽകാവുന്നതാണ്. എന്നാൽ മലയാളത്തിലോ ഇംഗ്ലീഷിലോ അല്ലാതെ ഏതെങ്കിലും ഭാഷയിൽ പരാതികൾ നൽകുമ്പോൾ മലയാളത്തിലോ ഇംഗ്ലീഷിലോ ഉള്ള പരാതിയുടെ തർജ്ജമ ചെയ്യപ്പെട്ട പരിഭാഷ കൂടി നൽകേണ്ടതാണ്.

**16. പരാതികളുടെ സ്വഭാവം** - (i) ഏതൊരു പരാതിയും പരാതിക്കാസ്പദമായ സംഗതിയുടെ ഒരു പൂർണ്ണചിത്രം വെളിപ്പെടുത്തുന്നതും എതിർകക്ഷിയുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുന്നതുമായിരിക്കേണ്ടതാണ്. കമ്മീഷന് അത് ആവശ്യമെന്ന് കരുതുന്ന പക്ഷം,-

(എ) പരാതിക്കാരനിൽ നിന്നും പ്രസക്തമായ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാവുന്നതും;

(ബി) പരാതിയെ പിൻതാങ്ങിക്കൊണ്ട് സത്യവാങ്മൂലമോ സത്യവാങ്മൂലങ്ങളോ ഫയൽ ചെയ്യാൻ പരാതിക്കാരനോട് നിർദ്ദേശിക്കാവുന്നതും;

(സി) പരാതിക്കാരന്റെ സത്യപ്രസ്താവനയിന്മേൽ ചെയ്യപ്പെട്ട മൊഴി സമ്പാദിക്കാവുന്നതും;

(ഡി) പരാതിക്കാരന്റെ മൊഴി പ്രസ്തുത ആവശ്യത്തിനുവേണ്ടി കമ്മീഷൻ പുറപ്പെടുവിച്ചുകൊണ്ടോ ആവശ്യമെന്ന് കരുതുന്ന മറ്റെന്തെങ്കിലും മാർഗ്ഗത്തിലൂടെയോ എടുക്കാവുന്നതുമാണ്.

(ii) പരാതിയിന്മേലോ ഇടക്കാല അപേക്ഷയിന്മേലോ യാതൊരു ഫീസും ഈടാക്കാൻ പാടുള്ളതല്ല.

**17. സാധാരണയായി നിലനിൽക്കാത്ത പരാതികൾ** - താഴെപ്പറയുന്ന സ്വഭാവമുള്ള പരാതികൾ കമ്മീഷന് തുടക്കത്തിൽ തന്നെ തള്ളിക്കളയാവുന്നതാണ്:

(എ) വായിക്കാൻ കഴിയാത്തവ;

(ബി) അവ്യക്തം, ഊമഹർജി അഥവാ കപടനാമത്തിലുള്ളവ;

(സി) അന്ത:സാരമില്ലാത്തതോ തുച്ഛമായതോ;

(ഡി) ആക്റ്റിലെ 36-ാം വകുപ്പ് (1) (2) ഉപവകുപ്പുകൾക്ക് കീഴിൽ തടസ്സപ്പെടുത്തപ്പെട്ടവ;

(ഇ) ആരോപണങ്ങൾ ഏതെങ്കിലും പബ്ലിക് സർവന്റിന്റെ ഉൾപ്പെടൽ വെളിപ്പെടുത്താതിരിക്കുക;

(എഫ്)ആരോപണങ്ങൾ ഉന്നയിക്കപ്പെട്ട പ്രശ്നം സിവിൽ തർക്കമോ സർവീസ് സംഗതിയോ, തൊഴിൽ അല്ലെങ്കിൽ വ്യവസായ തർക്കമോ ആയിരിക്കുക;

(ജി) ഏതെങ്കിലും മനുഷ്യാവകാശ ലംഘനം ഉന്നയിക്കാത്ത ആരോപണങ്ങൾ;

(എച്ച്)ഉന്നയിക്കപ്പെട്ട സംഗതി ഒരു കോടതിയുടെയോ ട്രിബ്യൂണലിന്റെയോ മുമ്പാകെ വിചാരണയിൽ ഇരിക്കുന്നതായിരിക്കുക;

(ഐ) ദേശീയ കമ്മീഷന്റെയോ ഒരു സംസ്ഥാന കമ്മീഷന്റയോ നീതിന്യായ തീർപ്പിൽപ്പെട്ടതോ തീരുമാനത്തിൽപ്പെട്ടതോ ആയ സംഗതിയായിരിക്കുമ്പോൾ;

(ജെ) പരാതി മറ്റേതെങ്കിലും അധികാരസ്ഥാനത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഹർജിയുടെ പകർപ്പ് മാത്രമായിരിക്കുമ്പോൾ;

(കെ) ഹർജിയിൽ ഒപ്പു വച്ചിട്ടില്ലാതിരിക്കുകയോ അഥവാ അസ്സൽ ഹർജി കമ്മീഷന് അയച്ചുകൊടുക്കാതിരിക്കുകയോ ചെയ്യുമ്പോൾ;

(എൽ)ഉന്നയിക്കപ്പെടുന്ന സംഗതി കമ്മീഷന്റെ അധികാരപരിധിയ്ക്ക് പുറത്തായിരിക്കുകയോ അഥവാ മറ്റേതെങ്കിലും കാരണത്തിന്മേലോ

## അദ്ധ്യായം III

## തപാലിന്റെ സ്വീകരിക്കലും വിതരണവും

18. കമ്മീഷന്റെ അതിന്റെ ചെയർപേഴ്സന്റെ അംഗങ്ങളുടെ അഥവാ കമ്മീഷന്റെ ഉദ്യോഗസ്ഥന്മാരുടെ പേരിലോ അഥവാ ഉദ്യോഗപ്പേരിലോ അഭിസംബോധന ചെയ്തുകൊണ്ട് ലഭിക്കുന്ന തപാൽ (ഏതു വിധേന ലഭിച്ചതായാലും) കമ്മീഷൻ ഓഫീസിലെ സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

*കുറിപ്പ്:*- ചെയർപേഴ്സന്റെയോ അംഗങ്ങളുടെയോ കമ്മീഷന്റെ മറ്റ് ഉദ്യോഗസ്ഥന്മാരുടെയോ പേർ പറഞ്ഞ് അഭിസംബോധന ചെയ്തുകൊണ്ടുള്ള സന്ദേശങ്ങൾ പ്രത്യേകം ട്രാൻസിസ്റ്റ് രജിസ്റ്ററിൽ കുറിക്കേണ്ടതും ഉടൻതന്നെ സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് വിതരണം ചെയ്യേണ്ടതും രജിസ്റ്ററിൽ കൈപ്പറ്റിയ വിവരം രേഖപ്പെടുത്തി വാങ്ങിയിരിക്കേണ്ടതുമാണ്.

19. മറ്റു വിധത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിൽ ചെയർപേഴ്സനും അംഗങ്ങളും കമ്മീഷന്റെ മറ്റ് ഉദ്യോഗസ്ഥന്മാരും സ്വീകരിക്കുന്ന ഹർജികളും സന്ദേശങ്ങളും ഓരോ വിഭാഗത്തിനും രേഖപ്പെടുത്തി നൽകുമ്പോൾ ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

20. തപാലിന്റെ സ്വീകരിക്കലും സംവിതരണവും സെക്ഷന്റെ ചുമതലയുള്ള സെക്ഷൻ ഓഫീസറുടെ സാന്നിധ്യത്തിൽ തപാൽ തുറക്കേണ്ടതും അദ്ദേഹം അത് സെക്ഷൻ ക്രമത്തിൽ തരംതിരിച്ചു ലഭ്യമാക്കേണ്ടതും ലഭിച്ച തീയതി, ഡയറി നമ്പർ, അയച്ച ആളിന്റെ പേരും മേൽവിലാസവും തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്ററിൽ ഡയറിയെഴുതേണ്ടതും ബന്ധപ്പെട്ട ഹർജി സെക്ഷനുകൾക്കും ബന്ധപ്പെട്ട മറ്റു വിഭാഗങ്ങളിലെ തലവൻമാർക്കും കൈപ്പറ്റു വിവരത്തിന്മേൽ എത്തിച്ചു കൊടുക്കേണ്ടതും ആകുന്നു. നിയമവിഭാഗത്തിലെയും മറ്റു വിഭാഗങ്ങളിലെയും ഓരോ സെക്ഷനുകൾക്കും പ്രത്യേകം എത്തിച്ചുകൊടുക്കൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**21. തപാലിന്റെ വിതരണവും നൽകലും** – സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ഭരണവിഭാഗത്തിന്റെ ചുമതലയുള്ള സെക്ഷൻ ഓഫീസർക്ക് തപാൽ സമർപ്പിക്കേണ്ടതും അദ്ദേഹം വിഭാഗ ക്രമത്തിൽ തപാൽ തരംതിരിയ്ക്കേണ്ടതുമാണ്. ഓരോ വിഭാഗത്തിലും ഓരോ തപാൽ രജിസ്റ്റർ സൂക്ഷിക്കുന്നതാണ്. വിഭാഗക്രമത്തിൽ തപാൽ തരംതിരിച്ചതിനുശേഷം തപാലിലെ ഓരോ ഇനത്തിലും തപാൽ രജിസ്റ്ററിലും തുടർച്ചയായി ഒരേ നമ്പറിടേണ്ടതാണ്. ലഭിച്ച തീയതി, അയച്ച ആളിന്റെ പേരും മേൽവിലാസവും, പുറമേ നിന്നുള്ള നമ്പർ ഏതെങ്കിലും ഉണ്ടെങ്കിൽ അത്, നൽകപ്പെട്ട തപാൽനമ്പർ തുടങ്ങിയ വിവരങ്ങൾ സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ഇൻവേഡ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നിട്ട് തപാൽ രജിസ്റ്ററിനോടൊപ്പം തപാൽ ബന്ധപ്പെട്ട വിഭാഗത്തിന് വിതരണം ചെയ്യേണ്ടതാണ്. സെക്ഷൻ ഓഫീസറോ അഥവാ ആ വിഭാഗത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനോ അംഗീകൃതമായ ജോലിയുടെ വിതരണത്തിനനുസൃതമായി ബന്ധപ്പെട്ട അസിസ്റ്റന്റിനോ ഉദ്യോഗസ്ഥനോ തപാൽ കൈപ്പറ്റിയ വിവരം തപാൽ രജിസ്റ്ററിൽ സമ്പാദിച്ചുകൊണ്ട് തപാൽ നൽകേണ്ടതാണ്. വിഭാഗത്തിലെ ഓരോ അസിസ്റ്റന്റും ഒരു പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ അസിസ്റ്റന്റിന് ലഭിക്കുന്ന കറണ്ടുകൾ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

22. തപാലിലൂടെയോ മറ്റു വിധത്തിലോ ഓഫീസിൽ ലഭിക്കുന്ന പേപ്പറുകൾ പ്രധാനമായി മൂന്ന് വിഭാഗങ്ങളിൽപ്പെടുന്നു. അതായത് :–

1. മനുഷ്യാവകാശ ലംഘനം സംബന്ധിച്ച പരാതികൾ സംബന്ധിച്ചവയും;

2. ഭരണപരമായ സംഗതികൾ സംബന്ധിച്ചവയും;

3. പലവക സംഗതികൾ സംബന്ധിച്ചവയും.

23. പരാതികളുടെ സൂക്ഷ്മ പരിശോധന - (എ) മനുഷ്യാവകാശ ലംഘനം സംബന്ധിച്ച പരാതികളുമായി ബന്ധപ്പെട്ട തപാൽ ലഭിച്ചു കഴിഞ്ഞാലുടൻ ഭരണ വിഭാഗത്തിലെ സെക്ഷൻ ഓഫീസർ ആയത് കോർട്ട് ഓഫീസർക്കോ സെക്ഷൻ ഓഫീസർക്കോ കൊടുക്കേണ്ടതും അദ്ദേഹം പുതിയ പരാതികൾ തരം തിരിക്കേണ്ടതും സെക്ഷനിൽ സൂക്ഷിക്കുന്ന മനുഷ്യാവകാശ പലവക ഹർജി രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യേണ്ടതും ആയത് ജോലി വിതരണത്തിനനുസൃതമായി ബന്ധപ്പെട്ട അസിസ്റ്റന്റിന് നൽകേണ്ടതുമാണ്. അസിസ്റ്റന്റ് ഓരോ എച്ച്.ആർ.എം. ഹർജിയും യഥാവിധി പൂരിപ്പിച്ച 1-ാം നമ്പർ ഫോറത്തിനോടൊപ്പം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും രജിസ്ട്രാർ ബന്ധപ്പെട്ട അംഗത്തിനോ അദ്ധ്യക്ഷനോ മുമ്പാകെ, അതതു സംഗതിപോലെ, ഈ റഗുലേഷനുകൾ പ്രകാരം നൽകപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി കേസ് ഫയൽ സമർപ്പിക്കേണ്ടതുമാണ്.

(ബി) എന്നാൽ മനുഷ്യാവകാശ ലംഘനം സംബന്ധിച്ച് സത്വര ശ്രദ്ധ ആവശ്യമായ പരാതികളും മറ്റു സന്ദേശങ്ങളും കോർട്ട് ഓഫീസറോ സെക്ഷൻ ഓഫീസറോ രജിസ്ട്രാർക്ക് മുമ്പാകെ സമർപ്പിക്കേണ്ടതും അദ്ദേഹം ഉടൻതന്നെ അത് ഉചിതമായ ഉത്തരവിനായി ലഭ്യമായ അംഗത്തിന് മുമ്പാകെ വെയ്പ്പിക്കേണ്ടതുമാണ്.

24. കമ്മീഷൻ ഒരു ഹർജിയോ പരാതിയോ ആരംഭത്തിൽത്തന്നെ തള്ളിക്കളയുകയാണെങ്കിൽ ആ സംഗതി അവസാനിപ്പിച്ചതായി പരിഗണിക്കേണ്ടതാണ്. അപ്രകാരമുള്ള സംഗതികളിൽ കമ്മീഷൻ അപ്രകാരം ഉത്തരവാകുകയാണെങ്കിൽ തള്ളിക്കളഞ്ഞ വിവരം സംബന്ധിച്ച ഒരു അറിയിപ്പ് ഹർജിക്കാരനോ പരാതിക്കാരനോ നൽകേണ്ടതാണ്.

25. ഒരു പരാതി കമ്മീഷന് മുമ്പാകെ നിലനിൽക്കത്തക്കതല്ലായെന്നും എന്നാൽ കമ്മീഷനല്ലാതെ മറ്റൊരു അധികാരസ്ഥാനത്താൽ അതിന്മേൽ നടപടി ആവശ്യമാണെന്ന് തോന്നുകയും ചെയ്താൽ കമ്മീഷന്റെ ഉത്തരവിൻമേൽ ആ അധികാരസ്ഥാനത്തിന് അത് അയച്ചു കൊടുക്കേണ്ടതാണ്.

26. തരം തിരിക്കൽ - പരാതികളുടെ വിഷയം തിരിച്ചുള്ള തരംതിരിക്കൽ

ഈ റഗുലേഷനുകളുടെ II-ാം അനുബന്ധത്തിലെ ലിസ്റ്റ് പ്രകാരം നടത്തേണ്ടതും അത് ചെയർപേഴ്സന്റെ ഉത്തരവ് പ്രകാരം സമയാസമയങ്ങളിൽ മാറ്റം വരുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

27. രജിസ്ട്രേഷൻ - (എ) മനുഷ്യാവകാശ ഹർജി രജിസ്റ്റർ എന്ന് വിളിക്കപ്പെടുന്ന ഒരു പൊതുരജിസ്റ്റർ കോർട്ട് ഓഫീസറോ സെക്ഷൻ ഓഫീസറോ സൂക്ഷിക്കേണ്ടതാണ്. സെക്ഷനിൽ ലഭിക്കുന്ന ഏതൊരു പരാതിയോ ഹർജിയോ രജിസ്റ്ററിൽ തപാലിൽ ലഭിച്ച ക്രമത്തിന് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. നടപ്പ്നമ്പർ, ലഭിച്ച തീയതി, പരാതിയുടെയോ ഹർജിയുടെയോ സ്വഭാവം, പരാതിക്കാരന്റെയോ ഹർജിക്കാരന്റെയോ പേര്, സംഭവം നടന്ന തീയതി, ആരോപിതമായ ലംഘനം നടന്ന ജില്ലയുടെ പേര്, പ്രതിയുടെ പേര് എന്തെങ്കിലുമുണ്ടെങ്കിൽ അത്, തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(ബി) ഫയൽ കവർ 2-ാം നമ്പർ ഫോറത്തിൽ അച്ചടിക്കേണ്ടതാണ്. ഓരോ പരാതിയുമായി ബന്ധപ്പെട്ട രേഖകൾ ഒരു പ്രത്യേകം ഫയൽ കവറിൽ താഴെപ്പറയുന്ന ക്രമത്തിൽ കാലാനുക്രമം അനുസരിച്ച് വെയ്ക്കേണ്ടതാണ്.

(i) ഫാറം നമ്പർ 3-ൽ ഉള്ള സൂചിക;

(ii) ഫാറം നമ്പർ 4-ൽ ഉള്ള ഉത്തരവ് ഷീറ്റ്;

(iii) പരാതിയുടെ സംക്ഷിപ്ത വിവരങ്ങൾ;

(iv) അനുബന്ധം എന്തെങ്കിലുമുണ്ടെങ്കിൽ അതുൾപ്പെടെ പരാതി/ഹർജി.

(സി) ബന്ധപ്പെട്ട അസിസ്റ്റന്റ്, മുകളിൽ (ബി) ഖണ്ഡത്തിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ഫയൽ ക്രമീകരിച്ചതിനുശേഷം കമ്മീഷൻ മുമ്പാകെ വയ്ക്കുന്നതിനായി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി) പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാ പരാതികളും പ്രാഥമിക പരിഗണനക്കായി ബന്ധപ്പെട്ട ബഞ്ചിന് മുമ്പാകെ കഴിയുന്നത്ര വേഗം, എന്നാൽ പരാതി ലഭിച്ച തീയതി മുതൽ 15 ദിവസം കഴിയാതെ, വയ്ക്കേണ്ടതാണ്.

(ഇ) അത്യാവശ്യ പരിഗണന ആവശ്യമായ പരാതികൾ കമ്മീഷൻ മുമ്പാകെ കഴിയുന്നത്ര വേഗത്തിൽ, അത് ലഭിച്ച് 24 മണിക്കൂറിനകം, വയ്ക്കേണ്ടതാണ്.

28. (എ) ആക്റ്റിന്റെ 12 (എ) വകുപ്പിനു കീഴിൽ വരുന്ന ഒരു പരാതി പരിഗണനക്കെടുക്കുവാൻ ബന്ധപ്പെട്ട ബെഞ്ച് തീരുമാനിക്കുമ്പോൾ ആ സംഗതി കമ്മീഷ

ന്റെ അന്വേഷണ വിചാരണക്കുവേണ്ടി മാറ്റി വയ്ക്കണമോ അഥവാ മറ്റേതെങ്കിലും ഏജൻസി അന്വേഷിക്കണമോ എന്ന് നിർദ്ദേശിയ്ക്കാവുന്നതാണ്.

(ബി) പ്രാരംഭത്തിൽ തന്നെ തള്ളിക്കളയാത്തതും ബന്ധപ്പെട്ട ബെഞ്ച് അന്വേഷണ വിചാരണയോ അന്വേഷണമോ നടത്താൻ തീരുമാനിക്കുകയും ചെയ്തതുമായ പരാതികളുടെ സംഗതിയിൽ സർക്കാരിൽ നിന്നോ അതിനുകീഴിലുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിൽ നിന്നോ സംഘടനയിൽ നിന്നോ കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ രജിസ്ട്രാർ ആവശ്യപ്പെടേണ്ടതാണ്. റിപ്പോർട്ടുകൾ ആവശ്യപ്പെടുമ്പോൾ കമ്മീഷന് റിപ്പോർട്ടുകൾ നൽകേണ്ട സമയ പരിധി ആക്റ്റിലെ 17 വകുപ്പ് (i) ഖണ്ഡപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതുകൂടി വ്യക്തമാക്കേണ്ടതാണ്.

(സി) അന്വേഷണം, കമ്മീഷന്റെ അന്വേഷണസംഘമോ അഥവാ ആക്റ്റിലെ 14-ാം വകുപ്പ് നിഷ്കർഷിക്കുന്ന പ്രകാരം സർക്കാരിന്റെ അന്വേഷണ ഏജൻസിയോ ഏറ്റെടുക്കുമ്പോൾ കമ്മീഷൻ കൂടുതൽ സമയം അനുവദിയ്ക്കാത്തപക്ഷം അന്വേഷണം പൂർത്തിയാക്കിയതു മുതൽ പത്തു ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് കമ്മീഷന് നൽകേണ്ടതാണ്. മറ്റേതെങ്കിലും കാരണത്തിന്മേൽ കമ്മീഷന് ആവശ്യമെന്ന് തോന്നുകയാണെങ്കിൽ കൂടുതൽ അന്വേഷണം നടത്താൻ നിർദ്ദേശിക്കാവുന്നതാണ്.

29. കമ്മീഷൻ മുഴുവനുമായോ അംഗങ്ങൾ വ്യക്തിപരമായോ കൂട്ടായോ ആക്റ്റിലെ 12 (സി) വകുപ്പിൻ കീഴിൽ എണ്ണിപ്പറയുന്ന സംഗതികൾ സംബന്ധിച്ച് സ്ഥലത്തു പോയി വസ്തുതാ പഠനത്തിനുവേണ്ടി സംസ്ഥാനത്ത് ഏതു സ്ഥലവും സന്ദർശിക്കാവുന്നതും അപ്രകാരം സന്ദർശനങ്ങൾ നടത്തുമ്പോൾ അതിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും പ്രമാണമായി സൂക്ഷിക്കേണ്ടതുമാണ്.

**30. ബഞ്ചുകളുടെ രൂപീകരണം** - (എ) ചെയർപേഴ്സൻ പുറപ്പെടുവിക്കുന്ന പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവുകൾക്ക് വിധേയമായി എല്ലാ പരാതികളും കമ്മീഷന്റെ ഒരു സിംഗിൾ ബഞ്ച് കൈകാര്യം ചെയ്യേണ്ടതാണ്. അങ്ങനെ ആയിരുന്നാൽത്തന്നെയും ഒരു പ്രത്യേക പരാതി കൈകാര്യം ചെയ്യുന്ന ബഞ്ചിന് അതിൽ ഉൾപ്പെട്ടിട്ടുള്ള പ്രശ്നത്തിന്റെ സ്വഭാവം പരിഗണിച്ചുകൊണ്ട് കേസ് ഒരു ഡിവിഷൻ ബഞ്ചോ ഫുൾബഞ്ചോ പരിഗണിക്കേണ്ടതാണെന്ന് അഭിപ്രായമുണ്ടെങ്കിൽ സിംഗിൾ ബഞ്ച് കേസ് ചെയർപേഴ്സന് റഫർ ചെയ്യേണ്ടതും അദ്ദേഹം, അതതു സംഗതിപോലെ, ഒരു ഡിവിഷൻ ബഞ്ചോ ഫുൾബഞ്ചോ രൂപീകരിക്കേണ്ടതും

അപ്രകാരം രൂപീകരിക്കപ്പെട്ട ബഞ്ചിന് കേസ് റഫർ ചെയ്യേണ്ടതുമാണ്.

(ബി) ഒരു കേസ് ഡിവിഷൻ ബഞ്ചിനോ ഫുൾബഞ്ചിനോ റഫർ ചെയ്യപ്പെടുമ്പോൾ ബന്ധപ്പെട്ട കോർട്ട് ഓഫീസറോ സെക്ഷൻ ഓഫീസറോ ബഞ്ചിലെ എല്ലാ അംഗങ്ങളുടെയും ഉപയോഗത്തിനായി കേസ് ഫയലിന്റെ ആവശ്യമായ എണ്ണം പകർപ്പുകൾ തയ്യാറാക്കേണ്ടതാണ്.

31. (എ) ഭരണ വിഭാഗത്തിന്റെ ചുമതലയുള്ള സെക്ഷൻ ഓഫീസർ ഭരണ പരമായ സംഗതികളുമായും പലവക സംഗതികളുമായും ബന്ധപ്പെട്ട കടലാസുകൾ ജോലി വിഭജനത്തിനനുസൃതമായി ഭരണ വിഭാഗത്തിലെ അസിസ്റ്റന്റിന് കാലതാമസം കൂടാതെ നൽകേണ്ടതാണ്.

(ബി) കടലാസുകൾ അതിന്മേൽ സ്വീകരിക്കേണ്ട ആവശ്യമായ നടപടി മുതലായവയുടെ സ്വഭാവം സംബന്ധിച്ച ഒരു സംക്ഷിപ്ത കുറിപ്പോടുകൂടി മുഖ്യ നിർവാഹകോദ്യോഗസ്ഥന് ഭരണവിഭാഗം നൽകേണ്ടതും അദ്ദേഹം അദ്ദേഹത്തിന്റെ കുറിപ്പോടുകൂടി കടലാസുകൾ ഉത്തരവിനായി കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്.

(സി) മുഖ്യ നിർവാഹകോദ്യോഗസ്ഥൻ അദ്ദേഹത്തിന് മുന്നിൽ സമർപ്പിക്കപ്പെടുന്ന ധനപരമായ ഏതെങ്കിലും സംഗതിയിൽ ചെയർപേഴ്സന്റെയോ അഥവാ കമ്മീഷനിലെ ഭൂരിഭാഗം അംഗങ്ങളുടെയോ യോജിപ്പ് കൂടാതെ യാതൊരു തീരുമാനവും എടുക്കാൻ പാടുള്ളതല്ല. ധനപരമായ ഉത്തരവാദിത്വം ഉൾക്കൊള്ളുന്ന ഏതൊരു സംഗതിയിന്മേലും കമ്മീഷന്റെ മുൻകൂർ അനുമതി ഉണ്ടായിരിക്കേണ്ടതാണ്.

## അദ്ധ്യായം IV

## വ്യവഹാര പട്ടിക തയ്യാറാക്കൽ, സമൻസ്, സാക്ഷികളുടെ വിസ്താരവും റിപ്പോർട്ടും

32. <u>വ്യവഹാരപട്ടിക തയ്യാറാക്കൽ</u> - കേസുകളെ താഴെപ്പറയുന്ന ശീർഷകങ്ങളുടെ കീഴിൽപ്പെടുത്തിക്കൊണ്ടുള്ള വ്യവഹാരപട്ടിക തയ്യാറാക്കേണ്ടതാണ് :-

(എ) പ്രാഥമിക അന്വേഷണ വിചാരണ:-

(*i*) സ്വീകാര്യത പരിഗണനയിലിരിക്കുന്ന പരാതികൾ;

(*ii*) പ്രാഥമിക അന്വേഷണ വിചാരണയുടെ ആവശ്യകതയോ കമ്മീഷന്റെ അന്വേഷണ സംഘത്തിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയുടെയോ അന്വേഷണമോ പരിഗണിക്കപ്പെടേണ്ട പരാതികൾ.

(ബി) അന്വേഷണ വിചാരണ :- അന്വേഷണ വിചാരണയോ പ്രാഥമികാന്വേഷണമോ പൂർത്തിയായതും കക്ഷികളുടെ തെളിവ് രേഖപ്പെടുത്തുന്നതിനും അവരുടെ വാദം കേൾക്കുന്നതിനും വേണ്ടി ഫയലിൽ സ്വീകരിച്ചുകൊണ്ട് ഉത്തരവ് പാസാക്കിയിട്ടുള്ളതുമായ എല്ലാ കേസുകളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

(സി) അന്തിമ ഉത്തരവുകൾ - തെളിവു രേഖപ്പെടുത്തലും കക്ഷികളുടെ ഹിയറിങ്ങും പൂർത്തിയായിട്ടുള്ള കേസുകൾ

(ഡി) തുടർനടപടി - അന്വേഷണ വിചാരണക്കുശേഷം സർക്കാരിനോടോ മറ്റ് അധികാരസ്ഥാനങ്ങളോടോ അവരുടെ അഭിപ്രായങ്ങളും അതിൻപ്രകാരം എടുത്തിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവുകൾ പാസാക്കിയിട്ടുള്ള കേസുകൾ.

(ഇ) പുനഃസ്ഥാപന അപേക്ഷ - വീഴ്ചയുടെ പേരിൽ തള്ളിക്കളഞ്ഞ കേസുകളിൽ തള്ളിക്കളഞ്ഞ തീയതി മുതൽ 30 ദീവസത്തിനകം അപേക്ഷകൾ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ.

(എഫ്) റിവ്യൂ അപേക്ഷകൾ - റിവ്യൂ അപേക്ഷക്ക് നിയമസംഹിതയിലെ 47-ാം ഓഡറിൽ വിവക്ഷിക്കുന്ന നടപടികൾ ബാധകമായിരിക്കുന്നതാണ്.

**33. <u>കേസുകളുടെ പോസ്റ്റിംഗ്</u>** - (എ) ഓരോ ബഞ്ചിന്റെയും വ്യവഹാര പട്ടിക ഈ റഗുലേഷനുകളുടെ 6-ാം ഖണ്ഡപ്രകാരം കമ്മീഷനിലെ അംഗങ്ങൾക്കിടയിൽ വിഭജിച്ചു നൽകപ്പെട്ട ജില്ലകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

(ബി) വ്യവഹാരപട്ടികയും അവയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള കേസുമായി ബന്ധപ്പെട്ട ഫയലുകളും ബന്ധപ്പെട്ട ബഞ്ചിന് ഹിയറിംഗിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള തീയതിക്ക് രണ്ട് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്.

(സി) ഓരോ ദിവസത്തേക്കും പോസ്റ്റ് ചെയ്യേണ്ട കേസോ കേസുകളോ ബഞ്ച് സൂചിപ്പിക്കേണ്ടതും അതനുസരിച്ച് വ്യവഹാര പട്ടിക തയ്യാറാക്കേണ്ടതുമാണ്.

**34. <u>പ്രാഥമിക പരിഗണനയും നടപടികളും</u>** - (എ) ഒരു പരാതി പരിഗണനക്കുശേഷം തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ബഞ്ച് അപ്രകാരം ഉത്തരവായിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പരാതിക്കാരന് അയച്ചുകൊടുക്കേണ്ടതും അപ്പോൾ കേസ് അവസാനിച്ചതായി കരുതേണ്ടതുമാണ്.

(ബി) ഒരു പരാതി പരഗണിച്ചതിനുശേഷമോ അഥവാ ഒരു സംഗതി സ്വമേധയാ

നടപടിക്കെടുത്തതിനുശേഷമോ സംസ്ഥാന സർക്കാരിനോ അഥവാ അതിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിനോ സംഘടനക്കോ നോട്ടീസ് അയക്കണമെന്ന് കമ്മീഷൻ ഉത്തരവാകുകയാണെങ്കിൽ 5-ാം നമ്പർ ഫാറത്തിലുള്ള ഒരു നോട്ടീസ് രജിസ്ട്രാർ ഒപ്പ് വച്ച് സംസ്ഥാന സർക്കാരിനോ അധികാരസ്ഥാനത്തിനോ സംഘടനയ്ക്കോ അയച്ചുകൊടുക്കേണ്ടതാണ്. അപ്രകാരമുള്ള നോട്ടീസിനോടൊപ്പം പരാതിയുടെ ഒരു പകർപ്പോ സ്വമേധയാ നടപടിക്കെടുത്ത സംഗതിയുടെ വിവരണമോ അടങ്ങിയിരിക്കേണ്ടതാണ്.

(സി) നോട്ടീസ് മടക്കുവാനോ വിവരമോ റിപ്പോർട്ടോ നൽകുവാനോ സമയ പരിധി നിശ്ചയിച്ചിട്ടില്ലായെങ്കിൽ സമയ പരിധി നോട്ടീസ് നടത്തിയ തീയതി മുതൽ മുപ്പതു ദിവസമായിരിക്കുന്നതാണ്.

(ഡി) മുകളിൽ (ബി) ഖണ്ഡത്തിൻ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരമോ റിപ്പോർട്ടോ അനുവദിച്ച സമയപരിധിക്കുള്ളിൽ ലഭിച്ചിട്ടില്ലെങ്കിലോ അഥവാ താമസിച്ചാണ് ലഭിച്ചതെങ്കിലോ അഥവാ ലഭിച്ച വിവരമോ റിപ്പോർട്ടോ ഏതെങ്കിലും വിധത്തിൽ പൂർണ്ണമല്ലെങ്കിലോ കേസ് മേൽ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമായി ബഞ്ചിനു സമർപ്പിക്കേണ്ടതാണ്.

**35. ഉത്തരവുകളുടെ രേഖപ്പെടുത്തൽ** - (എ) കമ്മീഷന്റെ ഹ്രസ്വ ഉത്തരവുകൾ സാധാരണ ഉത്തരവു ഷീറ്റിൽ തന്നെ രേഖപ്പെടുത്തുന്നതാണ്. ദീർഘമായ ഉത്തരവുകൾ പ്രത്യേക കടലാസുകളിൽ രേഖപ്പെടുത്തുന്നതും ഉത്തരവ് ഷീറ്റിനോടൊപ്പം അനുബന്ധമായി ചേർക്കുകയോ പ്രത്യേകമായി സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ബഞ്ച് ആവശ്യമായ ഉൾക്കുറിപ്പുകൾ, ഉത്തരവ് ഷീറ്റിന്റെ ബന്ധപ്പെട്ട കോളത്തിൽ പേജ് നമ്പർ, ഉത്തരവിന്റെ തീയതി മുതലായവ പരാമർശിച്ചുകൊണ്ട് നടത്തേണ്ടതാണ്.

(ബി) കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവോ നടപടിയോ അനുസരിച്ച് അത്യാവശ്യ നടപടി എടുക്കേണ്ടത് ആവശ്യമായ സംഗതികളിൽ ബന്ധപ്പെട്ട ബഞ്ച് അസിസ്റ്റന്റ് ഫയൽ രജിസ്ട്രാർക്ക് ഉടൻതന്നെ അയച്ചുകൊടുക്കേണ്ടതാണ്. അപ്പോൾ രജിസ്ട്രാർ സമ്പർക്കരീതി സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, അതായത് ടെലിഫോൺ/ഫാക്സ്/സ്പീഡ്പോസ്റ്റ്/ടെലിഗ്രാം മുതലായവ, രേഖകൾ മടക്കി നൽകേണ്ടതുമാണ്.

**36. പരാതികളുടെ ജില്ല തിരിച്ചുള്ള രജിസ്റ്റർ** - കമ്മീഷനിൽ ലഭിക്കുന്ന

എല്ലാ പരാതികളും അതുപോലെ കമ്മീഷൻ നടപടി തുടങ്ങിയിട്ടുള്ള സ്വമേധയാ ഉള്ള കേസുകളും സംബന്ധിച്ച 6-ാം നമ്പർ ഫാറത്തിലുള്ള ജില്ല തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**37. അനന്തര നടപടികളും റിപ്പോർട്ടുകളും -**

(എ) ആവശ്യപ്പെട്ട വിവരങ്ങളോ റിപ്പോർട്ടോ ലഭിച്ചാലുടൻ ബഞ്ച് അസിസ്റ്റന്റ് ഒരു കുറിപ്പ് തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും ബന്ധപ്പെട്ട ബഞ്ചിന് മുമ്പാകെ അന്തിമ തീർപ്പിനായി സമർപ്പിക്കേണ്ടതുമാണ്.

(ബി) ബന്ധപ്പെട്ട ബഞ്ച് വിവരമോ റിപ്പോർട്ടോ പരിഗണിച്ചതിനുശേഷം കേസ് യാതൊരു ശുപാർശകളും കൂടാതെ തീർപ്പാക്കുകയാണെങ്കിൽ കേസ് അവസാനിച്ചതായി കരുതേണ്ടതാണ്.

**38. സമൻസുകൾ** - (എ) കമ്മീഷൻ പുറപ്പെടുവിക്കുന്ന സമൻസുകൾ താഴെപ്പറയുന്ന ആവശ്യങ്ങൾക്കു വേണ്ടിയായിരിക്കുന്നതാണ്, അതായത്:-

(i) പരാതിക്കാരനോ എതിർകക്ഷിക്കോ, അവർക്കുവേണ്ടി മറ്റേതെങ്കിലും ആളിനോ വ്യക്തിപരമായ ഹിയറിംഗിന് അവസരം നൽകുന്നതിനുവേണ്ടി;

(ii) കമ്മീഷന് മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള സംഗതിയുടെ ഉചിതമായ തീർപ്പാക്കലിന് വേണ്ടി മറ്റേതെങ്കിലും ആളിനെ കേൾക്കണമെന്ന് കമ്മീഷന് തോന്നുന്ന പക്ഷം കേൾക്കുന്നതിന്;

(iii) കമ്മീഷന് ആവശ്യമായ രേഖകൾ ഹാജരാക്കിക്കുന്നതിന്;

(iv) ഒരു സാക്ഷിയായി വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷന് മുമ്പാകെ ഹാജരാകണമെന്ന് ഏതെങ്കിലും ഒരാളിനോട് ആവശ്യപ്പെടാൻ;

(v) ആരുടെ പ്രവൃത്തിയേയോ നടപടിയേയോ കുറിച്ചാണോ അന്വേഷണ വിചാരണ നടത്തുന്നത് അയാളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന്;

(vi) ആർക്ക് എതിരായാണോ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളത് അഥവാ കമ്മീഷന്റെ അഭിപ്രായത്തിൽ അത് പാസാക്കുന്ന ഉത്തരവുമൂലം ആരുടെ കീർത്തിയെയാണോ പ്രതികൂലമായി ബാധിക്കുന്നത് ആ വ്യക്തിക്ക് പറയാനുള്ളത് കേൾക്കാനുള്ള ഒരു അവസരം നൽകുന്നതിനുവേണ്ടി.

(ബി) ഈ റഗുലേഷൻ പ്രകാരം പരാമർശിക്കപ്പെടുന്ന ആളുകൾക്കുള്ള സമൻസ് ഫാറം നമ്പർ 7-ൽ ആയിരിക്കേണ്ടതാണ്.

(സി) കമ്മീഷൻ പുറപ്പെടുവിക്കുന്ന സമൻസുകൾ സാധാരണയായി രജിസ്ട്രാർ ഒപ്പിടേണ്ടതാണ്.

(ഡി) അപ്രകാരമുള്ള സംഗതികളിൽ രജിസ്ട്രാറുടെ ഒപ്പിന് മുന്നിലായി “കമ്മീഷന്റെ ഉത്തരവുമൂലം” എന്നീ വാക്കുകൾ തീർച്ചയായും ചേർത്തിരിക്കേണ്ടതാണ്.

(ഇ) ഔദ്യോഗിക സാക്ഷികളുടെ സമൻസ് അവരുടെ തൊട്ട് മുകളിലുള്ള അധികാരികൾ മുഖേനയോ ഓഫീസ് മേധാവി മുഖേനയോ, അതതു സംഗതിപോലെ, ആയിരിക്കേണ്ടതാണ്.

(എഫ്) നേരിട്ടു ഹാജരാകുന്നതിന് സമൻസ് അയച്ചിട്ടുള്ള കേസുകൾ കമ്മീഷൻ മുമ്പാകെ വേണ്ടത്ര മുൻകൂറായി അഥവാ അപ്രകാരമുള്ള നേരിട്ടു ഹാജരാകുന്നതിനുള്ള സമൻസിൽ കാണിച്ചിട്ടുള്ള തീയതിക്കു കുറഞ്ഞത് ഒരു ദിവസം മുമ്പെങ്കിലും സമർപ്പിച്ചിരിക്കേണ്ടതാണ്.

**39. അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടൽ** - (എ) ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം തീരുമാനിച്ച അന്വേഷണം കമ്മീഷന്റെ അന്വേഷണസംഘമോ മറ്റേതെങ്കിലും അന്വേഷണ ഏജൻസിയോ ഏറ്റെടുക്കണമെന്ന് കമ്മീഷൻ ഉത്തരവു പുറപ്പെടുവിക്കുമ്പോൾ അപ്രകാരമുള്ള ഉത്തരവിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട കടലാസുകളുടെ പകർപ്പുകളോടുകൂടി ഉടൻതന്നെ അപ്രകാരമുള്ള സംഘത്തിനോ ഏജൻസിക്കോ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകേണ്ടതും പ്രസ്തുത സംഘമോ ഏജൻസിയോ അതിന്റെ റിപ്പോർട്ട് ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട സമയപരിധിക്കകമോ സമയപരിധി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ ഉത്തരവ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണ്.

(ബി) അപ്രകാരമുള്ള യാതൊരു റിപ്പോർട്ടും അനുവദിച്ച സമയപരിധിക്കുള്ളിൽ ലഭിച്ചിട്ടില്ലെങ്കിൽ സംഗതി ബഞ്ചിന് മുമ്പാകെ അനന്തര നിർദ്ദേശങ്ങൾക്കു വേണ്ടി സമർപ്പിക്കേണ്ടതാണ്.

**40. <u>സാക്ഷികളുടെ വിസ്താരം</u>** - (എ) 1969-ലെ ശപഥം ആക്റ്റിലെ (1969-ലെ 44-ാം നമ്പർ കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്ക് വിധേയമായി ഓരോ സാക്ഷിയും അയാളെ വിസ്തരിക്കുന്നതിന് മുമ്പ് ഒരു ശപഥമോ ദൃഢപ്രതിജ്ഞയോ എടുക്കേണ്ടതാണ്.

(ബി) സാക്ഷിയുടെ ശപഥം സിംഗിൾ ബഞ്ചായോ ഡിവിഷൻ ബഞ്ചായോ ഫുൾബഞ്ചായോ സിറ്റിംഗ് നടത്തുന്ന കമ്മീഷനോ അഥവാ കമ്മീഷനാൽ അധികാരപ്പെടുത്തപ്പെട്ട മറ്റു ഏതെങ്കിലും ഉദ്യോഗസ്ഥനോ പരസ്യമായി ചൊല്ലിക്കൊടുക്കേണ്ടതാണ്.

41. <u>ശപഥത്തിന്റെ ഫാറം</u> - (1) സാക്ഷികൾക്ക് ചൊല്ലിക്കൊടുക്കേണ്ട ശപഥത്തിന്റെ ഫാറം താഴെപ്പറയും പ്രകാരമായിരിക്കും;

"ഞാൻ പറയുന്നതെന്തും സത്യമാണെന്നും സത്യം മാത്രമാണെന്നും സത്യമല്ലാതെ മറ്റൊന്നുമല്ലെന്നും ഞാൻ ദൈവനാമത്തിൽ ശപഥം ചെയ്തുകൊള്ളുന്നു."

(2) ശപഥം ദൃഢപ്രതിജ്ഞയുടെ രൂപത്തിൽ ആയിരിക്കാവുന്നതുമാണ്. അപ്രകാരമുള്ള സന്ദർഭത്തിൽ അത് താഴെപ്പറയുന്ന ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

"ഞാൻ പറയുന്നതെന്തും സത്യമായിരിക്കുമെന്നും സത്യം മാത്രമായിരിക്കുമെന്നും സത്യമല്ലാതെ മറ്റൊന്നുമായിരിക്കില്ലയെന്നും ഞാൻ ദൃഢപ്രതിജ്ഞ ചെയ്തു കൊള്ളുന്നു."

**42. <u>മൊഴിയുടെ ശീർഷകം</u>** - (എ) സാക്ഷികളുടെ മൊഴി 8-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

(ബി) സാക്ഷിയെ മൊഴി വായിച്ചു കേൾപ്പിച്ചതിനുശേഷം അതിന്റെ അവസാനത്തെ പേജിൽ അയാൾ/അവൾ പൂർണ്ണമായ ഒപ്പ് വയ്ക്കേണ്ടതാണ്. മൊഴിയിലെ എല്ലാ പേജുകളിലും കമ്മീഷൻ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്. താഴെക്കാണുന്ന ഫാറത്തിൽ ഒരു സാക്ഷ്യപ്പെടുത്തൽ മൊഴിയിൽ ചേർക്കേണ്ടതും കമ്മീഷന്റെ അദ്ധ്യക്ഷത വഹിക്കുന്ന അംഗം അദ്ദേഹത്തിന്റെ പേരിന്റെ മുകളിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്.

"തുറന്ന സിറ്റിംഗിൽ വെച്ച് ഞാൻ/എന്റെ മുമ്പിൽ വച്ച് കേട്ടു എഴുതുകയും സാക്ഷിയെ വായിച്ചു കേൾപ്പിക്കുകയും അയാൾ ശരിയാണെന്ന് സമ്മതിക്കുകയും ചെയ്തു."

43. പരാതിയുമായി മുന്നോട്ട് പോകാൻ കമ്മീഷൻ ഉദ്ദേശിക്കുകയാണെങ്കിൽ, മറ്റു വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലായെങ്കിൽ, പരാതിക്കാരനോ പരാതിക്കാർക്കോ എതിർകക്ഷിക്കോ എതിർകക്ഷികൾക്കോ അതിനു മുമ്പാകെ ഹാജരായി മൊഴിയായി തെളിവ്

കൊടുക്കുകയോ അഥവാ പരാതിയെ അനുകൂലിച്ചുകൊണ്ടോ അത് ഖണ്ഡിച്ചു കൊണ്ടോ, അതതു സംഗതിപോലെ, സത്യവാങ്മൂലം സമർപ്പിക്കുന്നതിനോ സമൻസ് അയപ്പിക്കേണ്ടതാണ്.

44. <u>തെളിവ് രേഖപ്പെടുത്തൽ</u> - (എ) ആവശ്യമെങ്കിൽ ഏക പരാതിക്കാരനെയോ അഥവാ ഒന്നിൽ കൂടുതൽ പരാതിക്കാരുണ്ടെങ്കിൽ 1-ാം പരാതിക്കാരനെയോ അല്ലെങ്കിൽ ഏതെങ്കിലും പരാതിക്കാരനെയോ പി.ഡബ്ല്യു 1 ആയും അയാൾക്കു വേണ്ടി ഹാജരാക്കപ്പെടുന്ന ആധാരങ്ങൾ എക്സിബിറ്റ് പി1, പി2, പി3 തുടങ്ങി അനുക്രമമായി അടയാളപ്പെടുത്തിക്കൊണ്ട് വിസ്തരിച്ച് പരാതിക്കാരന്റെ തെളിവ് എടുക്കേണ്ടതാണ്.

(ബി) പരാതിക്കാരന്റെയോ പരാതിക്കാരുടെയോ ഭാഗത്തുനിന്നുള്ള മറ്റു സാക്ഷികളെ പി.ഡബ്ല്യു. 2, പി.ഡബ്ല്യു. 3 തുടങ്ങി വിസ്തരിക്കേണ്ടതാണ്.

(സി) (i) അതിനുശേഷം എതിർകക്ഷിയുടെ അല്ലെങ്കിൽ എതിർകക്ഷികളുടെ തെളിവ്, ആവശ്യമുണ്ടെങ്കിൽ ഏക എതിർകക്ഷിയെയോ 1-ാം എതിർകക്ഷിയെയോ ഏതെങ്കിലും എതിർകക്ഷിയെയോ ആർ.ഡബ്ല്യു. 1 ആയും അയാൾക്കുവേണ്ടി ഹാജരാക്കപ്പെടുന്ന ആധാരങ്ങളെ ആർ1, ആർ2, ആർ3 തുടങ്ങി അടയാളപ്പെടുത്തിക്കൊണ്ട് വിസ്തരിച്ചു എടുക്കേണ്ടതാണ്.

(ii) എതിർകക്ഷിയുടെയോ എതിർകക്ഷികളുടെയോ ഭാഗത്തുനിന്നുള്ള മറ്റു സാക്ഷികളെ ആർ.ഡബ്ല്യു. 2, ആർ.ഡബ്ല്യു. 3 തുടങ്ങി വിസ്തരിക്കേണ്ടതാണ്.

(ഡി) ബഞ്ചിന് അതിന്റെ വിവേചനപ്രകാരം പരാതിക്കാരനോ പരാതിക്കാരോ എതിർകക്ഷിയോ എതിർകക്ഷികളോ അവർ സാക്ഷികളായി വിളിക്കാനാവശ്യപ്പെടുന്ന ആളുകളോ അല്ലാതെ ഏതൊരാളെയും സാക്ഷിയായി വിസ്തരിക്കാവുന്നതും അപ്രകാരം വിസ്തരിക്കപ്പെടുന്ന ആളുകൾ അവരെ വിസ്തരിച്ച മുറയ്ക്ക് സി. ഡബ്ല്യു. 1, സി. ഡബ്ല്യു. 2 മുതലായവ ആയിരിക്കുന്നതും അവർ ഹാജരാക്കുന്ന ആധാരങ്ങൾ എക്സിബിറ്റ് സി 1, എക്സിബിറ്റ് സി 2 തുടങ്ങി അടയാളപ്പെടുത്തേണ്ടതുമാണ്.

(ഇ) ഈ റഗുലേഷനിൽ പറഞ്ഞിട്ടുള്ള യാതൊന്നും തന്നെ ബഞ്ചിന് പരാതിക്കാരനെയോ, പരാതിക്കാരെയോ, എതിർകക്ഷിയെയോ എതിർകക്ഷികളെയോ അഥവാ സാക്ഷികളെയോ അതതു സംഗതിപോലെ ആദ്യം വിസ്തരിക്കുന്നതിന് തടസ്സമായി കരുതേണ്ടതില്ല.

(എഫ്) പരാതിക്കാരനോ പരാതിക്കാർക്കോ എതിർകക്ഷിക്കോ എതിർകക്ഷികൾക്കോ മറ്റേ കക്ഷി ഹാജരാക്കിയിട്ടുള്ള സാക്ഷികളെ എതിർവിസ്താരം നടത്തുവാനോ എതിർവിസ്താരം നടത്താതിരിയ്ക്കുവാനോ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

(ജി) കക്ഷികൾക്ക് അവരുടെ അഭിഭാഷകരെ കമ്മീഷന് മുമ്പിലുള്ള നടപടികളിൽ ഏർപ്പെടുത്താവുന്നതാണ്. അഭിഭാഷകൻ വക്കാലത്ത് ഫയൽ ചെയ്യുമ്പോൾ കോർട്ട് ഫീസ് മുദ്രയായി രണ്ട് രൂപയും അഭിഭാഷക ക്ഷേമഫണ്ട് മുദ്രയായി പത്തു രൂപയും അതിൽ പതിച്ചിരിക്കേണ്ടതാണ്.

(എച്ച്) ഏതൊരു സത്യവാങ്മൂലവും പ്രഥമ പുരുഷനിൽ തയ്യാറാക്കേണ്ടതും ഖണ്ഡികകളായി തിരിച്ചിരിക്കേണ്ടതും തുടർച്ചയായി നമ്പറിടേണ്ടതുമാണ്. ഓരോ ഖണ്ഡികയും കഴിയുന്നിടത്തോളം വിഷയത്തിന്റെ ഒരു വ്യത്യസ്തമായ ഭാഗം ഉൾക്കൊള്ളുന്നതായിരിക്കേണ്ടതാണ്. സത്യവാങ്മൂലത്തിൽ മൊഴി നൽകുന്ന ആളിന്റെ പൂർണ്ണമായി പേര്, വയസ്സ്, വിവരണവും വാസസ്ഥലവും വിവരിച്ചിരിക്കേണ്ടതും പൂർണ്ണമായി ഒപ്പിടുകയോ അഥവാ വിരലടയാളം പതിച്ചിരിക്കേണ്ടതോ ആണ്.

(ഐ) രണ്ട് കക്ഷികൾക്കും അതായത് പരാതിക്കാരനോ പരാതിക്കാർക്കോ എതിർകക്ഷിക്കോ എതിർകക്ഷികൾക്കോ പറയാനുള്ളതു പറയുവാനുള്ള അവസരം നൽകിയതിനുശേഷം അന്വേഷണ വിചാരണ അവസാനിപ്പിച്ച് പരാതിതീർപ്പ് കല്പിച്ചുകൊണ്ട് ഔപചാരികമായ ഒരു ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കേണ്ടതാണ്.

(ജെ) അപ്രകാരമുള്ള ഉത്തരവിന്റെ ഒരു പകർപ്പ് പരാതിക്കാരനും എതിർകക്ഷിക്കും ബഞ്ച് അപ്രകാരം ഉത്തരവാകുകയാണെങ്കിൽ സൗജന്യമായി നൽകേണ്ടതാണ്.

45. ഈ റഗുലേഷനുകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള ഫാറങ്ങൾ അവയിൽ പറഞ്ഞിരിക്കുന്ന യഥാക്രമമുള്ള ആവശ്യങ്ങൾക്കുവേണ്ടി ഓരോ സംഗതിയിലെയും പ്രത്യേക അവസരങ്ങൾക്കാവശ്യമായ വ്യത്യാസങ്ങളോടുകൂടി ഉപയോഗിക്കേണ്ടതാണ്.

46. <u>ശുപാർശകളുടെ അറിയിപ്പ്</u> - അന്വേഷണം സർക്കാരിലേക്കോ അഥവാ അതിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിലേക്കോ സംഘടനയിലേക്കോ ഏതെങ്കിലും ശുപാർശയിൽ പരിണമിക്കുന്ന സംഗതികളിൽ അതിന്മേലുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ്, അതതു സംഗതിപോലെ, സർക്കാരിനോ അതിന്റെ കീഴിലുള്ള അധികാരസ്ഥാനത്തിനോ സംഘടനക്കോ ഉത്തരവിന്റെ തീയതി മുതൽ 20 ദിവസത്തിനകം അയച്ചു കൊടുക്കേണ്ടതും സർക്കാരോ അധികാരസ്ഥാനമോ റിപ്പോർട്ടിന്മേ

ലുള്ള അതിന്റെ അഭിപ്രായം അതിന്മേൽ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടികൾ സഹിതം ഒരു മാസത്തിനകമോ അഥവാ കമ്മീഷൻ അനുവദിക്കുന്ന കൂടുതൽ സമയത്തിനകമോ കമ്മീഷന് അയച്ചുകൊടുക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

47. <u>പകർപ്പുകൾക്കുള്ള അപേക്ഷ</u> - (എ) ഏതെങ്കിലും നടപടിയുടെയോ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്യപ്പെട്ടതോ അതു സൂക്ഷിക്കുന്നതോ ആയ ഏതെങ്കിലും പ്രമാണത്തിന്റെയോ പകർപ്പ് കരസ്ഥമാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരാളും അതിനുവേണ്ടി അപേക്ഷകന്റെ പേര്, നടപടിയിൽ അയാളുടെ സ്ഥാനം അഥവാ നടപടിയിൽ അയാൾ ഏതുപ്രകാരം തത്പരനാണ്, പകർപ്പ് ആവശ്യമായ പ്രമാണത്തിന്റെ വിവരണം എന്നിവ കാണിച്ചുകൊണ്ടുള്ള ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) പകർപ്പുകൾ ബന്ധപ്പെട്ട ബഞ്ചിന്റെ ഉത്തരവിൻ പ്രകാരവും അപ്രകാരം പകർപ്പുകൾ എടുക്കാൻ വേണ്ട ചെലവ് ഒടുക്കുമ്പോഴും മാത്രം നൽകേണ്ടതാണ്.

48. <u>തീർപ്പിനുശേഷം ഉത്തരവുകളുടെ നിർവഹണം</u> - ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ വിചാരണക്കുശേഷം കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ രജിസ്ട്രാർ,-

(എ) ഉത്തരവുകൾ പുറപ്പെടുവിച്ച കേസുകളുടെ ഒരു പട്ടിക തയ്യാറാക്കുക. പട്ടികയ്ക്കു താഴെ ആക്റ്റിലെ 18-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അന്വേഷണ റിപ്പോർട്ട് തുടങ്ങിയവയുടെ പകർപ്പ് കമ്മീഷന്റെ ഓഫീസിൽ പരിശോധനക്ക് ലഭ്യമായിരിക്കുമെന്ന രീതിയിലുള്ള ഒരു കുറിപ്പ് ചേർത്തിരിയ്ക്കുകയും;

(ബി) ഓരോ മാസത്തിന്റെയും ആദ്യ പ്രവൃത്തി ദിവസത്തിൽ കമ്മീഷന്റെ നോട്ടീസ് ബോർഡിൽ അപ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ള പട്ടിക പ്രസിദ്ധപ്പെടുത്തുകയും;

(സി) ആക്റ്റിലെ 18-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന പ്രമാണങ്ങളുടെ രണ്ട് സെറ്റും ഓരോ സംഗതിയിലും കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും കൂടുതൽ ഉത്തരവുകൾ ഉണ്ടെങ്കിൽ ആയതും കമ്മീഷൻ ലൈബ്രറിക്ക് ലഭ്യമാക്കുകയും;

(ഡി) (സി)ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഓരോ പ്രമാണത്തിന്റെയും ഓരോ

പകർപ്പു വീതം അതേ സമയം പരാതിക്കാരനോ അയാളുടെ പ്രതിനിധിക്കോ സൗജന്യമായി അയച്ചുകൊടുക്കുകയും;

(ഇ) ഓരോ കേസിലെയും അസ്സൽ ഉത്തരവ് ഓഫീസിലെ റിക്കാർഡ് സെക്ഷനിൽ ഉത്തരവ് ഷീറ്റിനോടൊപ്പം സൂക്ഷിക്കുകയും

ചെയ്യിക്കേണ്ടതാണ്.

**പലവക**

**49. <u>കത്തിടപാട് രീതി</u>** - മറ്റു വിധത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിൽ, കമ്മീഷനിൽ നിന്നുള്ള എല്ല കത്തിടപാടുകളും സാധാരണ തപാലിലൂടെ അയയ്ക്കേണ്ടതാണ്.

**50. <u>റിക്കാർഡുകളുടെ ഏല്പിച്ചു കൊടുക്കൽ</u>** - അന്തിമമായി തീർപ്പുകല്പിച്ച എല്ലാ കേസുകളുടെയും റിക്കാർഡുകൾ റിക്കാർഡിന്റെ ചുമതലയുള്ള പെറ്റീഷൻ സെക്ഷനിലെ സെക്ഷൻ ഓഫീസർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. അദ്ദേഹം വേണ്ട ഉൾക്കുറിപ്പുകൾ 6-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്ററിൽ വരുത്തേണ്ടതാണ്.

**51. <u>റിക്കാർഡുകളുടെ സൂക്ഷിപ്പ്</u>** - (എ) ചെയർപേഴ്സൻ പൊതുവായോ പ്രത്യേകമായോ മറ്റ് വിധത്തിൽ ഉത്തരവായിട്ടില്ലെങ്കിൽ, 48-ാം റഗുലേഷൻ (ഇ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ളവയൊഴികെ, ഓരോ കേസിലെയും മുഴുവൻ റിക്കാർഡുകളും,-

(i) കേസുകൾ അവസാനിപ്പിക്കുകയോ തള്ളിക്കളയുകയോ ചെയ്തിട്ടുള്ള സംഗതികളിൽ തീർപ്പുകല്പിച്ച തീയതി മുതൽ ഒരു വർഷകാലത്തിനുശേഷവും;

(ii) കമ്മീഷൻ ശുപാർശകൾ നടത്തുകയും ശുപാർശകളിൽ തുടർനടപടികൾ അവസാനിക്കുകയും ചെയ്ത കേസുകളിൽ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പാസ്സാക്കിയ തീയതി മുതൽ രണ്ട് വർഷക്കാലത്തിനുശേഷവും,

നശിപ്പിച്ചുകളയേണ്ടതാണ്.

(ബി) മറ്റ് എല്ലാ സംഗതികൾ സംബന്ധിച്ച റിക്കാർഡുകളും മാന്വൽ ഓഫ് ഓഫീസ് പ്രൊസിഡിയറിലെ XIII-ാം അദ്ധ്യായത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

52. <u>സ്റ്റേറ്റ്മെന്റുകളുടെ തയ്യാറാക്കൽ</u> - കമ്മീഷൻ അതത് സമയം നിർണ്ണയിച്ചേക്കാവുന്ന ഫാറത്തിൽ ആഴ്ച/മാസം/ത്രൈമാസം/അർദ്ധവർഷം/വർഷംതോറും ഉള്ള സ്റ്റേറ്റ്മെന്റുകളും കണക്കുപത്രികകളും റിപ്പോർട്ടുകളും രജിസ്ട്രാർ തയ്യാറാക്കിക്കേണ്ടതാണ്.

53. പെറ്റീഷൻ സെക്ഷനിലെ ഓരോ വിഭാഗത്തിനും ജോലി നീതിപൂർവകമായി വിഭജിച്ചു നൽകിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുന്നതിനുവേണ്ടി ആനുകാലികമായി ആ സെക്ഷനിലേക്ക് വീതിച്ചു നൽകിയിട്ടുള്ള ജോലി രജിസ്ട്രാർ റിവ്യൂ ചെയ്യേണ്ടതാണ്.

54. <u>വാർഷിക റിപ്പോർട്ട്</u> - (എ) ആക്റ്റിലെ 28 (1)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഓരോ വർഷവും ഏപ്രിൽ 1-ാം തീയതി മുതൽ തുടർന്നു വരുന്ന വർഷം മാർച്ച് 31 വരെയുള്ള കാലത്തെ വാർഷിക റിപ്പോർട്ട് കമ്മീഷൻ സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

(ബി) ഓരോ വർഷവും മാർച്ച് 31-ാം തീയതിക്കു മുമ്പായി പെറ്റീഷൻ സെക്ഷനിൽ റിപ്പോർട്ടിന്റെ ഒരു നക്കൽ തയ്യാറാക്കേണ്ടതും അംഗീകാരത്തിനുവേണ്ടി കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. റിപ്പോർട്ടിന്റെ അസ്സൽ കമ്മീഷന്റെ അദ്ധ്യക്ഷനും അംഗങ്ങളും ഒപ്പ് വെക്കേണ്ടതും വേണ്ടവിധം സൂക്ഷിക്കേണ്ടതും റിപ്പോർട്ടിന്റെ മൂന്ന് പകർപ്പുകൾ യഥാവിധി പ്രമാണീകരിച്ച് ഓരോ വർഷവും ഏപ്രിൽ അവസാനത്തോടെ സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

55. <u>പ്രത്യേക റിപ്പോർട്ട്</u> - ആക്റ്റിലെ 28(1)-ാം വകുപ്പിലെ നിബന്ധന അനുസരിച്ച് ആവശ്യമെന്ന് കരുതുന്ന പ്രത്യേക സംഗതികളിന്മേലുള്ള പ്രത്യേക റിപ്പോർട്ടുകൾ കമ്മീഷൻ നൽകേണ്ടതാണ്.

56. <u>റിപ്പോർട്ടുകളുടെ അച്ചടി</u> - വാർഷിക റിപ്പോർട്ടിന്റെ അച്ചടി കഴിയുന്നത്ര വേഗത്തിൽ, എന്നാൽ യാതൊരു സംഗതിയിലും റിപ്പോർട്ടിന് അവസാനരൂപം നൽകിയതിനുശേഷം ഒരു മാസത്തിനു ശേഷമല്ലാതെ, നടത്തുന്നതിനുള്ള ഉത്തരവാദിത്തം കമ്മീഷന്റെ ഓഫീസിനായിരിക്കുന്നതാണ്.

57. <u>റദ്ദാക്കൽ</u> - ഈ റഗുലേഷനുകളുടെ ആരംഭത്തിന് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കുലറുകളും നിർദ്ദേശങ്ങളും ഈ റഗുലേഷനുകൾക്ക് വിരുദ്ധമാകുന്നിടത്തോളം ഈ റഗുലേഷനുകളാൽ റദ്ദാക്കപ്പെടുന്നതാണ്.

**അനുബന്ധം I**

**ഫോം നമ്പർ 1**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

**(നിയമ വിഭാഗം)**

**(റഗുലേഷൻ 23 കാണുക)**

എച്ച്.ആർ.എം.പി. നമ്പർ

**<u>പരാതികളുടെയും ഹർജികളുടെയും സംക്ഷിപ്ത വിവരണം</u>**

| | | |
|---|---|---|
| 1. | പരാതിക്കാരന്റെ പേര് | : |
| 2. | ഒരു പൊതുതാല്പര്യ പരാതി ആണോ അല്ലയോ എന്ന് | : |
| 3. | പരാതിക്കു ഹേതുവായ നടപടിയുടെ യോ സംഭവത്തിന്റെയോ തീയതി | : |
| 4. | സംഭവം നടന്ന ജില്ല | : |
| 5. | പരാതി നേരിട്ട് എഴുതിയതോ അഥവാ പകർപ്പ് അടക്കം ചെയ്തതാണോ എന്ന് | : |
| 6. | സ്വമേധയാ എടുത്ത നടപടിയിൽ വിവരത്തിന്റെ ഉറവിടം (വാർത്താ പത്രങ്ങളിൽ നിന്നോ മറ്റു മാധ്യമ ങ്ങളിൽ നിന്നോ) | : |
| 7. | ലംഘനം നടത്തിയതോ അതിന് പ്രേരണ നൽകിയതോ അഥവാ അത് തടയുന്ന കാര്യത്തിൽ ഉപേക്ഷയോ കാട്ടിയ പബ്ലിക് സർവന്റിന്റെ പേരും ഉദ്യോഗപ്പേരും മേൽവിലാസവും | : |

| | | |
|---|---|---|
| 8. | വിവരമോ റിപ്പോർട്ടോ ആവശ്യപ്പെടേണ്ട അധികാരസ്ഥാനത്തിന്റെ പേരും ഉദ്യോഗപ്പേരും മേൽവിലാസവും | : i.<br>ii. |
| 9. | പരാതിയുടെയോ സ്വമേധയാ ഉള്ള നടപടിയുടെയോ ചുരുക്കം (ഇവിടെ പരാതിയിലോ സ്വമേധയാ ഉള്ള നടപടിയിലോ പരാമർശിക്കപ്പെടുന്ന സംഗതികളുടെ ചുരുക്കം വിവരം നൽകുക, | : |
| 10. | ഇതേ വിഷയമോ സംഭവമോ സംബന്ധിച്ച് ഏതെങ്കിലും പരാതി നിലവിലോ തീർപ്പു കല്പിക്കപ്പെട്ടതോ ആയ നടപടിയോ ഉണ്ടോ എന്ന് (എന്തെങ്കിലും ഉണ്ടെങ്കിൽ കേസ് നമ്പറും മറ്റ് ബാധകമായ വിവരങ്ങളും അപ്രകാരമുള്ള കേസിന്റെ റിക്കാർഡും ചേർക്കുക) | : |
| 11. | ആവശ്യപ്പെട്ടിട്ടുള്ള നിവൃത്തി | : |
| 12. | പരാതി,- | : |
| | (i) വായിക്കാൻ കഴിയാത്തതാണോ | : |
| | (ii) ഊമഹർജിയോ കപട നാമത്തിലു ള്ളതോ | : |
| | (iii) ആക്റ്റിലെ 36 (1)-ഉം 36(2) സെക്ഷനുകൾ പ്രകാരം തടയപ്പെ ട്ടിട്ടുള്ളതാണോ | : |
| | (iv) ഒരു പബ്ലിക് സർവന്റിന് എതിരെ അല്ല | : |

(v) ദേശീയ കമ്മീഷന്റെയോ സംസ്ഥാന കമ്മീഷന്റെയോ ഒരു ജുഡീഷ്യൽ തീർപ്പിന്റെയോ തീരുമാനത്തിന്റെയോ പരിധിയിൽ പൂർണ്ണമായും വന്നു കഴിഞ്ഞിട്ടുള്ള ഒരു സംഗതി സംബന്ധിച്ചതാണോ :

(vi) മറ്റേതെങ്കിലും അധികാരസ്ഥാനത്തിന് അഡ്രസ്സ് ചെയ്യപ്പെട്ടിട്ടുള്ള ഒരു പരാതിയുടെ പകർപ്പ് ആണോ, :

എന്ന്

അസിസ്റ്റന്റ്
(പെറ്റീഷൻ സെക്ഷൻ)

**ഫോറം നമ്പർ 2**

**(റഗുലേഷൻ 27 (ബി) കാണുക)**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

കേസ് നമ്പർ .......................................... തരംതിരിക്കൽ

ബന്ധപ്പെട്ട കേസ് ഏതെങ്കിലും ഉണ്ടെങ്കിൽ അതിന്റെ നമ്പർ : സെക്ഷൻ

പരാതിക്കാരന്റെ പേര് : സിംഗിൾ ബഞ്ച് ഡിവിഷൻ ബഞ്ച് ഫുൾബഞ്ച്

ജില്ല :

സൂക്ഷ്മ പരിശാധനാ റിപ്പോർട്ട് :

ഫോറം നമ്പർ 1

തീയതിയും തീർപ്പിന്റെ സ്വഭാവവും :

മറ്റെന്തെങ്കിലും വിവരം :

**ഫോറം നമ്പർ 3**

**(റഗുലേഷൻ 27 (ബി) (1) കാണുക**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

**സൂചിക**

കേസ് നമ്പർ ......................... പരാതിക്കാരന്റെ പേര് :

| ക്രമ നമ്പർ | രേഖകളുടെ വിവരണം | രേഖകളുടെ തീയതി | ലഭിച്ച തീയതി | പേജ് നമ്പറുകൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

**ഫോറം നമ്പർ 4**

**(റഗുലേഷൻ 27 (ബി) (ii) കാണുക)**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

**ഓർഡർ ഷീറ്റ്**

കേസ് നമ്പർ ......................... പരാതിക്കാരന്റെ പേര് :

| എടുത്ത നടപടികളുടെ റിക്കാർഡ് (ഓഫീസിൽനിന്നും പൂരിപ്പിക്കേണ്ടതാണ്) | കമ്മീഷന്റെ ഉത്തരവുകളും നടപടികളും |
|---|---|
| തീയതി | എടുത്ത നടപടികൾ |
| | |

**ഫോറം നമ്പർ 5**

**(റഗുലേഷൻ 34 (ബി), കാണുക)**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

കേസ് നമ്പർ .................................

സെക്ഷൻ.........................................

നോട്ടീസ്

സ്വീകർത്താവ്

..........................................................

..........................................................

(നോട്ടീസ് അയച്ചുകൊടുക്കേണ്ട അധികാരസ്ഥാനത്തിന്റെ പേര്, ഉദ്യോഗപേര്, പൂർണ്ണമായ മേൽവിലാസം)

.......................... (പരാതിക്കാരന്റെ പേരും മേൽവിലാസവും)ൽ നിന്നും ലഭിച്ച പരാതി കമ്മീഷൻ മുമ്പാകെ ............... തീയതി സമർപ്പിച്ചിട്ടുള്ളതിനാലും;

പരാതി പരിശോധിച്ചതിനുശേഷം കമ്മീഷൻ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും

..............................................................

..............................................................

..............................................................

(ഇവിടെ ഉത്തരവോ നിർദ്ദേശമോ
ശരി പകർപ്പ് ചേർക്കുക)

**അഥവാ**

.................. പരിഗണിച്ചുകൊണ്ട് കമ്മീഷൻ സ്വമേധയാ നടപടിയെടുത്തിട്ടുള്ളതിനാലും താഴെപ്പറയുന്ന ഉത്തരവ് .....................ൽ പുറപ്പെടുവിച്ചിട്ടുള്ളതിനാലും

............................................ (ഇവിടെ സ്വമേധയാ നടപടിക്കെടുത്ത വിഷയം സംബന്ധിച്ച ചുരുക്ക വിവരം നൽകുക)

..............................................................

..............................................................

..............................................................

(ഇവിടെ ഉത്തരവിന്റെയും നിർദ്ദേശത്തിന്റെയും ശരി പകർപ്പ് ചേർക്കുക)

ഇപ്പോൾ, അതിനാൽ, മുകളിൽ പറഞ്ഞ സംഗതി കമ്മീഷൻ മുമ്പാകെ കൂടുതൽ പരിഗണനക്കായി ...................................................... (ലിസ്റ്റ് ചെയ്യപ്പെടുന്ന അടുത്ത തീയതി) ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ദിവസം രാവിലെ 10.30 മണിക്കോ അഥവാ സൗകര്യപ്രദമായ മറ്റേതെങ്കിലും തുടർന്നുള്ള ദിവസമോ മുകളിൽ കാണിച്ചിട്ടുള്ള മേൽവിലാസത്തിൽ വച്ച് എടുക്കുന്നതാണെന്നും പ്രസ്തുത തീയതിക്കു മുമ്പായി ആവശ്യമായ വിവരങ്ങളോ റിപ്പോർട്ടോ താങ്കൾ സമർപ്പിക്കേണ്ടതാണെന്നും ധരിച്ചുകൊള്ളേണ്ടതാകുന്നു.

ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കമ്മീഷൻ അതിന് യുക്തമാണെന്ന് കരുതുന്ന നടപടി തുടർന്ന് നടത്തുന്നതാണെന്നും ധരിച്ചുകൊള്ളേണ്ടതാണ്.

എന്റെ കൈയ്യൊപ്പോടും കമ്മീഷന്റെ മുദ്രയോടും കൂടി........................ (വർഷവും മാസവും) ..................................... തീയതി നൽകപ്പെട്ടു.

ഉത്തരവിൻ പ്രകാരം,

(ഒപ്പ്) രജിസ്ട്രാർ

ഉള്ളടക്കം :പരാതിയുടെ പകർപ്പ്

കുറിപ്പ് : വിവരങ്ങളും റിപ്പോർട്ടും അത് നൽകാൻ ആവശ്യപ്പെട്ടിട്ടുള്ള അധികാരസ്ഥാനം മാത്രം നൽകേണ്ടതാണ്

**ഫോറം നമ്പർ 6**

**(റഗുലേഷൻ 36 കാണുക)**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

**ജില്ല തിരിച്ചുള്ള വിവരങ്ങളുടെ രജിസ്റ്റർ**

1. കേസ് നമ്പർ
2. പരാതിക്കാരന്റെ പേരും മേൽവിലാസവും
3. ഇരയായ ആളിന്റെ പേര്
4. സംഭവം നടന്ന തീയതി
5. സംഭവം നടന്ന ജില്ല
6. പരാതിയ്ക്ക് ആധാരമായ ലംഘനത്തിന്റെ സ്വഭാവം
7. മനുഷ്യാവകാശ ലംഘനത്തിന്റെ തരംതിരിക്കൽ കോഡ് നമ്പർ ഉൾപ്പെടെ
8. പ്രാരംഭത്തിൽ തന്നെ തീർപ്പ് കല്പിച്ചോ
9. ഏത് അധികാരസ്ഥാനത്തുനിന്നാണ് റിപ്പോർട്ട് ആവശ്യപ്പെട്ടത്
10. അനുവർത്തനം ആവശ്യപ്പെടാതെ

11. അനുവർത്തനം ആവശ്യപ്പെട്ടതിനു ശേഷം

12. നിർദ്ദേശങ്ങളുടെ/ശുപാർശകളുടെ സ്വഭാവം

13. അനുവർത്തനത്തിന്റെ തീയതി

14. തീർപ്പുകൽപ്പിച്ച തീയതി

15. അഭിപ്രായം

**ഫോറം നമ്പർ 7**

**(റഗുലേഷൻ 38 (ബി) കാണുക)**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീൻ (നിയമ വിഭാഗം)**

കേസ് നമ്പർ............................

**സമൻസ്***

..................................... വിഷയം സംബന്ധിച്ച്

................................................ (പരാതിക്കാരന്റെ പേര്) ഫയൽ ചെയ്ത പരാതി

**അഥവാ**

............................................... (നടപടിക്കു കാരണമായ വിഷയം ഇവിടെ നൽകുക) സംബന്ധിച്ച് കമ്മീഷൻ സ്വയം എടുത്ത നടപടി

.............................................................................................

.............................................................................................

(സമൻസ് ചെയ്യപ്പെട്ട ആളുടെ പേരും ഉദ്യോഗപേരും മേൽവിലാസവും)

മുകളിൽ പറഞ്ഞ വിഷയം സംബന്ധിച്ച് നടപടികൾ ആരംഭിക്കുകയും താങ്കൾക്ക് സമൻസ് അയക്കുവാൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, മുകളിൽ പറഞ്ഞ ആവശ്യത്തിനുവേണ്ടി താങ്കൾ നേരിട്ട് കമ്മീഷൻ മുമ്പാകെ................ (ദിവസവും തീയതിയും) രാവിലെ 10.30 മണിക്കോ അഥവാ അതിനുശേഷമോ കമ്മീഷന് സൗകര്യപ്രദമായ സമയം ഹാജരാകണമെന്ന് ഇതിനാൽ സമൻ ചെയ്തു കൊള്ളുന്നു.

നിയമാനുസൃത ന്യായീകരണം കൂടാതെ താങ്കൾ ഈ ഉത്തരവ് അനുസരിക്കാതിരിക്കുകയാണെങ്കിൽ

(i) താങ്കളുടെ അഭാവത്തിൽ നടപടികളിലെ അന്തിമ തീരുമാനം കമ്മീഷൻ എടുക്കുകയോ; അഥവാ

(ii) 1908-ലെ സിവിൽ നിയമ സംഹിതയിലെ 16-ാം ഓർഡറിലെ ചട്ടം 10ലും ചട്ടം 12ലും ഹാജരാകാത്തതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന ഭവിഷ്യത്തുകൾക്ക് താങ്കളെ വിധേയനാക്കുകയോ ചെയ്യുന്നതാണ്.

...........................ആണ്ട്........................മാസം........................തീയതിയായ ഇന്നേ ദിവസം എന്റെ ഒപ്പോടും കമ്മീഷന്റെ മുദ്രയോടുംകൂടി പുറപ്പെടുവിക്കുന്നു.

(ഉത്തരവിൻ പ്രകാരം)
രജിസ്ട്രാർ

* താങ്കളെ സമൻ ചെയ്തിട്ടുള്ളത് തെളിവ് നൽകാനല്ലാതെ ഈ സമൻസിൽ വിവരിച്ചിട്ടുള്ള രേഖകളും പ്രമാണങ്ങളും ഹാജരാക്കാൻ വേണ്ടി മാത്രമാണെങ്കിൽ സമൻസിൽ നിശ്ചയിച്ചിട്ടുള്ള ദിവസത്തിനും സമയത്തിനും അപ്രകാരമുള്ള രേഖകളും പ്രമാണങ്ങളും കമ്മീഷന് മുമ്പാകെ ഹാജരാക്കുകയാണെങ്കിൽ താങ്കൾ സമൻസ് അനുസരിച്ചതായി കണക്കാക്കുന്നതാണ്.

ഓഫീസിനുള്ള കുറിപ്പ്:

1. സമൻസ് തയ്യാറാക്കുമ്പോൾ ഈ ഫാറത്തിലെ കേസിന് ബാധകമായ ഭാഗം മാത്രം ഓഫീസ് ഉപയോഗിക്കേണ്ടതാണ്.

2. വീഴ്ച ഖണ്ഡം (i) സമൻസിൽ (എ) (ഡി) (ഇ) ആയി കാണിച്ചിട്ടുള്ളവയിൽ കീഴിൽ വരുന്ന കേസുകൾക്ക് ബാധകമായിരിക്കും. വീഴ്ച ഖണ്ഡം (ii) (ബി) (സി) എന്ന് കാണിച്ചിട്ടുള്ളവയിൽ കീഴിൽ വരുന്ന കേസുകൾക്ക് ബാധകമായിരിക്കും.

(എ) താങ്കളെ നേരിട്ട് കേൾക്കുന്നതിന് ഒരു അവസരം നൽകുന്നതിനും അഥവാ താങ്കളുടെ പരാതിക്ക് സഹായകമായി തെളിവ് കൊണ്ടുവരുന്നതിന്;

**അഥവാ**

(ബി) താഴെ പറയുന്ന രേഖകൾ ഹാജരാക്കിക്കുന്നതിന്

i.

ii.

iii.

(ഇവിടെ സമൻസ് ചെയ്യപ്പെടേണ്ട രേഖകളുടെയും പ്രമാണങ്ങളുടെയും പൂർണ്ണ വിവരങ്ങൾ നൽകുക)

**അഥവാ**

(സി) മേൽ സംഗതിയിൽ താങ്കളെ ഒരു സാക്ഷിയായി വിസ്തരിക്കുന്നതിന്

**അഥവാ**

(ഡി) മുകളിൽ പറഞ്ഞ നടപടിക്രമങ്ങളിൽ കമ്മീഷൻ പുറപ്പെടുവിക്കാവുന്ന തീർപ്പ് താങ്കളുടെ സൽപ്പേരിനെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ടെന്ന് കമ്മീഷന് അഭിപ്രായമുള്ളതിനാൽ താങ്കളെ നേരിൽ കേൾക്കുന്നതിന് ഒരവസരം നൽകുന്നതിന്

**അഥവാ**

(ഇ) മുകളിൽ പറഞ്ഞ നടപടിക്രമങ്ങളിലെ വിഷയം സംബന്ധിച്ച താങ്കളുടെ പെരുമാറ്റം അന്വേഷണ വിചാരണ നേരിടേണ്ടി വരുമെന്നതിനാൽ സംഗതി സംബന്ധിച്ച് നേരിൽ കേൾക്കുന്നതിന് താങ്കൾക്ക് ഒരു അവസരം നൽകുന്നതിന്.

**ഫോറം നമ്പർ 8**

**(റഗുലേഷൻ 42 (എ) കാണുക)**

**സാക്ഷികളുടെ മൊഴി**

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം**

മുമ്പാകെ

ആസ്ഥാനത്തെ സിറ്റിംഗ്/.....................ലെ ക്യാമ്പ് സിറ്റിംഗ്

കേസ് നമ്പർ...........................................

പരാതിക്കാരന്/എതിർകക്ഷിക്ക്/കമ്മീഷന് വേണ്ടി സാക്ഷിയുടെ മൊഴി

പേര് :

പിതാവിന്റെ പേര് :

വില്ലേജ് :

താലൂക്ക് :

തൊഴിൽ :

മതം :

വയസ്സ് :

..............................വർഷം..........മാസം...................................തീയതിയായ ഇന്നേ ദിവസം സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

**ഫോറം നമ്പർ 9**

**(റഗുലേഷൻ 50 കാണുക)**

| ക്രമ നമ്പർ | തീർപ്പിന്റെ നമ്പർ, തീയതിയും സ്വഭാവവും അഥവാ ലഭിച്ച മറ്റ് പ്രമാണം | ലഭിച്ച തീയതി | സെക്ഷൻ ഓഫീസറുടെ ഒപ്പ് | കുറിപ്പുകൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

**അനുബന്ധം II**

**(റഗുലേഷൻ 26 കാണുക)**

പരാതിയിലേക്ക്/സ്വമേധയാ ഉള്ള നടപടിയിലേക്ക് നയിക്കാവുന്ന സംഭവങ്ങളുടെ വിഷയം തിരിച്ചുള്ള തരംതിരിവ് കാണിച്ചുകൊണ്ടുള്ള പട്ടിക

| കോഡ് നമ്പർ | മുഖ്യശീർകം | ഉപകോഡ്നമ്പർ | ഉപശീർഷകങ്ങൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 100 | കുട്ടികൾ | 100.01 | കുട്ടികളുടെ തൊഴിൽ |
| | | 100.02 | ശൈശവ വിവാഹം |
| | | 100.03 | ശൈശവ വേശ്യാവൃത്തി |
| | | 100.04 | കുട്ടികളെ ചൂഷണം ചെയ്യൽ |
| | | 100.05 | കുട്ടികളെ വേശ്യാവൃത്തിക്ക് വിനിയോഗിക്കൽ |
| 200 | ആരോഗ്യം | 200.01 | ബുദ്ധിമാന്ദ്യം ബാധിച്ച ആളുകളെ ചൂഷണം ചെയ്യൽ |
| | | 200.02 | പൊതുജനാരോഗ്യരംഗത്തെ വിപത്തുകൾ |
| | | 200.03 | വൈദ്യവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ദുഷിച്ച പ്രവർത്തനം |
| | | 200.04 | ആശുപത്രികളിലെ ശുചീകരണ സ്ഥിതികൾ |

| | | | |
|---|---|---|---|
| | | 200.05 | ആരോഗ്യരക്ഷ |
| 300 | ജയിൽ | 300.01 | കസ്റ്റഡി മരണം |
| | | 300.02 | കസ്റ്റഡി ബലാൽസംഗം |
| | | 300.03 | ശൈശവ തടവുകാരുടെ ചൂഷണം |
| | | 300.04 | നിയമ സഹായത്തിൽ നിന്നും ഒഴിവാക്കൽ |
| | | 300.05 | തടവുകാരെ പീഡിപ്പിക്കൽ |
| | | 300.06 | ജയിലിലെ അസമത്വങ്ങൾ |
| | | 300.07 | ജയിലിലെ ക്രമക്കേടുകൾ |
| | | 300.08 | തടവുകാരുടെ നിയമവിരുദ്ധമായ ഏകാന്തത്തടവ് |
| 400 | നീതിന്യായമണ്ഡലം | 400.01 | പക്ഷപാതപരമായ നീതിന്യായ മണ്ഡലം. ഇരട്ട ശിക്ഷ |
| 500 | മാഫിയകളും/ അധോലോകവും | 500.01 | കുപ്രസിദ്ധ സംഘങ്ങളുടെയും മാഫിയകളുടെയും ഉപദ്രവം |
| | | 500.02 | തദ്ദേശീയ തെമ്മാടികളുടെ ഉപദ്രവം |
| | | 500.03 | സാമൂഹ്യ വിരുദ്ധ ശക്തികളുടെ ശല്യം |
| 600 | തൊഴിൽ | 600.01 | അടിമത്തതൊഴിൽ |
| | | 600.02 | തൊഴിലാളി ചൂഷണം |
| | | 600.03 | നിർബന്ധിത തൊഴിൽ |
| | | 600.04 | അപകട സാധ്യതയുള്ള ജോലി |
| | | 600.05 | അടിമത്തം |
| | | 600.06 | തൊഴിലാളി മനുഷ്യരുടെ കച്ചവടം |
| 700 | ന്യൂനപക്ഷങ്ങളും/ പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗങ്ങളും | 700.01 | ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനം |
| | | 700.02 | പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള വിവേചനം |
| 800 | പോലീസ് | 800.01 | അധികാരത്തിന്റെ സ്വേച്ഛാപരമായ ഉപയോഗം |
| | | 800.02 | ആളപഹരണം/ആൾമോഷണം |
| | | 800.03 | ആളപഹരണം/ബലാൽസംഗം |
| | | 800.04 | അധികാരദുർവിനിയോഗം |

| | | | |
|---|---|---|---|
| | | 800.05 | കൊലപാതകശ്രമം |
| | | 800.06 | പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള ക്രൂരത |
| | | 800.07 | കസ്റ്റഡി മരണം |
| | | 800.08 | കസ്റ്റഡിയിലെ ബലാൽസംഗം |
| | | 800.09 | കസ്റ്റഡി മർദ്ദനം |
| | | 800.10 | കസ്റ്റഡിയിലെ അക്രമം |
| | | 800.11 | പോലീസ് വെടിവെപ്പിലെ മരണം |
| | | 800.12 | പോലീസുമായുള്ളഏറ്റുമുട്ടലിലെ മരണം |
| | | 800.13 | വ്യാജ ഏറ്റുമുട്ടലുകൾ |
| | | 800.14 | നിയമപരമായ നടപടികൾ എടുക്കുന്നതിലെ വീഴ്ച |
| | | 800.15 | കള്ളക്കേസിൽ കുടുക്കുക |
| | | 800.16 | നിയമവിരുദ്ധമായ അറസ്റ്റ് |
| | | 800.17 | നിയമവിരുദ്ധമായി തടഞ്ഞുവയ്ക്കൽ |
| | | 800.18 | വിവേചനരഹിതമായ അറസ്റ്റ് |
| | | 800.19 | പോലീസിനാൽ പ്രേരകമായിട്ടുള്ള കൃത്യങ്ങൾ |
| | | 800.20 | അതിദീർഘമായ അന്വേഷണം |
| | | 800.21 | പീഡനം |
| 900 | അശുദ്ധമാക്കലും/ പരിസ്ഥിതിവിജ്ഞാനം/ പരിസ്ഥിതി | 900.01 | പാരിസ്ഥിതിക അസ്വാസ്ഥ്യം |
| | | 900.02 | പരിതഃസ്ഥിതിയുടെ അശുദ്ധമാക്കൽ |
| | | 900.03 | ശാസ്ത്രീയവും സാങ്കേതികവിദ്യാപരവുമായ പുരോഗതികളുടെ ദുരുപയോഗം |
| | | 900.04 | ചുറ്റുപാടുകളെ ബാധിക്കുന്ന അശുദ്ധമാക്കൽ |
| 1000 | മതം/സമുദായം/ വംശം | 1000.01 | സാമുദായിക അക്രമം |
| | | 1000.02 | നരവംശ സംഘട്ടനം |
| | | 1000.03 | സംഘം തിരിഞ്ഞുള്ള ഏറ്റുമുട്ടലുകൾ |
| | | 1000.04 | വംശീയമായ വിവേചനം |
| | | 1000.05 | മതപരമായ വിവേചനം |
| | | 1000.06 | മതപരമായ അസഹിഷ്ണുത |

| | | | |
|---|---|---|---|
| 1100 | സർവീസ് രംഗത്തെ വിഷയങ്ങൾ | 1100.01 | തൊഴിലവസരങ്ങളിലെ അസമാനത |
| | | 1100.02 | പെൻഷനും നഷ്ടപരിഹാരവും നൽകാതിരിക്കൽ |
| | | 1100.03 | മറ്റ് സർവ്വീസ് തർക്കങ്ങൾ |
| 1200 | വനിതകൾ | 1200.01 | ആളപഹരണം/ബലാൽസംഗം കൊലപാതകം |
| | | 1200.02 | വനിതകൾക്ക് നേരെയുള്ള വിവേചനം |
| | | 1200.03 | സ്ത്രീധനമരണവും അഥവാ അതിലേക്കുള്ള ശ്രമവും |
| | | 1200.04 | സ്ത്രീധനം ആവശ്യപ്പെടൽ |
| | | 1200.05 | വനിതകളെ ചൂഷണം ചെയ്യൽ |
| | | 1200.06 | സംഘം ചേർന്നുള്ള ബലാൽസംഗം |
| | | 1200.07 | അസഭ്യമായി വനിതകളെ പ്രദർശിപ്പിക്കൽ |
| | | 1200.08 | വനിതകളെ അവഹേളിക്കൽ |
| | | 1200.09 | വനിതകളെ അസാൻമാർഗ്ഗിക വ്യാപാരത്തിന് വിനിയോഗിക്കുക |
| | | 1200.10 | ബലാൽസംഗം |
| | | 1200.11 | ലൈംഗിക പീഡനം |
| 1300 | പലവക | 1300.01 | തിരോധാനം |
| | | 1300.02 | വസ്തു തർക്കങ്ങൾ |
| | | 1300.03 | നിരാഹാരസമരം |
| | | 1300.04 | കുടുംബ തർക്കങ്ങൾ |
| | | 1300.05 | മുകളിൽപ്പറഞ്ഞ ഇനങ്ങളിൽ ഉൾപ്പെടാത്ത സംഗതികൾ |

23-10-

7518 | 14 - (2013)

സാറാബീവി

[illegible]

9605 328455 - [illegible]

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

Printed at C-apt, Ph: 2365678